292
NOVEMBER 2021

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



# കർഷകവിജയം

KERALA PRIVATE
COLLEGE TEACHER
NOV 2021 292

EDITORIAL BOARD

Editor
**Dr. A.S. Sumesh**

Managing Editor
**Dr. K.R. Kavitha**

Assistant Editors
**Dr. Shyla Hameed**
**Dr. Vidhu Narayan**

Special Editors
**Lijo Sebastian**
**Dr. Milon Franz**

**Members**
Jogy Alex
Dr. C. Padmanabhan
Dr. C.L. Joshy
Dr. Nisha V
Pramod Vellachal
Dr. Sony John
Dr. M.R. Rajesh
Harinarayanan S.
Dr. Santhosh Kumar Vallikkat
V.H. Nishad
Dr. Sunil Kumar NK
Lijo Sebastian
Dr. Sindhu K.V.
Milon Franz
Dr. Jibin Baby
Dr. Preethakrishna
Dr. Devi K Varma
Kishore Ram

Design : Jwala Creatives

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.


Edited, Printed and Published by **Dr. C.Padmanabhan**, AKPCTA State Committee Office, Vanchiyoor, TVPM-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**




- *എഡിറ്റോറിയൽ* 3
- *കർഷകരും അധ്യാപകരും*
**ഡോ. സി. പത്മനാഭൻ** 4
- *മാർക്സിനെ പിഴപ്പിച്ച ഏംഗൽസ്...!*
**ലിജോ സെബാസ്റ്റ്യൻ** 7
- *നോട്ട് നിരോധനത്തിന് ശേഷമുള്ള അഞ്ചുവർഷങ്ങൾ*
**അനിൽ വർമ്മ ആർ.** 14
- *Bringing the Empire Alive: The Ideological Background of the Scouts*
**Dr. Biju RI** 23
- *ജന്തുശാസ്ത്രം*
**ജ്യോതി ശ്രീധർ** 31
- *റഷ്യയിൽ നിന്ന് നാല് പ്രേമകവിതകൾ*
**ഡോ. ജ്യോതിമോൾ പി.** 32
- *ക്വാഡും ഓക്സും ഇന്തോ പസഫിക്കിലെ വൻശക്തി രാഷ്ട്രീയവും*
**വിവേക് ജേക്കബ് എബ്രഹാം** 35
- *രണ്ട് കവിതകൾ*
**ഡോ. സുജാ ടി.വി.** 40
- *മോസ്കോയിലേക്ക് വരൂ സഹോദരാ...*
**ജോയിസുകുട്ടി ജോസഫ്** 41
- *നിത്യജീവിതത്തിലെ ഗണിതസാന്നിദ്ധ്യം*
**ഡോ. ഇന്ദുലാൽ ജി.** 48
- *റീഡിംഗ് മോഡും ഡാർക്ക് മോഡും*
**ഡോ. കെ. സാജൻ** 52
- *വിവിധ സർക്കാർ ഉത്തരവുകൾ* 54

# എഡിറ്റോറിയൽ



ഡൽഹിയുടെ രാജവീഥികളെ പ്രകമ്പനം കൊള്ളിച്ച് കർഷകർ നടത്തിയ സമരപോരാട്ടങ്ങൾ സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും നീണ്ട കാലത്തെ ജനകീയ പോരാട്ടമായിരുന്നു. വിജയം കണ്ട പോരാട്ടം. രണ്ടാം മോഡി സർക്കാർ വിദ്യാഭ്യാസം മുതൽ പൊതുമുതൽ വരെ സ്വകാര്യവൽക്കരിച്ചുകൊണ്ട് നടത്തിപ്പോന്ന പരിഷ്ക്കാരങ്ങൾക്ക് പിന്നാലെ ഇന്ത്യയുടെ അടിസ്ഥാന മാനവ വിഭവ ശേഷിയുടെ ഏറ്റവും വലിയ നിക്ഷേപമെന്നു വിശേഷിപ്പിക്കാൻ സാധിക്കുന്ന കാർഷിക മേഖലയെ അപ്പാടെ സ്വകാര്യ മൂലധന ശക്തികൾക്ക് തീറെഴുതി കൊടുക്കുന്ന കർഷക ബില്ലുകൾ നടപ്പിലാക്കാൻ ആണ് ശ്രമിച്ചത്. കർഷകരുടെ ആശങ്കകളെ പരിഗണിക്കാതെ വേണ്ടത്ര കൂടിയാലോചനകൾ ഇല്ലാതെ നോട്ട് നിരോധനത്തിന്റെ മാതൃകയിൽ തിരക്കിട്ട് നടപ്പിലാക്കിയ പരിഷ്ക്കാരങ്ങൾക്ക് പക്ഷെ കർഷകർ കൃത്യമായ മറുപടി നൽകുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. സമരം ചെയ്യുന്ന കർഷകരെ തീവ്രവാദികൾ എന്ന് വരെ മുദ്രകുത്തി അവരെ രാജ്യദ്രോഹികളുടെ പട്ടികയിൽ പെടുത്തുന്ന സ്ഥിരം പരിപാടി വരെ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കേന്ദ്ര ഭരണകൂടം ശ്രമിച്ചു. ഒടുവിൽ കർഷക മുന്നേറ്റത്തിന് മുന്നിൽ കാലിടറി വീഴുന്ന ഭരണകൂടത്തെ നാം കണ്ടു. പാർലമെന്റിൽ തന്നെ ബില്ലുകൾ പിൻവലിക്കണം എന്നത് ഉൾപ്പെടെ കർഷകർ മുന്നോട്ട് വച്ച എല്ലാ ആവശ്യങ്ങളും അംഗീകരിച്ചുകൊണ്ട് അവരോട് മാപ്പുപറയുന്ന നരേന്ദ്ര മോഡി സർക്കാരിന്റെ നിസ്സഹായതയും നമ്മൾ കണ്ടു. ജനകീയ മുന്നേറ്റങ്ങൾക്ക് എന്ത് സാധിക്കും എന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കർഷക സമരം. അവസാനിക്കാത്ത സമര പോരാട്ടങ്ങളുടെ തുടക്കമാണിത് എന്ന് കർഷക സമരം നമ്മോട് പറയുന്നു. ജയ് ജവാൻ എന്ന് മാത്രം കേൾക്കുന്ന ഒരു ഭരണ കൂടം അത് രാഷ്ട്രീയമായി മാത്രം ഉപയോഗിക്കുന്ന ഒരു ഭരണ കൂടം ആദ്യമായി ജയ് കിസാൻ എന്ന് വിളിക്കാൻ നിർബന്ധിതരായതിന്റെ ഓർമ്മ ദിവസമായി കൂടി ചരിത്രം ഈ ദിവസത്തെ ഓർക്കും എന്ന് തീർച്ച. കർഷക സമരത്തിൽ ജീവൻ നഷ്ടപ്പെട്ട സമരപോരാളികൾക്ക് ആദരാഞ്ജലികൾ.

**എഡിറ്റർ**
collegeteacheredt@gmail.com
9744168522

ഡോ. സി. പത്മനാഭൻ



# കർഷകരും അധ്യാപകരും

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ദിശ തന്നെ മാറ്റിയ ചരിത്രസംഭവമാണ് ചമ്പാരനിലെ കർഷകസമരം. ഈ സമരവുമായി ബന്ധപ്പെട്ടാണ് ഗാന്ധിജി ബ്രിട്ടീഷ്ഇന്ത്യയിൽ തന്റെ ആദ്യത്തെ സത്യാഗ്രഹ സമരം ആരംഭിച്ചത്. അതുവരെ ഒരു ചെറുന്യനപക്ഷത്തെ മാത്രം അലട്ടിയിരുന്ന സ്വാതന്ത്ര്യം എന്ന മോഹം ജനകോടികളുടെ മഹാസ്വപ്നമാക്കി മാറ്റുന്നതിൽ 1917 ലെ  ചമ്പാരൻ കർഷകസമരം നിർണായക പങ്ക് വഹിച്ചു എന്ന് ചുരുക്കം. അക്കാലത്തെ ജനതയുടെ മുഖ്യജീവിതോപാധി കൃഷി ആയിരുന്നതിനാൽ കർഷകസമരങ്ങൾക്ക് ജനങ്ങളെ ആകെ സ്വാധീനിക്കാൻ കഴിയുന്ന വൈകാരിക ഊർജം ഉണ്ടായിരുന്നു എന്നതും  ഇതോടൊപ്പം ചേർത്ത് കാണേണ്ട വസ്തുതയാണ്.

എന്നാൽ പങ്കാളിത്തം കൊണ്ടും ദൈർഘ്യം കൊണ്ടും ചമ്പാരൻ സമരത്തെ വെല്ലുന്ന ഒരു സമരമാണ് 2020 സെപ്റ്റംബർമാസം ഇന്ത്യൻ പാർലമെന്റ് പാസാക്കിയ കാർഷിക നിയമങ്ങൾക്ക് എതിരെ ഡൽഹി കേന്ദ്രീകരിച്ച് ഇന്ത്യയിലെ വിവിധ കർഷക സംഘടനകൾനടത്തിയത്. ഒരു പക്ഷേ ഇന്ത്യ ഇന്നേവരെ കണ്ടതിൽ ഏറ്റവും സാന്ദ്രവും സമഗ്രവുമായ സമരം. സമ്പൂർണ വിജയത്തിൽ കലാശിച്ച ഈ സമരത്തിന്റെ സവിശേഷതകൾഏറെയാണ്. മൂന്ന് പതിറ്റാണ്ടായി ഇന്ത്യൻ ഭരണവർഗം പിന്തുടർന്നുവരുന്ന നവലിബറൽ നയങ്ങൾക്കെതിരേ എണ്ണമറ്റസമരങ്ങൾഇന്ത്യയിൽ നടന്നു. അവയിൽ ചില പ്രത്യേക മേഖലകളിൽ കേന്ദ്രീകരിച്ച് നടന്ന ശക്തമായ സമരങ്ങളും പൊതുപണിമുടക്കുകളും വരെ ഉൾപ്പെടും. പക്ഷേ അത്തരം പ്രതിഷേധശബ്ദങ്ങൾക്ക് ചെവി കൊടുക്കാൻ പോലും തയ്യാറാകാതെ മുഖം തിരിഞ്ഞ് നില്ക്കുകയും കൂടുതൽ അക്രമോൽസുകമായ നവലിബറൽ നയങ്ങളുമായി മുന്നോട്ട് പോവുകയും ചെയ്യുന്ന സമീപനമാണ് കോൺഗ്രസും ബിജെപിയും വിവിധ കാലയളവുകളിൽ നയിച്ച കേന്ദ്ര സർക്കാരുകൾപൊതുവിൽ സ്വീകരിച്ചത്. ബിജെപി അടങ്ങുന്ന സംഘപരിവാർശക്തികളാകട്ടെ വർദ്ധിച്ചുവരുന്ന ജനരോഷത്തിൻ തടയിടാനും അതിനെ വഴിതിരിച്ച്

വിടാനും വർഗീയതയെ ഉപയോഗിച്ചുകൊണ്ടുള്ള വിഭജനതന്ത്രങ്ങൾ പ്രയോഗിച്ചുകൊണ്ടിരിക്കുകയാണ്.

ഭരണക്കൂടം നിരന്തരം പ്രയോഗിച്ചുവരുന്ന ഇത്തരം തടയിടൽ നീക്കങ്ങളെയും വർഗീയധ്രുവീകരണ ശ്രമങ്ങളെയും അതിജീവിച്ചുകൊണ്ടാണ് കർഷകസമരം വിജയക്കൊടി പാറിച്ചത്. സമരരംഗത്ത് അണിനിരന്ന കർഷകർസഹിച്ച പീഡനങ്ങൾക്ക് അതിരില്ല. ഭരണക്കൂടത്തിന്റെ കൊടിയ മർദനമുറകൾക്കും മുഖ്യധാരാമാധ്യമങ്ങളുടെ കടുത്ത അവഗണനകൾക്കും അവർഒരേസമയം വിധേയരായി. ഒരു ഘട്ടത്തിൽ ഇങ്ങനെ ഒരു വൻ സമരം ഡൽഹിയിൽ നടക്കുന്നു എന്നത് ഒരു വാർത്തയേ അല്ലാതായി. നവലിബറൽ നയങ്ങൾക്കെതിരെ നടന്ന ഒട്ടേറെ സമരങ്ങളുടെ അതേ രീതിയിൽ കേന്ദ്രഭരണക്കൂടം ഈ സമരത്തെയും അടിച്ചമർത്തും എന്ന തോന്നൽ വ്യാപകമായി. മന്മോഹൻ സിംഗ് പ്രഖ്യാപിച്ചതും മോഡി ഏറ്റെടുത്തതുമായ  രണ്ടാം ഹരിത വിപ്ലവം എന്ന ഓമനപ്പേരിൽ അരങ്ങേറിയ കാർഷികമേഖല

**ഭരണകൂടം നിരന്തരം പ്രയോഗിച്ചുവരുന്ന ഇത്തരം തടയിടൽ നീക്കങ്ങളെയും വർഗീയധ്രുവീകരണ ശ്രമങ്ങളെയും അതിജീവിച്ചുകൊണ്ടാണ് കർഷകസമരം വിജയക്കൊടി പാറിച്ചത്. സമരരംഗത്ത് അണിനിരന്ന കർഷകർസഹിച്ച പീഡനങ്ങൾക്ക് അതിരില്ല. ഭരണകൂടത്തിന്റെ കൊടിയ മർദനമുറകൾക്കും മുഖ്യധാരാ മാധ്യമങ്ങളുടെ  കടുത്ത അവഗണനകൾക്കും അവർഒരേസമയം വിധേയരായി.**

യുടെ സമഗ്ര കോർപ്പറേറ്റ് വല്ക്കരണ ശ്രമങ്ങളെയാണ് ഇന്ത്യൻ കർഷകർ ത്യാഗോജ്വലമായി പ്രതിരോധിച്ചത്. ഒരു വർഷത്തിലേറെ കാലം നീണ്ടു നിന്ന തീക്ഷ്ണസമരദിനങ്ങളുടെയും എഴുന്നൂറോളം പേരുടെ ധീരരക്തസാക്ഷിത്വത്തിന്റെയും പര്യവസാനമായിരുന്നു ഇന്ത്യൻ കർഷകർ നേടിയെടുത്ത ഈ ഐതിഹാസികമായ സമര വിജയം.

2020 സെപ്റ്റംബർ മാസത്തിൽ ആണ് ഈ സമരത്തിന് ആധാരമായ കാർഷിക കരിനിയമങ്ങൾനിലവിൽ വന്നത് എങ്കിൽ അതിനും രണ്ട് മാസം മുന്നേ 2020 ജൂലായിൽ ആണ് മോഡി സർക്കാർ ഇന്ത്യയുടെ മൂന്നാം ദേശീയ വിദ്യാഭ്യാസനയം പ്രഖ്യാപിച്ചത്. കാർഷികനിയമങ്ങൾകാർ ഷികരംഗത്തും കർഷകരുടെ ജീവിതത്തിലും എത്ര കടുത്ത പ്രതിസന്ധിയായിരുന്നുവോ സൃഷ്ടിക്കുക അതിലേറെ തീക്ഷ്ണമായ പ്രശ്നങ്ങൾആണ് വിദ്യാഭ്യാസ രംഗത്തും അദ്ധ്യാപകരുടെയും വിദ്യാർഥികളുടേയും ജീവിതത്തിലും ഈ വിദ്യാഭ്യാസനയം സൃഷ്ടിക്കാന്പോകുന്നത്. എന്നാൽ കർഷകർ നടത്തിയത് പോലുള്ള ഒരു ജീവന്മരണ സമരം വിദ്യാഭ്യാസമേഖലയിൽ നടന്നില്ല എന്നതാണ് യാഥാർത്ഥ്യം. അതിന് തീർച്ചയായും ഒട്ടേറെ കാരണങ്ങൾ ഉണ്ട്. ഉല്പ്പാദനമേഖലയിൽ







നടക്കുന്ന വർഗസ്വഭാവം ഉള്ള സമരങ്ങളുടെ തീക്ഷ്ണത അതേപടി സേവനമേഖലയിൽ പകർ ത്തുവാന്കഴിയണം എന്നില്ല. പക്ഷേ അടുത്ത വമ്പിപണന മേള അരങ്ങേറാന്പോകുന്നത്വിദ്യാഭ്യാസമേഖലയിൽ ആണ് എന്നതാണ് നമ്മെ തുറിച്ചുനോക്കുന്ന ഏറ്റവും ഭീകരമായ യാതാർ ത്ഥ്യം. അതിന് വേണ്ട എല്ലാ ആശയപരവും ഘടനാപരവുമായ ഒരുക്കങ്ങൾ ദേശീയവിദ്യാഭ്യാസനയത്തിൽ പ്രത്യക്ഷവും പരോക്ഷവുമായി നിരത്തിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ ഇല്ലാതാവൽ, ഉള്ളവയുടെ ഘടനാപരമായ പരിഷ്കരണം, തൊഴിൽ മേഖലയിലെ സ്തംഭനാവസ്ഥ, വ്യാപകമായ പിരിച്ചുവിടൽ , സാമൂഹ്യനീതി- അവസരസമത്വം- പ്രാപ്യത എന്നീ കാര്യങ്ങളിൽ ഉണ്ടാവാന്പോകുന്ന വന്തകർച്ചകൾ , കോർപ്പറേറ്റ് കടന്നുകയറ്റം, വരേണ്യവൽക്കരണം, സംവരണനിഷേധം തുടങ്ങിയ മഹാവിപത്തുകൾ നമ്മുടെ മേഖലയിലെ നിത്യസംഭവങ്ങൾ ആവാന്പോവുകയാണ്.

പഠിപ്പിക്കൽ ആണ് നമ്മുടെ ജോലി. എന്നാൽ ഇപ്പോൾ നാം അതിജീവനത്തിന്റെ പാഠങ്ങൾ പഠിക്കേണ്ടത് അന്നം ഉല്പാദിപ്പിക്കുന്ന കർഷകരിൽ നിന്ന് തന്നെയാണ്. ഇന്ത്യയിലെ കർഷകർനടത്തി വിജയിപ്പിച്ച ഐതിഹാസികമായ സമരം ഒരു പാഠമാക്കി മാറ്റുകയും ഇന്ത്യന്വിദ്യാഭ്യാസരംഗത്ത് അത്തരമൊരു ഇതിഹാസം എങ്ങനെ രചിക്കാം എന്ന് കൂട്ടായി ആലോചിച്ചും കൊണ്ട് മാത്രമേ നമുക്ക് ആ സമരഗാഥയോട് പൂർണമായ ഐക്യദാർഢ്യം പ്രകടിപ്പിക്കാന്സാധിക്കുകയുള്ളൂ. അതുവഴി മാത്രമേ വർഗീയതയ്ക്കും നവലിബറൽ നയങ്ങൾക്കും എതിരെയുള്ള പ്രക്ഷോഭങ്ങളുടെ കേന്ദ്രബിന്ദുവായി നമ്മുടെ കാമ്പസുകൾ മാറുകയുള്ളൂ.

**ലിജോ സെബാസ്റ്റ്യൻ**
ബസേലിയോസ് കോളേജ്, കോട്ടയം

# 'മാർക്സിനെ പിഴപ്പിച്ച ഏംഗൽസ്...!'

## ഏറെ പഴികേട്ട കൂട്ടാളിക്ക് ഇരുനൂറ്റൊന്ന് വയസ് തികയുമ്പോൾ

ലോകത്തിലെ ആദ്യ മാർക്സിസ്റ്റ് എന്നവിശേഷിപ്പിക്കപ്പെടുന്ന ഫ്രെഡറിക്ക് ഏംഗൽസ് ജനിച്ചിട്ട് ഈ നവംബറിൽ ഇരുനൂറ്റൊന്ന് വർഷം തികയുകയാണ്. സ്വാഭാവിക ചിന്തകൻ എന്ന നിലക്ക് അയാളുടെ സ്ഥാനം അക്കാദമിക മേഖലയിൽ ഒട്ടുമുക്കാലും അവഗണിക്കപ്പെട്ടിരിക്കുകയാണ് ഇപ്പോൾ. മിക്കവാറും രാഷ്ട്രീയപരമായ കാരണങ്ങളാൽ തന്നെയാണ് രണ്ട് നൂറ്റാണ്ടിന് ശേഷവും ഈ അവഗണന ഏംഗൽസ് നേരിടുന്നത്. ഒന്നര ദശകത്തിന് മേലെയായി ആഗോള മൂലധന വിപണിയെ പിടിച്ചുലക്കുന്ന സാമ്പത്തിക പ്രതിസന്ധി വീണ്ടും മാർക്സിലേക്ക് തിരിയാനും, പുനർവായനകൾ നടത്താനും ചിക്കാഗോ മുതൽ ഹോങ്കോങ് വരെയുള്ള മുതലാളിത്ത ചിന്താസംഭരണികളെ പ്രേരിപ്പിക്കുമ്പോഴും മാർക്സിന്റെ ഈ ഉറ്റ സഖാവ് ഇരുട്ടത്ത് തന്നെ നിന്നു. എംഗൽസിനെ എടുത്ത് വായിക്കാൻ കൊട്ടിഘോഷണങ്ങളോടെ ആരും കാര്യമായി ഉദ്ബോധനം നടത്തിയില്ല. അതേസമയം, പിൽക്കാലത്തുണ്ടായ ഏകപക്ഷീയമായ സകല മാർക്സിയൻ വയനകളുടെയും കുറ്റം എംഗൽസിൽ ചാപ്പയടിക്കാൻ ചിലർക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടി വന്നതുമില്ല. പ്രത്യേകിച്ചും തൊള്ളായിരത്തി അൻപതുകളുടെ അവസാനത്തോടെ ഉയർന്നുവന്ന നവ ഇടതുപക്ഷക്കാർ ക്രൂഷ്ചേവിന്റെ സ്റ്റാലിൻ വിരുദ്ധ പ്രസംഗത്തെ തുടർന്ന് സോവിയറ്റ് സ്വാധീനത്തിൽ നിന്ന് മാർക്സിനെ രക്ഷിച്ചെടുക്കാൻ നടത്തിയ ശ്രമത്തിൽ മുഴുവൻ പഴിയും തലയിലായ ഒരാൾ ഏംഗൽസ് ആയിരുന്നു. മാനവികത നിറഞ്ഞ മാർക്സിയൻ വായനയുടെ സത്ത ഏകപക്ഷീയവും പക്ഷപാതിത്വം നിറഞ്ഞതുമായ എംഗൽസിന്റെ ശാസ്ത്രവായനയിൽ നഷ്ടപ്പെട്ടുവെന്ന് ഇവർ വിലപിച്ചു.

ഹംഗേറിയൻ സൈദ്ധാന്തികൻ യോഹെ ലൂക്കാച്ച് എംഗൽസിന്റെ കൃതിയായ പ്രകൃതിയുടെ വൈരുദ്ധ്യാത്മകതയെപ്പറ്റി നടത്തിയ ചില ആദ്യകാല വിമർശനങ്ങളുടെ ഏകപക്ഷീയമായ വായനയും, കേവല ആശയവാദത്തിനും കേവല ഭൗതികവാദത്തിനും അപ്പുറം പ്രത്യശാസ്ത്ര പ്രയോഗത്തിലേക്ക് പോയ മാർക്സിനെ വരട്ട് ഭൗതികവാദത്തിന്റെ പൊസിറ്റിവിസ്റ്റ് ചക്കിൽ കെട്ടിയത് എംഗൽസാണെന്ന ജോർജ് ലിച്ച്ഹൈമിന്റെയും, മാർക്സിയൻ വിപ്ലവത്തിന്റെ ജൈവിക സത്ത ചോർത്തി, നടക്കുമെന്ന് ഓർത്ത് കാത്തിരിക്കേണ്ട ഒന്നാക്കിയതിനെ ഏംഗൽസ് മാറ്റിയെന്ന അലാസ്ദൈർ മക്ലന്റയറിന്റെയും വിമർശനങ്ങളുടെ പൂർത്തീകരണം എന്നോണം മാർക്സിയൻ തത്വചിന്തയുടെ സൗന്ദര്യത്തെ ഊറ്റിക്കളഞ്ഞ് ഏംഗൽസ് അതിനെ യാന്ത്രികവും ദുരന്തപൂർവകവുമായ ഒന്നാക്കിയെന്നും, അറ്റകൈക്ക് മാർക്സിന് പറ്റിയ അബ



ദ്ധമായിരുന്ന ഏംഗൽസെന്നും വിധിയെഴുതുകയുണ്ടായി. ഏംഗൽസിന്റെ പണത്തെ ജീവിതസന്ധാരണത്തിനായി അത്രമേൽ ആശ്രയിക്കേണ്ടി വന്നതുകൊണ്ട് മാർക്സ് ഏംഗൽസിന് മേലെ ഉണ്ടായിരുന്ന തന്റെ വിമർശനങ്ങൾ ഒക്കെയുമൊഴിവാക്കി മിണ്ടാതിരിക്കുകയായിരുന്നു എന്നുകൂടി പറഞ്ഞവരുണ്ട്.

വിരോധാഭാസം എന്നോണം ഏംഗൽസ് തന്റെ ജീവിതകാലം ഒക്കെയും മാർക്സിന്റെ നിഴലായി നിൽക്കാനാണ് സ്വയമാഗ്രഹിച്ചത്. തന്റേതുകൂടി ബൗദ്ധിക സംഭാവന മാർക്സിന്റെ എഴുത്തുകളിലും പഠനങ്ങളിലും ഉണ്ടായിരുന്നെങ്കിലും, അതിൽ ഒട്ടുമുക്കാലും ഒന്നിച്ചെഴുതിയതായിട്ടും അതിന്റെ മേന്മ തനിക്കും കൂടി അവകാശപ്പെട്ടതാണെന്ന വാദം പോലും അയാളിൽ നിന്നുണ്ടായില്ല. 'മാർക്സ് ഒരു ഉജ്ജ്വല പ്രതിഭയായിരുന്നു, ഞങ്ങളിൽ പലരും ഏറിപ്പോയാൽ വിദഗ്ധർ മാത്രമായിരുന്നു' എന്ന് തന്റെ സ്വതസിദ്ധമായ ശൈലിയിൽ പറഞ്ഞുമാറിനിൽക്കുന്ന ഏംഗൽസിനെയാണ് അധികവും കാണുന്നത്. എന്നിരുന്നാലും ആ ധൈഷണിക പ്രതിഭയുടെ സംഭവനകളും ആ ജീവിതം തന്നെയും ലോകമെമ്പാടുമുള്ള സോഷ്യലിസ്റ്റുകൾക്ക് അനുഭവങ്ങളെയും ചുറ്റുപാടുകളെയും കുറിച്ചറിവ് നിർമിക്കുന്നതിന് ഏറെ നിർണായകമായിരുന്നു. ഇന്നും അത് നിർണായകമായി തുടരുകയും ചെയ്യുന്നു.

## മാർക്സിന്റെ ബൗദ്ധിക പങ്കാളി


ജർമ്മനിയിലെ ബാർമെനിലും ഇംഗ്ലണ്ടിലെ മാഞ്ചസ്റ്ററിലുമായി പത്തോളം മില്ലുകൾക്ക് കൂട്ടുടമയായിരുന്ന ഫ്രെഡറിക്ക് ഏംഗൽസ് സീനിയറിന്റെയും മൗറീഷ്യ വോണ് ഹാറിന്റെയും മകനായി 1820 നവംബർ 28നാണ് ഫ്രെഡറിക്ക് ഏംഗൽസ് ജനിക്കുന്നത്. സ്വന്തം പിതാവിന്റെ മില്ലുകളിൽ ഗുമസ്തനായും മുതലാളിക്കു വേണ്ടി ഒപ്പിടുന്ന സിഗ്നേറ്ററിയായും ജോലിചെയ്തു, പ്രൊട്ടസ്റ്റന്റ് ജീവിത പശ്ചാത്തലത്തിൽ വളർന്ന ഏംഗൽസിന്റെ പിൽക്കാല ഹെഗെലിയൻ വായനയും രാഷ്ട്രീയ സമ്പദ്വ്യവസ്ഥയെപ്പറ്റിയുള്ള എഴുത്തുകളുമാണ് മാർക്സുമായി അദ്ദേഹത്തെ അടുപ്പിക്കുന്നത്. പിൽക്കാലത്ത് തന്റെ ചെലവുകൾ പരമാവധി ചുരുക്കി ശമ്പളത്തിന്റെ നല്ലൊരു പങ്ക് ബൗദ്ധിക കൂട്ടാളിയായ മാർക്സിന്റെ പഠനച്ചിലവുകൾക്കും എന്തിനേറെ മാർക്സിന്റെ സാമാന്യം വലിയ കുടുംബത്തിന്റെ ജീവിതകാലത്തോളം നീണ്ട സാമ്പത്തിക ദുരിതങ്ങളിൽ ഒക്കെയും ഏംഗൽസായിരുന്നു സഹായി.

1843ൽ റെനേഷ് സൈഡങ് എന്ന തന്റെ പത്രം പ്രഷ്യയിൽ നിരോധിക്കപ്പെട്ടതിനെ തുടർന്ന് പാരീസിലേക്ക് പ്രവർത്തനം മാറ്റിയ മാർക്സ് തൊട്ടടുത്ത വർഷം ആരംഭിക്കുന്ന മാസികയിലെ ഏറ്റവും പ്രായം കുറഞ്ഞ എഴുത്തുകാരനായാണ് ഏംഗൽസിന്റെ രംഗപ്രവേശനം. രാഷ്ട്രീയ സമ്പദ്ശാസ്ത്രത്തെപ്പറ്റിയുള്ള വിമർശനാത്മക പഠനത്തിന് പേരിലാണ് മാർക്സ് മിക്കവാറും ഇന്ന് ഏറ്റവും അധികം ഉദ്ധരിക്കപ്പെടുന്നത്. എന്നാൽ മാർക്സിനു മുൻപേ രാഷ്ട്രീയ സമ്പദ്വ്യവസ്ഥയെക്കുറിച്ച് എഴുതുന്നത് ഏംഗൽസാണ്. സ്വകാര്യ സ്വത്ത് ഇല്ലാതാകാതെ ദാരിദ്ര്യരഹിത സമൂഹം നിർമിക്കാനാവില്ലെന്ന രാഷ്ട്രീയ സമ്പദ്വ്യവസ്ഥയുടെ വിമർശനത്തിന് ഒരാമുഖം എന്ന ഏംഗൽസിന്റെ ലേഖനമാണ് ഇരുവരെയും അടുപ്പിച്ചതും പിൽക്കാല മാർക്സിസ്റ്റ് ദർശനത്തിന് അടിത്തറ ഇടുന്ന മുഖ്യ ആശയമായി മാറുന്നതും. 1844ൽ നടക്കുന്ന കൂടിക്കാഴ്ചയിലാണ് ഏംഗൽസിന്റെ ബൗദ്ധിക ശേഷിയിലും വ്യക്തി സ്ഥൈര്യത്തിലും മാർക്സിന് മതിപ്പ് ഉണ്ടാവുന്നത്. അതിലും അപ്പുറം അക്കാലത്തെ ഏറ്റവും കുഴക്കുന്ന സൈദ്ധാന്തിക പ്രശ്നങ്ങളിൽ ഒക്കെയും ഇരുവർക്കും ഏതാണ്ട് ഒരേ നിലപാടാണ് എന്ന

ത് ആ ബൗദ്ധിക സൗഹൃദത്തെ കൂടുതൽ ഉറപ്പിച്ചു

അതേ വർഷം തന്നെ പുറത്തിറങ്ങിയ 'തിരുക്കുടുംബം അഥവാ വിമർശനാത്മക വിമർശനത്തിനൊരു വിമർശം' സമൂഹത്തെ ചലിപ്പിക്കുന്ന ശക്തി പ്രകൃത്യാതീത ശക്തികളോ, മനുഷ്യ ഇച്ഛയോ, മഹത്തുക്കളോ, വീരന്മാരോ അല്ല മറിച്ച് വേലയെടുക്കും കയ്യുകളാണെന്ന് പറഞ്ഞുവെക്കുന്നുണ്ട്. നിലനിൽക്കുന്ന കമ്പോള സമൂഹത്തിനുള്ളിൽ നിന്നുകൊണ്ട് തൊഴിലാളി വർഗത്തിന്റെ മോചനം സാധ്യമാകില്ലെന്നും, വർഗാടിസ്ഥാനത്തിലുള്ള സംഘാടനമൊന്നുകൊണ്ട് മാത്രമേയത് സാധിക്കുവെന്നുമുള്ള ഈ രചനയിലെ വാദമാണ് ഇവരുടെ പിൽക്കാല എഴുത്തുകളുടെയും കൃതികളുടെയും മുഴുവൻ അടിത്തറയായി മാറുന്നത്. 1845 – 46 കാലഘട്ടത്തിൽ ഇരുവരുടെയും സംയുക്ത രചനയായി പ്രസിദ്ധീകരിച്ച 'ജർമൻ പ്രത്യയശാസ്ത്ര'ത്തിൽ കൃത്യവും സമഗ്രവുമായി വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെയും ചരിത്രപരമായ ഭൗതികവാദത്തിന്റെയും അടിസ്ഥാന പ്രമാണങ്ങൾ ആദ്യമായി പ്രത്യക്ഷപ്പെടുകയുണ്ടായി. അതുവരെയും യൂറോപ്യൻ തത്വചിന്ത പദ്ധതിയിൽ മേധാവിത്ത സ്ഥാനം ഉറപ്പിച്ചിരുന്ന ആശയവാദത്തെയും, അതിന് ബദൽ എന്നോണം നിന്നിരുന്ന വരട്ടുഭൗതിക വാദത്തെയും നിഷ്കരുണം പുറംതള്ളി പുതിയൊരു ചിന്താപദ്ധതി മുന്നോട്ട് വെക്കാൻ ജർമൻ പ്രത്യയശാസ്ത്രത്തിനായി. ഇരുവരുടെയും ബൗദ്ധിക പങ്കാളിത്തത്തിന്റെ ആദ്യ രണ്ടുമൂന്ന് വർഷങ്ങൾ മാർക്സിയൻ ദർശനത്തിന്റെ തന്നെ വളർച്ചയിൽ ഏറെ പ്രധാനപ്പെട്ടതായിരുന്നു. ഹെഗലിയൻ സ്വാധീനത്തിൽ നിന്നും ചരിത്രപരമായ ഭൗതികവാദത്തിലേക്കും, തത്വചിന്തയിൽ നിന്ന് രാഷ്ട്രീയ സമ്പദ്വ്യവസ്ഥയിലേക്കുമുള്ള ജ്ഞാനപരമായ ഒരു വിച്ഛേദനം മാർക്സിയൻ ചിന്താപദ്ധതിയിൽ ഉണ്ടായ ചരിത്രഘട്ടമാണിത്. ഇതേ തുടർന്നാണ് 'മനുഷ്യാവബോധമല്ല അയാളുടെ ഭൗതിക നിലനിൽപ്പിനെ നിർണയിക്കുന്നത്, മറിച്ച് ഭൗതിക സാഹചര്യമാണ് ഒരാളുടെ അവബോധത്തെ നിർണയിക്കുന്നതെ'ന്ന തീർപ്പിലേക്ക് മാർക്സിയൻ ചിന്താ പദ്ധതി എത്തുന്നത്.

തത്വചിന്തയുടെയും രാഷ്ട്രീയ സമ്പദ്ശാസ്ത്രത്തിന്റെയും വിമർശനത്തിൽ നിന്നാണ് മാർക്സും ഏംഗൽസും ചേർന്ന് തങ്ങളുടെ വിപ്ലവ സിദ്ധാന്തത്തിന് രൂപം നൽകുന്നതും 1848ൽ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ എന്ന പേരിലത് പുസ്തകരൂപം പ്രാപിക്കുന്നതും, പിൽക്കാലത്ത് 1864ൽ രാഷ്ട്രീയ രൂപമായ ഒന്നാം ഇന്റർനാഷണൽ



രൂപികരിക്കുന്നതും. അവിടെയും പ്രത്യേകം ഓർമിക്കേണ്ട സംഗതി മാർക്സുമായി ചേർന്ന് മാനിഫെസ്റ്റോ എഴുതുന്നതിനു മുൻപേ വിശ്വാസത്തിന്റെ കമ്യൂണിസ്റ്റ് കമ്പസാരത്തിന് ഒരു കരട്, കമ്യൂണിസത്തിന്റെ തത്വപ്രമാണങ്ങൾ എന്നീ രചനകൾ ഏംഗൽസിന്റേതായി ഉണ്ട്. രാഷ്ട്രീയ സമ്പദ്ശാസ്ത്ര പഠനത്തിൽ കൂടുതൽ ഊന്നണമെന്നും രാഷ്ട്രീയ സമ്പദ്ശാസ്ത്ര വ്യവഹാരങ്ങളെ സമഗ്രമായി ഉൾക്കൊണ്ടുകൊണ്ട് വൈരുദ്ധ്യാത്മകവും ചരിത്രപരവുമായ ഭൗതികവാദ കാഴ്ച്ചപ്പാടിൽ ഒരു ബൃഹദ് വിശകലനാഖ്യാനം നടത്തണമെന്നും മാർക്സിനോട് ആവശ്യപ്പെടുന്നതും ഏംഗൽസാണ്. ഇന്നോളം ഉണ്ടായ ഏറ്റവും മികച്ച രാഷ്ട്രീയ സമ്പദ്ശാസ്ത്ര വിമർശനമായ മൂലധനമായിരുന്നു ഈ ആവശ്യപ്പെടലിന്റെ പരിസമാപ്തി. മാർക്സ് അന്തരിച്ചതിന് ശേഷം ഏറെ പണിപ്പെട്ട് മൂലധനത്തിന്റെ രണ്ടും മൂന്നും വാള്യങ്ങൾ പ്രസിദ്ധീകരിച്ചതും ഏംഗൽസ് തന്നെയാണ്. ഏറെ ശ്രമകരമായ മൂലധനത്തിന്റെ മൂന്നാം വാള്യത്തിനായി മാർക്സിന്റെ കുറിപ്പുകൾ ഏംഗൽസ് എഡിറ്റ് ചെയ്യുകയും, ഇടയ്ക്കിടയ്ക്ക് തന്റെ കുറിപ്പുകൾ എഫ്.ഇ എന്ന ചുരുക്കപ്പേര് ചേർത്ത് അവയുടെ കാലിക പ്രസക്തി ഊന്നിക്കാട്ടുകയും ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്.

## എംഗൽസും ആധുനിക ശാസ്ത്രവും

ഏംഗൾസ് ഏറ്റവും പഴികേട്ടത് ഒരു പക്ഷേ അദ്ദേഹത്തിന്റെ ശാസ്ത്ര എഴുത്തുകളുടെ പേരിൽ ആയിരിക്കണം. അതിൽ തന്നെ ഡ്യൂറിങ്ങിനെതിരെ, പ്രകൃതിയുടെ വൈരുദ്ധ്യാത്മകത എന്നീ രചനകളുടെ പേരിൽ. മക്ലെലാൻ അടക്കമുള്ള ജീവചരിത്ര രചയിതാക്കൾ പറയുന്നത് ശാസ്ത്രത്തിലുള്ള അമിത താൽപര്യം ഏംഗൽസിനെ ചരിത്രപരമായ ഭൗതിക വാദത്തിൽ ഊന്നുന്നതിനെക്കാൾ പ്രകൃതിയുടെ ഭൗതികതയിൽ ഊന്നുവാൻ പ്രേരിപ്പിച്ചുവെന്നാണ്. മാർക്സിന്റെ കൃതികളിൽ അന്യമായിരുന്ന പദാർത്ഥ സങ്കല്പം മർക്സിസത്തിലേക്ക് ഇറക്കുമതി ചെയ്തത് ഏംഗൽസാണെന്നും, വസ്തുനിഷ്ഠമായ വൈരുദ്ധ്യാത്മകത നിർമിച്ചെടുക്കാൻ നടത്തിയ ശ്രമത്തിൽ വൈരുധ്യാത്മകതയുടെ ആത്മനിഷ്ഠതയെ ചോർത്തിക്കളഞ്ഞെന്നും, അങ്ങനെ കേവല ശാസ്ത്രത്തിന്റെ ലോകബോധത്തിലേക്ക് മാർക്സിന്റെ കാഴ്ചപ്പാടുകളെ ചുരുക്കിയെന്നും വിമർശനം ഉയർന്നുവരികയുണ്ടായി. പിൽക്കാലത്ത് ആൽത്തൂസറിന്റെ മാർക്സിയൻ ഘടനാവാദത്തിൽ ഏംഗൽസ് വീണ്ടും വിമർശിക്കപ്പെടുന്നുണ്ട്.

ഇത്തരം തീവ്ര വിമർശനപദ്ധതികളിൽ നിന്ന് ഏംഗൽസിനെ വീണ്ടെടുക്കുന്നത് ഇംഗ്ലീഷ് മാർക്സിയൻ ചരിത്രകാരനും ചിന്തകനുമായ ഇ പി തോംപ്സനാണ്. 1978ൽ പ്രസിദ്ധീകരിച്ച 'തത്വചിന്തയുടെ ദാരിദ്ര്യ'ത്തിൽ ചരിത്രപരമായ വിഷയികളിൽ നിന്നും, തെളിവ് / ഇന്ദ്രിയാനുഭവ സാഹചര്യങ്ങളിൽ നിന്നും വിച്ഛേദിക്കപ്പെട്ട അമൂർത്തമായ സൈദ്ധാന്തിക പരികല്പനകൾക്ക് എതിരെ ഏം





ഗൽസിനെയും ചരിത്രപരമായ ഭൗതികവാദത്തെയും തോംപ്സൻ പ്രതിരോധിക്കുന്നുണ്ട്. പിൽക്കാലത്ത് പോൾ എം സ്വീസിയും ഏംഗൽസിന്റെ വൈരുദ്ധ്യാത്മകതയെയും, യാന്ത്രികവാദ സമീപനങ്ങളോടുള്ള അദ്ദേഹത്തിന്റെ വിമർശനത്തെയും ന്യായീകരിച്ചു രംഗത്ത് വരുന്നുണ്ട്. സൈദ്ധാന്തിക രംഗത്തു നിന്ന് ഒറ്റപ്പെട്ട പിന്തുണ ഏറിയും കുറഞ്ഞും ലഭിച്ചുകൊണ്ടിരുന്ന ഏംഗൽസിന് തീരെ പ്രതീക്ഷിക്കാത്ത മറ്റൊരു കോണിൽ നിന്ന് വലിയ പിന്തുണ ഇതിനിടെ ലഭിക്കുന്നുണ്ട്. അത് ശാസ്ത്രജ്ഞൻമാരിൽ നിന്ന് തന്നെയായിരുന്നു. നാച്ചുറൽ ഹിസ്റ്ററിയിൽ എഴുതിയ ലേഖനത്തിൽ സ്റ്റീഫൻ ജെ ഗൗദ് അധ്വാനത്തിന്റെ പങ്കിൽ ഊന്നിയുള്ള മനുഷ്യപരിണാമത്തെപ്പറ്റിയുള്ള ഏംഗൽസിന്റെ സമീപനം വിക്ടോറിയൻ കാലത്തുണ്ടായ ഏറ്റവും മികച്ച മനുഷ്യ പരിണാമസമീപനമാണെന്ന് അഭിപ്രായപ്പെടുകയുണ്ടായി. പ്രത്യേകിച്ചും പ്രകൃതിയുടെ വൈരുദ്ധ്യാത്മകതയിലെ വാനരനിൽ നിന്ന് നരനിലേക്കുള്ള പരിവർത്തനത്തിൽ അധ്വാനത്തിനുള്ള പങ്ക് എന്ന ഭാഗം വലിയതോതിൽ പ്രശംസിക്കപ്പെടുകയുണ്ടായി. പിൽക്കാലത്ത് പാരിസ്ഥിതിക മാർക്സിയൻ ദർശനങ്ങളുടെ വരവോടെ ഈ രംഗത്തെ ഏംഗൽസിന്റെ സംഭാവനകൾ പുനർവായനക്ക് വിധേയമാകുന്നുണ്ട്.

അനുദിനം വെളിവാകുന്ന മനുഷ്യനും പ്രകൃതിയും തമ്മിലുള്ള വൈരുദ്ധ്യാത്മകതയെന്ന ആശയത്തെ രൂപപ്പെടുത്തിയതും സമ്പുഷ്ടമാക്കിയതും ഏംഗൽസാണ്. പ്രപഞ്ചത്തിലെ മറ്റേത് വസ്തുവിനെപ്പോലെ മനുഷ്യനും അതിന്റെ ഭാഗമാണെന്ന സാർവത്രിക കാഴ്ചപ്പാട് മുന്നോട്ട് വെക്കുകയും, സകല ശാസ്ത്ര പുരോഗതിയുടെയും മെച്ചം മാനവക്ഷേമത്തിന് ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം വാദിക്കുകയുണ്ടായി. ഫോയർബാച്ചിനെപ്പറ്റിയുള്ള സമാഹാരത്തിൽ ഭൗതികവാദ തത്വചിന്തയുടെ ചരിത്രം ആധുനിക ശാസ്ത്ര – ഉല്പാദന രീതിയുടെ വളർച്ചയോട് ചേർത്തുവെച്ചാണ് ഏംഗൽസ് പരിശോധിക്കുന്നത്. ദെക്കാർത്ത് മുതലുള്ള ശാസ്ത്രചിന്തകരുടെ എഴുത്തുകളിലും ചിന്തയിലും മുഴച്ചുനിന്ന ശുദ്ധയുക്തിവാദത്തെയും യാന്ത്രികഭൗതികവാദത്തെയും അതിജീവിച്ചാണ് ഏംഗൽസിന്റെ എഴുത്തുകൾ. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള വൈരുദ്ധ്യാത്മക ബന്ധത്തിൽ മനുഷ്യൻ പ്രകൃതിയെ തങ്ങളുടെ നേട്ടതിനായി ഉപയോഗിക്കുകയും പരിവർത്തനം നടത്തുകയും ചെയ്യുന്നത് പോലെതന്നെ പ്രകൃതി മനുഷ്യനിലും പരിവർത്തനം നടത്തുന്നുണ്ടെന്നും മനുഷ്യ പരി



ണാമത്തെ സ്വാധീനിക്കുന്നുണ്ടെന്നും ഏംഗൽസ് വാദിക്കുന്നുണ്ട്. ഇസ്രായേലി ചരിത്രകാരൻ യുവാൻ നോവാ ഹാരാരിയുടെ കൃതിയായ സാപിയൻസിലെ മനുഷ്യൻ ഗോതമ്പിനെ വളർത്തുകയായിരുന്നില്ല മറിച്ച് ഗോതമ്പ് ലോകം മുഴുവൻ വ്യാപിക്കാൻ മനുഷ്യനെ ഉപയോഗിക്കുകയായിരുന്നു എന്ന ഇപ്പോൾ വളരെയധികം ഉദ്ധരിക്കുന്ന വാചകത്തിന്റെ സത്താപരമായ ആശയം എത്രയോ നാൾക്ക് മുൻപെ ഏംഗൽസ് പറഞ്ഞിരുന്നു. മനുഷ്യൻ നിവർന്നു നിന്നതും, അവന്റെ/അവളുടെ തലച്ചോറിന്റെ വികാസം വിവിധ കാലങ്ങളിൽ സാധിച്ചതും അവിചാരിതമായ ഒന്നല്ലെന്നും, മനുഷ്യനും പ്രകൃതിയും നിരന്തരമായി ഏർപ്പെട്ട വൈരുദ്ധ്യാത്മകതയിൽ അധിഷ്ഠിതമായ ബന്ധത്തിന്റെ ഫലമാണിത് എന്നും ഏംഗൽസ് അഭിപ്രായപ്പെടുന്നുണ്ട്.

ഒരുപക്ഷേ പിൽക്കാലത്ത് തനിക്ക് നേരെ ഉണ്ടാകാൻ സാധ്യതയുള്ള വിമർശനങ്ങളെ മുൻകൂട്ടി കണ്ടിട്ടാകുമോ എന്നറിയില്ല, 'പ്രകൃതിക്ക് മേൽ വൈരുദ്ധ്യാത്മകതയുടെ നിയമങ്ങൾ നിർമിക്കാനല്ല, മറിച്ച് പ്രകൃതിയിൽ പ്രവർത്തിക്കുന്നതും അവിടെ ഉരുത്തിരിയുന്നതുമായ വൈരുദ്ധ്യാത്മകതയെ കണ്ടെത്താനാണ് ശ്രമിക്കുന്നതെന്ന്' പ്രകൃതിയുടെ വൈരുദ്ധ്യാത്മകതയിൽ അദ്ദേഹം പറഞ്ഞുവെക്കുന്നുണ്ട്. തന്റെ നരവംശശാസ്ത്ര പഠനത്തിലും ഏംഗൽസ് വൈരുദ്ധ്യാത്മക ശാസ്ത്ര ദർശനത്തിന്റെ പ്രയോഗം നടത്തുന്നുണ്ട്. 'കുടുംബം, സ്വകാര്യ സ്വത്ത്, രാഷ്ട്രം എന്നിവയുടെ ഉത്ഭവം' എന്ന കൃതിയിൽ ആധുനിക വർഗസമൂഹ രൂപികരണത്തെ സംബന്ധിച്ച അക്കാലത്തെ മിത്തുകളെ കശക്കിയെറിയുകയും, സ്വകാര്യ സ്വത്തിൽ അധിഷ്ഠിതമായ വർഗ ബന്ധങ്ങൾ കുടുംബത്തിന്റെ രൂപികരണത്തെയും, സ്ത്രീകളുടെ മേലുള്ള പുരുഷാധിപത്യത്തെയും, ഏകപങ്കാളി ബന്ധത്തിന്റെ രൂപപ്പെടലിനെയും വൈരുധ്യാത്മകതയിൽ അടിസ്ഥാനപ്പെടുത്തിയാണ് ഏംഗൽസ് ചർച്ച ചെയ്യുന്നത്. ഏംഗൽസിന്റെ തന്നെ ജർമനിയിലെ കർഷക യുദ്ധമെന്ന പ്രബന്ധത്തിലാണ് ചരിത്രത്തിലെ വൈരുധ്യാത്മകത ഭൗതികവാദത്തിന്റെ ആദ്യ പ്രയോഗം നടക്കുന്നത്.

ഏംഗൽസിന്റെ ശാസ്ത്ര വായനയാണ് അദ്ദേഹത്തെ മറ്റുള്ളവരാൽ വലിയ തോതിൽ വിമർശനം കേൾപ്പിച്ച ഒന്ന്. ഇന്ന് നോക്കിയാൽ ഏംഗൽസിന്റെ കാലത്തേക്കാളും എത്രയോ അധികമായി ശാസ്ത്രം മുന്നേറ്റം നടത്തിയെന്ന് കാണാനാവും, അതിന്റെ ഭാഗമായി അദ്ദേഹം അക്കാലത്ത് നടത്തിയ പല നിരീക്ഷണങ്ങളിലും ഏറെ കൂട്ടിച്ചേർക്കാനും ഒഴിവാക്കാനുമുണ്ടാവും. പക്ഷെ അവിടെയും പരിഗണിക്കപ്പെടേണ്ട ഒരു സംഗതി എല്ലാക്കാലവും ലിബറൽ പക്ഷം മുൻപോട്ട് വെച്ചിരുന്ന വാദമായിരുന്ന ശാസ്ത്രത്തിന്റെ നിഷ്പക്ഷ മുഖം ഏംഗൽസിന് ഒരുകാലത്തും സ്വീകാര്യമല്ലാതിരുന്നത് ഇപ്പോഴും പ്രസക്തമാണ് എന്നതാണ്. സയൻസിന്റെ വർഗ താല്പര്യം സമൂഹത്തെ കൈപ്പിടിയിൽ ഒതുക്കിയിട്ടുള്ള വർഗങ്ങളുമായി അവിഭാജ്യമായ വിധം കെട്ടുപിണഞ്ഞുകിടക്കുകയാണ്. അതുകൊണ്ട് ആ വർഗങ്ങൾ തന്നെയാണ് സയൻസിൻറെ വികാസത്തെ നിയന്ത്രിക്കുന്നതും. മാർക്സിസം ശാസ്ത്രത്തിന് വലിയൊരു സ്ഥാനം സമൂഹത്തിൽ നൽകുന്നുണ്ട്, ഇരുപതാം നൂറ്റാണ്ടിലെ മഹാന്മാരായ ശാസ്ത്ര പ്രതിഭകളായ ജോസഫ് നീഡാം, ജെ ബി എസ് ഹാൽഡേൻ, ജെ ഡി ബർണൽ, ഹൈമൻ ലെവി തുടങ്ങിയവർ ഒക്കെയും കമ്യൂണിസ്റ്റ് പാർടി മെമ്പർഷിപ്പ് കാർഡ് കൈവശം കൊണ്ടുനടക്കുന്നവർ ആയിരുന്നു. എന്തിനേറെ വിഖ്യാതമായ അമേരിക്കൻ സോഷ്യലിസ്റ്റ് പ്രസിദ്ധീകരണമായ മന്ത്ലി റിവ്യൂവിന്റെ ആദ്യലക്കത്തിൽ 'എന്തുകൊണ്ട് സോഷ്യലിസം' എന്ന ലേഖനമെഴുതിയത് സാക്ഷാൽ ആൽബർട്ട് ഐൻസ്റ്റീൻ

തന്നെ ആയിരുന്നു.

പ്രകൃതി അതിൻറെ ചരിത്രത്തിൽ മാറ്റം കൂടാതെ വെറുതെ ഒരു പശ്ചാത്തലമായി നിൽക്കുകയല്ല എന്ന് തെളിയിച്ചതാണ് ശാസ്ത്രത്തിന്റെ മേഖലയിൽ ഏംഗൽസിൻറെ മുഖ്യ സംഭാവന. പ്രകൃതി മാറ്റമില്ലാതെ അനുസ്യൂതം നിൽക്കുകയല്ല, മറിച്ച് അതും പ്രകൃതിയിലെ ജീവിവർഗങ്ങളെ പോലെതന്നെ പരിണമിക്കുകയാണ് എന്ന് ഏംഗൽസ് വ്യക്തമാക്കുന്നുണ്ട്. പ്രകൃതിയും മനുഷ്യർ ഉൾപ്പെടെയുള്ള അതിലെ ജീവിവർഗങ്ങളും ഒരു ചരിത്രപ്രക്രിയയെന്ന നിലയിൽ മാറ്റത്തിൻറേതും–പരിണാമത്തിൻറേതുമായ ഈ ചലനാത്മക പ്രക്രിയയുടെ ഭാഗമാണത്രേ.

**മഹാമാരിക്കാലത്തെ ഏംഗൽസ്**

ലോകം മുഴുവനും കോവിഡ് 19ന് മുൻപിൽ വിറങ്ങലിച്ചു നിൽക്കുമ്പോഴും മുതലാളിത്ത സാമ്പത്തിക സാമൂഹിക ക്രമം പിന്തുടരുന്ന സമൂഹങ്ങളെക്കാൾ സോഷ്യലിസ്റ്റ് ഭരണക്രമമുള്ള പ്രദേശങ്ങൾ കാര്യക്ഷമതയോടെ മഹാമാരിയെ നേരിട്ടതായി കാണാവുന്നതാണ്. ആരോഗ്യപാലനത്തെ സംബന്ധിച്ചുള്ള മാർക്സിസ്റ്റ് പഠനങ്ങൾ മുതലാളിത്ത സമൂഹത്തിലെ രാഷ്ട്രീയധികാരം, സാമ്പത്തികമേൽക്കോയ്മ, സ്വതന്ത്രകമ്പോളം സൃഷ്ടിച്ച ആശയപ്രപഞ്ചം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. മുതലാളിത്ത സമൂഹത്തിലെ ഏറ്റക്കുറച്ചിലും ചൂഷണവും നിറഞ്ഞ വർഗ ഘടനയുടെ പ്രതിഫലനം അവിടങ്ങളിലെ ആരോഗ്യപാലന, ഇൻഷുറൻസ് മേഖലകളിലും ദൃശ്യമാണ്. അമേരിക്കയിൽ കോവിഡ് ബാധിച്ച മരണപ്പെട്ടവരിൽ ഏറെയും താഴ്ന്ന വരുമാനമുള്ള കറുത്ത വംശജരും, ലാറ്റിൻ അമേരിക്കൻ കുടിയേറ്റക്കാരുമാണെന്നത് ഇതിനെ ശരിവെക്കുന്നു. ആരോഗ്യ രംഗത്തുള്ള പ്രശ്നങ്ങൾ വേർതിരിക്കാൻ വയ്യാത്ത തരത്തിൽ പൊതുസമൂഹ പ്രശ്നങ്ങൾ തന്നെയാണ്. മുതലാളിത്തത്തിന് കീഴിലുള്ള തൊഴിലാളി വർഗ്ഗത്തിന്റെ തൊഴിൽ ജീവിതസാഹചര്യങ്ങളുടെ മൊത്തത്തിലുള്ള വിശകലനത്തിന്റെ ഒരു ഭാഗം തന്നെയാണ് പൊതുജനാരോഗ്യ സ്ഥിതിയുടെ അന്വേഷണവും.

ആരോഗ്യപരിപാലനവുമായി ബന്ധപ്പെട്ട മാർക്സിസ്റ്റ് പഠനങ്ങളുടെ തുടക്കക്കാരനും ഏംഗൽസാണ്. 1845ൽ പ്രസിദ്ധീകരിച്ച ഇംഗ്ലണ്ടിലെ തൊഴിലാളി വർഗ്ഗത്തിന്റെ അവസ്ഥ എന്ന കൃതിയിൽ ആപൽക്കരമായ തൊഴിൽ സാഹചര്യങ്ങളാണ് മുഖ്യരോഗകാരണമെന്നാണ് ഏംഗൽസ് കണ്ടെത്തുന്നത്. സാമൂഹിക ആരോഗ്യവിദഗ്ധനായ ഹോവാഡ് വെയ്റ്റ്സ്കിൻ തന്റെ കൃതിയായ ദി സെക്കൻഡ് സിക്ക്നെസിൽ ഇരുപത്തിനാലാം വയസിൽ ഏംഗൽസെഴുതിയ ഈ കൃതിയെ എടുത്ത് പരമാർശിക്കുകയും പൊതുജനാരോഗ്യമേഖലയിൽ രോഗത്തിന്റെ സാമൂഹിക കാരണങ്ങൾ അന്വേഷിക്കുന്ന പതിവിനും ഏറെ മുൻപേ ഏംഗൽസിനത് സാധിച്ചുവെന്നും പറയുന്നുണ്ട്. പിൽക്കാലത്ത് പാരീസ് കമ്യൂണിനോടും ബർലിനിലെ തൊഴിലാളി പ്രസ്ഥാനങ്ങളോടും അനുഭാവം ഉണ്ടായിരുന്ന റഡോൾഫ് വിർചൗ എന്ന ഭിഷഗ്വരന്റെ നിരീക്ഷിണമായ 'വൈദ്യശാസ്ത്രം അതിന്റെ പ്രയോഗത്തിൽ ഒരു സാമൂഹിക ശാസ്ത്രമാണ്, അതുപോലെ, രാഷ്ട്രീയം ബ്രഹത്തായ തലത്തിൽ സമൂഹത്തിനുള്ള മരുന്നുമാണ്'' എന്നത് ഏംഗൽസിന്റെ നിരീക്ഷണങ്ങളോട് കൂട്ടി വായിക്കാവുന്നതാണ്.

ആഗോള മൂലധന വ്യവസ്ഥ തൊള്ളായിരത്തി എഴുപത്തുകളിൽ ഉല്പാദിപ്പിച്ച ഉത്തരാധുനിക വ്യവഹാരങ്ങൾ ഒരു പ്രായോഗിക രാഷ്ട്രീയ പദ്ധതിയെന്ന നിലയിൽ മാർക്സിസത്തിന്റെ മൂല്യം റദ്ദ് ചെയ്യുകയും, വേണമെങ്കിൽ സാംസ്കാരിക വിമർശനത്തിന് മാത്രമുള്ള ഒരു സാങ്കേതമായി അതിനെ ന്യൂനികരിക്കാനും ശ്രമിക്കുകയുണ്ടായി. ഇത്തരമൊരു ചിന്താ പദ്ധതിയുടെ ആദ്യലക്ഷ്യം തന്നെ എങ്ങനെയും വൈരുധ്യാത്മക യുക്തിയെയും ഏംഗൽസിനേയും ജ്ഞാനവ്യവഹാരത്തിൽ നിന്ന് പുറം തള്ളുക എന്നതായിരുന്നു. അതായത് രാഷ്ട്രീയമായി ഇടതുപക്ഷത്തെ നിർജീവമാക്കാൻ അത്രമേൽ ഇച്ഛിക്കുന്നവരാണ് കടുത്ത ഏംഗൽസ് വിരോധം ഉത്പാദിപ്പിക്കുന്നതെന്ന് സാരം. ശാസ്ത്രത്തിന് ഒരു തത്വചിന്തയുടെ ആവശ്യം അശേഷം ഇല്ലെന്നുള്ള ഇക്കൂട്ടരുടെ വാദം അറുപിന്തിരിപ്പനും മനുഷ്യത്വരഹിതവുമാണെന്ന് ഈ മഹാമാരിക്കാലം ഇതിനോടകം വ്യക്തമാക്കി തന്നിട്ടുണ്ട്. ജീവൻരക്ഷാ ഉപകരണങ്ങളുടെ അഭാവവും, വാക്സിൻ ലഭ്യതയിലെ ഏറ്റക്കുറച്ചിലുകളും ലോകമെമ്പാടും വർഗാടിസ്ഥാനത്തിൽ തന്നെ വിശകലനം ചെയ്യുവാൻ ഒട്ടുമേ പ്രയാസമില്ലാത്ത കാലത്താണ് നാമിപ്പോൾ. ധനികരാഷ്ട്രങ്ങൾ ബൂസ്റ്റർ വാക്സിൻ വാങ്ങിക്കൂടി വെക്കുമ്പോൾ ആഗോള തെക്കൻ പ്രദേശങ്ങളിലെ ദരിദ്ര ജനകോടികളുടെ അഞ്ചു ശതമാനത്തിന് പോലും ആദ്യ ഡോസ് വാക്സിൻ ലഭിച്ചിട്ടില്ല എന്നുകൂടി ഓർക്കണം. പ്രകൃതിയിലേക്ക് ലാഭക്കൊതി മൂത്ത് നടത്തുന്ന ഇടപെടലും, യന്ത്ര കൈകളും മനുഷ്യരാശിയുടെ തന്നെ നിലനിൽപ്പിനെ ചോദ്യം ചെയ്യുന്നതിലേക്ക് എതിയിട്ടുണ്ട്. മാർക്സിനെ പോലെ ഏംഗൽസിനും സോഷ്യലിസത്തിന്റെ മൂലക്കല്ല് എന്നത് മനുഷ്യനും പ്രകൃതിയും തമ്മിലുള്ള സഹവർത്തിത്തവും പ്രകൃതി വിഭവങ്ങളുടെ കരുതലോടു കൂടിയ കരുതലോടുകൂടിയ ഉപയോഗമാണ്. ഭാവി തലമുറയുടെ ആവശ്യങ്ങൾ സംരക്ഷിച്ചു കൊണ്ടുതന്നെ നിലവിലുള്ള സാഹചര്യത്തിൽ മനുഷ്യസർഗക്രിയാശേഷിക്ക് നേടാനാവുന്നത് കരസ്ഥമാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു അവരുടെ നിലപാട്. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും മാർക്സിനൊപ്പം ജനകീയ പോരാട്ടങ്ങൾക്ക് മാർഗ്ഗനിർദ്ദേശമായും പോരാട്ടങ്ങൾക്ക് പ്രതീക്ഷയായും എംഗൽസും ഇവിടെ തന്നെയുണ്ട്. ഏംഗൽസിനെ ഉപേക്ഷിച്ച് മാർക്സിനെ വീണ്ടെടുക്കുക എന്നത് മാർക്സിനോടുള്ള പ്രതിപത്തി പ്രദർശിപ്പിക്കുന്നതിനെക്കാൾ മാർക്സിസത്തിന്റെ സത്ത ഊറ്റിക്കളയാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. അങ്ങനെ ചെയ്താൽ അത് ഒരുപക്ഷേ ഇത്രയും കാലം രാഷ്ട്രീയപരമായി മാർക്സിസത്തെ അധിക്ഷേപിച്ച് ഒറ്റപ്പെടുത്തിയതിനെക്കാൾ വലിയ ചതിയായിരിക്കുമെന്നതിൽ സംശയമൊട്ടുമില്ലതാനും.

**അനിൽ വർമ്മ ആർ**
അസിസ്റ്റന്റ് പ്രൊഫസർ, സാമ്പത്തിക ശാസ്ത്ര വിഭാഗം
സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്.

# നോട്ട് നിരോധനത്തിന് ശേഷമുള്ള അഞ്ചു വർഷങ്ങൾ

സത്യാനന്തര ലോകം എന്ന പരികല്പന സാമ്രാജ്യത്വ സൃഷ്ടി ആണ്. ലോകം മുഴുവനും ജനാധിപത്യം നടപ്പാക്കാൻ ബാധ്യത തങ്ങൾക്ക് ഉണ്ട് എന്ന് സ്വയം അവകാശപ്പെട്ടുകൊണ്ടാണ് അമേരിക്ക ഇറാഖിനെ ആക്രമിക്കുന്നത്. ഇറാക്കിന്റെ പക്കൽ വെപ്പൺസ് ഓഫ് മാസ് ഡിസ്ട്രക്ഷൻ (WMD) ഉണ്ടെന്നും അത് ലോകത്തിന്റെ തന്നെ ഭീഷണി ആണെന്നും നിരന്തരം ഉത്ഘോഷിച്ചു കൊണ്ടാണ് ജോർജ് ബുഷ് ഇറാഖിനുമേലുള്ള അധിനിവേശത്തെ ന്യായീകരിച്ചത്. യുദ്ധത്തിനൊടുവിൽ ഒരുകാലത്ത്അമേരിക്കയുടെ വിശ്വസ്തൻ ആയിരുന്ന സദ്ദാ ഹുസ്സയിനെ തൂക്കിലേറ്റി. ഒട്ടനവധി പട്ടാളക്കാരും സാധാരണ ജനങ്ങളും മരണപ്പെട്ടു. ജനങ്ങളുടെ സ്വാഭാവികവും പാരമ്പരാഗതവുമായ ജീവിത സാഹചര്യങ്ങൾ ഇല്ലാതെയായി. എന്നാൽ യുദ്ധമവസാനിച്ച് ഇത്ര കാലമായിട്ടും ഇറാക്കിൽ ഉണ്ടെന്ന അമേരിക്ക ആരോപിച്ച ആയുധങ്ങൾ കണ്ടെത്താനായിട്ടില്ല. ഇറാഖിനെ ആക്രമിക്കാൻ അമേരിക്ക സൃഷ്ടിച്ച ഒരു കാരണം മാത്രമായിരുന്നു അതെന്ന് ലോകം ഇന്ന് തിരിച്ചറിയുന്നു. ഇറാഖിനെ ആക്രമിച്ച് അളവറ്റ പ്രകൃതി വിഭവങ്ങളുടെ ഉടമസ്ഥാവകാശം സ്വന്തമാക്കാനായി അമേരിക്ക സ്വീകരിച്ച സത്യാന്തരവാദഗതികളുടെ അതേ പരിസരമാണ് ഇന്ത്യയിൽ നോട്ടു നിരോധനം നടപ്പാക്കുന്നതിനായി മുന്നോട്ടുവച്ച വാദഗതികളുടേതും എന്ന് കാണാൻ ആകും. ലോകമെങ്ങുമുള്ള സാമ്രാജ്യത്വ- മുതലാളിത്ത ഭരണ വർഗ്ഗം അവരുടെ താല്പര്യ സംരക്ഷണത്തിന് സത്യാന്ദര വാദങ്ങൾ മുന്നോട്ടു വയ്ക്കുന്ന അതെ രീതിയിലാണ് മോഡി ഭരണകൂടവും നോട്ടു നിരോധനം നടപ്പാക്കിയത്.

2016 നവംബർ എട്ടാം തീയതിയാണ് അന്ന് പ്രചാരത്തിലിരുന്ന 500, 1000 രൂപാ നോട്ടുകൾ പ്രധാനമന്ത്രി നരേന്ദ്രമോദി യാതൊരു മുന്നറിയിപ്പും കൂടാതെ നിരോധിച്ചത്. ഭീകര പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സഹായം ഇല്ലാതാക്കാനും പണ രഹിത സമ്പദ്‌വ്യവസ്ഥലേക്കുള്ള മാറ്റം സാധ്യമാക്കാനും വ്യാജ കറൻസികൾ ഇല്ലാതാക്കാനും ആണ് നോട്ടുനിരോധനം ലക്ഷ്യമിട്ടത്. പ്രചാരത്തിലിരുന്ന കറൻസി നോട്ടുകളുടെ 86.44 % ആണ് നിരോധിക്കപ്പെട്ടത്. നിരോധിക്കപ്പെട്ട കറൻസിയുടെ ഒരു വലിയ പങ്ക് (5 -6 ലക്ഷം കോടി രൂപ) തിരികെ റിസർവ് ബാങ്കിൽ എത്തുകയില്ല എന്നും, ഈ പണം കള്ള പണം ആണെന്നും ഇത് റിസർവ് ബാങ്കിന്റെ ബാധ്യതയിൽ നിന്നും ഒഴിവാക്കാമെന്നും മറ്റുമുള്ള ഉപ ലക്ഷ്യങ്ങളും ഉണ്ടായിരുന്നു. യാതൊരു മുന്നറിയിപ്പും കൂടാതെ നടപ്പിലാക്കിയ നോട്ട് നിരോധനം ഇന്ത്യൻ സമ്പത് വ്യവസ്ഥയുടെ അസംഘടിത മേഖലയുടെ സാമ്പത്തിക പ്രവർത്തനങ്ങളെ മരവിപ്പിച്ചു. ദീർഘ കാലയളവിൽ ഈ നടപടി ഇന്ത്യയുടെ സാമ്പത്തിക രംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കും എന്നായിരുന്നു നോട്ടു നിരധനത്തെ ന്യായീകരിച്ചവരുടെ ഒരു സമാധാനം. അമ്പതു ദിവസത്തെ സമയമാണ് പ്രധാനമന്ത്രി ആവശ്യപ്പെട്ടത് എന്ന് ഓർക്കുക. ഇപ്പോൾ നോട്ടു നിരോധനത്തിന് ശേഷം അഞ്ചു വർഷം കഴിഞ്ഞിരിക്കുന്നു. ഒരു സാമ്പത്തിക നയത്തിന്റെ ആദ്യ വിശകലനം നടത്താൻ അഞ്ചു വര്ഷം ഒരു മതിയായ കാലയളവ് ആണ്. നോട്ടു നിരോധനത്തിനു ശേഷം ഉള്ള അഞ്ചുവർഷ കാലയളവിൽ (2016 – 2021) ഇന്ത്യയുടെ സാമ്പത്തിക രംഗത്ത് എന്താണ് സംഭവിച്ചത് എന്ന് ചർച്ച ചെയ്യാനുള്ള ശ്രമമാണ് ഈ ലേഖനം.




## ലക്ഷ്യങ്ങൾ സാക്ഷാത്കരിച്ചോ?

നോട്ടു നിരോധനം ഉദ്ദേശിച്ച ലക്ഷ്യങ്ങൾ സാക്ഷാത്കരിച്ചോ എന്ന് മനസ്സിലാക്കുന്നതിനായി അതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ ഓരോന്നായി സൂക്ഷ്മമായി പരിശോധിക്കണം. 2016 മുതൽ 2021 വരെ രാജ്യം നേരിട്ട ഭീകരാക്രമണം, രാജ്യത്തെ വ്യാജ കറൻസിയുടെ അളവ്, പണരഹിത ക്രയ വിക്രയങ്ങളുടെ എണ്ണവും മൂല്യവും എന്നിവ പരിശോധിച്ച് നോട്ടു നിരോധനത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളായ ഭീകര പ്രവർത്തനങ്ങളുടെ നിർമാർജനം, വ്യാജ കറൻസിയുടെ ഉപയോഗം ഇല്ലാതെയാക്കൽ പണരഹിത സാമ്പത്തവ്യവസ്ഥ എന്നീ ലക്ഷ്യങ്ങളിൽ എത്തി ചേർന്നോ എന്ന് തീരുമാനിക്കാവുന്നതാണ്. ഇതിനായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, നാഷണൽ ക്രൈം റിക്കോർഡ്സ് ബ്യൂറോ എന്നീ ഏജൻസികളുടെ കണക്കുകൾ ആണ് സ്വീകരിക്കുന്നത്.

ഭീകരാക്രമണം: നോട്ടു നിരോധനത്തിന് ശേഷം ഇന്ത്യയിൽ ഭീകര ആക്രമണങ്ങൾ കുറഞ്ഞോ? ഇല്ല എന്നാണ് ഉത്തരം. ഈ കാലയളവിൽ ഇന്ത്യയിൽ അനവധി ഭീകരപ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. 2019 ഫെബ്രുവരിയിൽ ജമ്മു ശ്രീനഗർ ദേശീയ ഹൈവേ യിലെ പുൽവാമയിലെ സൈനിക വാഹനത്തിനു നേരെ നടന്ന ആക്രമണം രാജ്യത്തെ നടുക്കിയിരുന്നു.ആ ഭീകരാക്രമണത്തിൽ 44 സി ആർ പി എഫ് സൈനികർ മരിക്കുകയും ഇരുപതോളം പേർക്ക് പരിക്കേൽക്കുകയും ചെയ്തു. എണ്ണമറ്റ ഭീകര ആക്രമണങ്ങൾ ശ്രീനഗറിലും പരിസര പ്രദേശങ്ങളിലും ഈ അഞ്ചുവര്ഷക്കാലം നടന്നിട്ടുണ്ട്. നോട്ട് നിരോധനം ഭീകരവാദത്തെ ഇല്ലായ്മ ചെയ്യും എന്ന വാദം പൊള്ളയാണെന്ന് ഈ ഭീകര പ്രവർത്തനങ്ങൾ തെളിയിക്കുന്നു. ഒരു വശത്ത് ഭീകരവാദം ഉണ്ടായി വരാനുള്ള സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങൾ ബി ജെ പി സർക്കാരും അതിനെ താങ്ങി നിർത്തുന്ന മത വർഗ്ഗീയ ഫാസിസ്റ്റ് സംഘടനകളും ചേർന്ന് നിരന്തരം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. ഇഷ്ടമുള്ള ഭക്ഷണം കഴിക്കുന്നതിനും വസ്ത്രം ധരിക്കുന്നതിനും ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുന്നതിനുമെല്ലാം ഉള്ള ഇന്ത്യൻ ജനതയുടെ സ്വാഭാവികമായ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഭരണാനുകൂല സംഘടനകളുടെ ഫാസിസ്റ്റ് ഇടപെടലുകൾ നാം കണ്ടതാണ്. ഈ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങൾ ഇല്ലാതാക്കിയാൽ മാത്രമേ ഭീകരവാദം ഉയർന്നു വരാനുള്ള സാധ്യതയെ നിയന്ത്രിക്കാൻ സാധിക്കുകയുള്ളൂ. എന്നാണു അഞ്ചു വർഷത്തിന് ശേഷം നമുക്ക് തിരിച്ചറിയാൻ സാധിക്കുന്നത്.

കള്ളനോട്ടിന്റെ അളവ്: നോട്ടുനിരോധനം നടന്ന അടുത്തവർഷത്തിനു ഉള്ളിൽ തന്നെ കോടിക്കണക്കിന് രൂപയുടെ 2000 രൂപ കള്ളനോട്ടുകൾ സർക്കാരിന്റെ ഏജൻസി തന്നെ പിടിച്ചെടുത്തതായി മാധ്യമങ്ങൾ റിപ്പോർട് ചെയ്ത സാഹചര്യമുണ്ടായി. ഗുജറാത്ത്, പശ്ചിമ ബംഗാൾ, ആസാം, ഉത്തർ പ്രദേശ്, കർണാടക, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ നിന്ന് കോടിക്കണക്കിനു രൂപയുടെ വ്യാജ നോട്ടുകളാണ് ഈ കാലയളവിൽ റവന്യൂ അധികൃതർ പിടിച്ചെടുത്തത്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ യുടെ കണക്കുകൾ പരിശോധിച്ചാൽ വ്യാജനോട്ടുകൾ സംബന്ധിച്ച് കൗതുകകരമായ ഒരു നിരീക്ഷണത്തിൽ എത്താനാകും. പിടിച്ചെടുത്ത വിവിധ ഡിനോമിനേഷനിലുള്ള കള്ള നോട്ടുകളുടെ മൂല്യം (കോടി രൂപയിൽ) ആണ് താഴെ പട്ടിക 1 ൽ നൽകിയിരിക്കുന്നത്.

**പട്ടിക 1 – പിടിച്ചെടുത്ത വിവിധ ഡിനോമിനേഷനിലുള്ള കള്ളനോട്ടുകളുടെ മൂല്യം (കോടി രൂപയിൽ)**

| YEAR | 2000 രൂപ | 1000 രൂപ | 500 (OLD) രൂപ | 500 (NEW) രൂപ |
|---|---|---|---|---|
| 2017 | 30685 | 16742 | 21805 | 104 |
| 2018 | 2722 | 1688 | 2297 | 4622 |
| 2019 | 14494 | 2709 | 2552 | 5558 |
| 2020 | 2467 | 142 | 84 | 5384 |

അവലംബം: നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ

പുതിയ 500 രൂപയിലുള്ള കള്ളനോട്ടുകളുടെ മൂല്യം 2017, 2018 , 2019 വർഷങ്ങളിൽ വർധിക്കുന്നതായി കാണാനാകും. പിന്നീട് 2020 ൽ ഉണ്ടായത് നാമമാത്രമായ കുറവ് മാത്രം ആണ്. കള്ള നോട്ടിന് പരിഹാരമായി അവതരിപ്പിച്ചത് 2000 രൂപയുടെ നോട്ടാണ്. ഈ രണ്ടായിരം രൂപയുടെ ഡിനോമിനേഷനിൽ രണ്ടായിരത്തിനാനൂറിലധികം കോടി രൂപ മൂല്യമുള്ള വ്യാജ നോട്ട് 2020 ൽ പിടിച്ച് എടുത്തിട്ടുണ്ട്. 2019 ൽ പിടിച്ചെടുത്തത് പതിനാലായിരത്തി നാനൂറ് കോടിയിലധികം രൂപയാണ്. പഴയ 1000 രൂപയിലും 500 രൂപയിലും കള്ള നോട്ടുകൾ ഉണ്ടാവാത്തതിന് കാരണം വ്യക്തമാണ്. അതേസമയം നിലവിൽ സർക്കുലേഷനിലുള്ള കറൻസിയിൽ കള്ള നോട്ട് നിർമാണം യഥേഷ്ടം നടക്കുന്നതായി നമുക്ക് കാണാം. നിയമത്തിന്റെ കണ്ണിൽ പെടാതെ ഇതിലുമേറെ കറൻസി സമ്പത്ഘടനയിൽ ഉണ്ടാകാനും സാധ്യത ഉണ്ട്. വ്യാജ കറൻസിയുടെ അളവ് കുറക്കാൻ നോട്ട് നിരോധനത്തിന് സാധിച്ചിട്ടില്ല എന്നതന്നെ ഇതിൽ നിന്നും മനസ്സിലാക്കാം.


പണരഹിത സമ്പത് വ്യവസ്ഥ: ഇന്ത്യൻ സമ്പത് വ്യവസ്ഥ ഒരു പരിപൂർണ്ണ പണ രഹിത സാമ്പത്തവ്യവസ്ഥയായി നോട്ടു നിരോധനത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു. പണരഹിത സമ്പത്വ്യവസ്ഥ ആയി മാറുന്നത് മൂലം ഉണ്ടാവാൻ ഇടയുള്ള വലിയ നേട്ടങ്ങളെ പറ്റി ഒട്ടേറെ പ്രബന്ധങ്ങൾ ഉണ്ടായി വന്നു. പണ രഹിത സമ്പത് വ്യവസ്ഥ രൂപീകരിക്കുന്നത് യഥാർത്ഥത്തിൽ ഒട്ടേറെ ഗുണങ്ങൾ പ്രദാനം ചെയ്യും എന്ന് നിസ്സംശയം പറയാം. ക്രയവിക്രയങ്ങളുടെ വിവരം കൃത്യമായി സൂക്ഷിക്കുന്നതിനും അവയുടെ വേഗത വർധിപ്പിക്കുന്നതിനും അനുബന്ധ ചിലവുകൾ കുറക്കുന്നതിനും മറ്റും പണരഹിത ക്രയ വിക്രയങ്ങൾ സഹായിക്കും. പക്ഷെ ഒറ്റ രാത്രി കൊണ്ട് ഉണ്ടാക്കാനാകുന്നതല്ല ഈ മാറ്റം. പരമ്പരാഗതമായി പണം ഉപയോഗിക്കുന്ന ഒരു സമ്പത് വ്യവസ്ഥയിൽ ഒരു രാത്രി പണത്തിന്റെ ലഭ്യത ഇല്ലാതാക്കി പിറ്റേന്ന പുലർച്ചെ പണരഹിത ക്രയ വിക്രയങ്ങൾ മാത്രം ആക്കുക എന്നത് സാധ്യമായ കാര്യമല്ല. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ കണക്കുകൾ തന്നെ ഈ അവസരത്തിൽ പരിശോധിക്കാം. എൻ ഇ എഫ് ടി, ആർ ടി ജി എസ് ട്രാൻസാക്ഷനുകളുടെ എണ്ണവും തുകയും ആണ് ഇവിടെ പരിശോധിക്കുന്നത്.

**എൻ ഇ എഫ് ടി, ആർ ടി ജി എസ് കൈമാറ്റങ്ങളുടെ എണ്ണവും തുകയും (2012 –2020 )**

| | NEFT | | RTGS | |
|---|---|---|---|---|
| YEAR | NUMBER OF TRANSACTIONS | VALUE (IN MILLIONS) | NUMBER OF TRANSACTIONS | VALUE (IN MILLIONS) |
| 2012-2013 | 329614288.00 | 61491381.32 | 65466191.00 | 644705000.00 |
| 2013-2014 | 1045198469.00 | 33901063.25 | 127686463.00 | 725982930.00 |
| 2014-2015 | 1495137220.00 | 55339517.43 | 115308306.00 | 5986916720.00 |
| 2015-2016 | 1149503392.00 | 61603603589.00 | 921548370.00 | 794160610.00 |
| 2016-2017 | 1460769547.00 | 98648573.47 | 95333550.00 | 943728290.00 |
| 2017-2018 | 1719920196.00 | 255333611.60 | 115661325.00 | 1893480670.00 |
| 2018-2019 | 3357121752.00 | 179825552.00 | 134567023.00 | 2309041870.00 |
| 2019-2020 | 596803878.60 | 19554615733.00 | 148227791.00 | 116203000000.00 |

അവലംബം : റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

എൻ ഇ എഫ് ടി, ആർ ടി ജി എസ് കൈമാറ്റങ്ങളുടെ തുക (2012 – 2020)




പട്ടികയിലെ സൂചന പ്രകാരം നോട്ടു നിരോധനത്തിന് ശേഷം കൈമാറ്റങ്ങളുടെ എണ്ണത്തിൽ വർധന ഉണ്ടായി എങ്കിലും ആ വർധന ഏതാനും മാസം മാത്രം നീണ്ടു നിൽക്കുന്നതായിരുന്നു. 2019 –20 വർഷത്തോടെ കൈമാറ്റങ്ങളുടെ എണ്ണം നോട്ടു നിരോധനത്തിന് മുൻപുള്ള അവസ്ഥയിൽ ആയി. തുകയുടെ കാര്യവും ഏറെക്കുറെ ഈ രീതിയിൽ തന്നെയാണ് എന്ന് ചിത്രം തെളിയിക്കുന്നു. എന്നാൽ ആർ ടി ജി എസ് കൈമാറ്റങ്ങളുടെ എണ്ണത്തിൽ 2019 ന ശേഷം കണക്കുകളിൽ ഒരു വർധന കാണാനാവും.



ആർബിഐയുടെ കണക്കുകൾ പരിശോധിച്ചാൽ ഇന്ത്യയിലെ പണ രഹിത ക്രയവിക്രയങ്ങൾ സ്വാഭാവികമായ മാറ്റം മാത്രമാണ് ഉണ്ടാക്കിയിട്ടുള്ളത് എന്ന്ആണ് അനുമാനിക്കേണ്ടത്. ആർടിജി എസ് ഉം എൻഇഎഫ്ടി യും 2016 – 17 കാലയളവിൽ വർധിച്ചിരുന്നു എങ്കിലും 2018 ഓടുകൂടി പഴയ സ്ഥിതിയിലായി. പണ രഹിത ക്രയ വിക്രയങ്ങളുടെ സാങ്കേതിക വിദ്യയിൽ പുരോഗതി ഉണ്ടാവുമ്പോൾ സ്വാഭാവികമായ ഉന്നമനം ആ മേഖലയിൽ ഉണ്ടാവാം. ആ സ്വാഭാവിക പുരോഗതി മാത്രമാണ് കണക്കുകളിൽ നിന്നും നമുക്ക് കാണാനാവുന്നത്.

അതായത് നിരോധനം അവകാശപ്പെട്ട തീവ്രവാദ പ്രവർത്തനങ്ങൾ നിർമാർജനം ചെയ്യൽ, വ്യാജ കറൻസിയുടെ നിർമാർജനം, പണ രഹിത സമ്പത് വ്യവസ്ഥയുടെ രൂപീകരണം, എന്നീ ഗുണങ്ങൾ ഒന്നും തന്നെ പ്രാവർത്തികമായിട്ടില്ല. ഗുണ ഫലങ്ങൾ ഒന്നും തന്നെ നേടിയിട്ടില്ല എന്ന് മാത്രമല്ല നവലിബറൽ നയങ്ങൾ അടിച്ചേൽപ്പിക്കുന്നത് മൂലം ഉണ്ടായ സാമ്പത്തിക പ്രതിസന്ധി മൂർച്ഛിക്കുന്നതിനുള്ള പെട്ടെന്നുണ്ടായ ഒരു കാരണം ആയി നോട്ടു നിരോധനം മാറുകയും ചെയ്തു എന്നാണ് കണക്കുകൾ നമ്മെ പഠിപ്പിക്കുന്നത്.

## സാമ്പത്തിക പ്രതിസന്ധി

സമീപകാലത്തെ സാമ്പത്തിക പ്രതിസന്ധിയുടെ ചരിത്രം ആരംഭിക്കുന്നത് 1930 കളിലെ മഹാമാന്ദ്യം എന്ന മുതലാളിത്ത പ്രതിസന്ധിയോടെ ആണ്. 30 കൾക്ക് ശേഷം ചെറുതും വലുതുമായ അനേകം പ്രതിസന്ധികൾ ലോക രാജ്യങ്ങളുടെ സാമ്പത്തവ്യവസ്ഥകളിൽ ഉണ്ടായിട്ടുണ്ട്. ഈ പ്രതിസന്ധികൾ മിക്കതും സാമ്പത്തിക മേഖലയുടെ ഉപരി ഘടനയിൽ രൂപപ്പെട്ട് താഴെ തലങ്ങളിലേക്ക് കിനിഞ്ഞ്ഇറങ്ങുന്ന തരം ടോപ്- ടു- ബോട്ടം പ്രതിസന്ധികൾ ആയിരുന്നു. 2008 ൽ അമേരിക്കയിൽ രൂപപ്പെട്ട് മറ്റു സമ്പത് വ്യവസ്ഥകളിലേക്ക് പടർന്ന സാമ്പത്തിക മാന്ദ്യം ഇത്തരത്തിൽ ഒന്നായിരുന്നു. അമേരിക്കയിലെ നിക്ഷേപ ബാങ്കുകളിൽ ഉടലെടുത്ത മാന്ദ്യം ക്രമേണ താഴെത്തട്ടിലേക്ക് പടരുകയാണ് ഉണ്ടായത്. എന്നാൽ നോട്ടു നിരോധനത്തെ തുടർന്ന് ഇന്ത്യയിൽ ഉണ്ടായത് സമ്പത് ഘടനയുടെ താഴെത്തട്ടിൽ നിന്നും മുകളിലേക്ക് പടരുന്ന ഒരു ബോട്ടം–അപ് പ്രതിസന്ധി അല്ലെങ്കിൽ ഒരു റിവേഴ്സ് സാമ്പത്തിക പ്രതിസന്ധി ആണ്. ചെറുകിട കച്ചവടക്കാരും കർഷകരും ചെറുകിട ഉൽപാദകരും അടങ്ങുന്ന ഇന്ത്യയിലെ അസംഘടിത മേഖല ആണ് നോട്ടുനിരോധനത്തെ തുടർന്നുള്ള പ്രതിസന്ധിയിൽ ആദ്യം തകർന്നത്. ഈ മേഖലകളിൽ വ്യാപകമായി ജനങ്ങൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. ഏറ്റവും അധികം ജനങ്ങൾ കാർഷിക മേഖല ഉപേക്ഷിച്ച് നിർമ്മാണ മേഖലയിലേക്ക് ചേക്കേറിയത് ഇക്കാലയളവിൽ ആണ് എന്ന് ആർ ബി ഐ യുടെ കണക്കുകൾ ചൂണ്ടിക്കാട്ടുന്നു. 2019 മെയ് മാസത്തിലെ തൊഴിൽ അതിനു മുൻപ് ഉള്ള 17 മാസങ്ങളിലെ ഏറ്റവും കുറവ് നിരക്കാണ് കാണിച്ചത്. തൊഴിൽ നഷ്ടം വരുമാനം കുറയുന്നതിന് കാരണമായി. വരുമാനം ഇല്ലാത്ത അവസ്ഥ രാജ്യത്തെ ജനങ്ങളുടെ ചോദനം കുറയ്ക്കുന്നതിന്





കാരണമായി. ക്രമേണ ഈ പ്രതിസന്ധി ഉത്പാദന മേഖലയെയും ബാധിച്ചു . 2019 മെയ് മാസത്തോടു കൂടി ഇന്ത്യയിലെ വാഹന വിപണിയിൽ അടക്കം പല വ്യവസായങ്ങളിലും ഉല്പന്നങ്ങൾ വിറ്റ്  പോകാത്ത അവസ്ഥ ഉടലെടുത്തു.  അതായത് സമ്പത് വ്യവസ്ഥയുടെ അടിസ്ഥാന മേഖലയിൽ ആരംഭിച്ച് മുകളിലേക്ക് പടർന്നു കയറിയ ഒരു പ്രതിസന്ധി 2019 ഒടുകൂടി സ്ഥൂല സാമ്പത്തിക പ്രതിസന്ധി ആയി ഇന്ത്യൻ സമ്പദ് വ്യവസ്ഥയിൽ കൊവിഡ് മഹാമാരിക്കു മുൻപുതന്നെ ഉടലെടുത്തിരുന്നു എന്ന് കാണാനാകും.

നോട്ടു നിരോധനത്തെ തുടർന്ന് സമ്പത്  വ്യവസ്ഥയിലെ ദ്രവത്വപത്തിലുള്ള കറൻസിയുടെ ലഭ്യത കുറഞ്ഞത് രാജ്യത്തെ അടിസ്ഥാന വിഭാഗങ്ങളിൽ ഉപഭോഗം കുറയ്ക്കാൻ കാരണമായി. ധനകമ്മി നിയന്ത്രിക്കുന്ന നവ ലിബറൽ നയങ്ങൾ മുൻപുതന്നെ ഗ്രാമീണ ജനതയുടെ വരുമാന ശോഷണത്തിനു കാരണമായിട്ടുണ്ട്. അതിനു പുറമെയാണ് നോട്ടു നിരോധനത്തിന്റെ ആഘാതം സംഭവിച്ചത്. മാത്രമല്ല ചെറുകിട-ഇടത്തരം കച്ചവടക്കാരിലേക്കുള്ള സാധനങ്ങളുടെ വിതരണം

**നിരോധനം അവകാശപ്പെട്ട തീവ്രവാദ പ്രവർത്തനങ്ങൾ നിർമാർജനം ചെയ്യൽ, വ്യാജ കറൻസിയുടെ നിർമാർജനം, പണരഹിത സമ്പത് വ്യവസ്ഥയുടെ രൂപീകരണം, എന്നീ ഗുണങ്ങൾ ഒന്നും തന്നെ പ്രാവർത്തികമായിട്ടില്ല. ഗുണ ഫലങ്ങൾ ഒന്നും തന്നെ നേടിയിട്ടില്ല എന്ന് മാത്രമല്ല നവലിബറൽ നയങ്ങൾ അടിച്ചേൽപ്പിക്കുന്നത് മൂലം ഉണ്ടായ സാമ്പത്തിക പ്രതിസന്ധി മൂർച്ഛിക്കുന്നതിനുള്ള പെട്ടെന്നുണ്ടായ ഒരു കാരണം ആയി നോട്ടു നിരോധനം മാറുകയും ചെയ്തു**

മുടങ്ങുന്നതിനും നോട്ടുനിരോധനം കാരണമായി. ചെറുകിട ഇടത്തരം കച്ചവടക്കാർ കടത്തിൽ വാങ്ങിയ ഉത്പന്നം വിട്ടതിനു ശേഷം കടം വീട്ടുന്ന പതിവാണ് ഉണ്ടായിരുന്നത്. നോട്ടു നിരോധനം ഈ പതിവ് അവസാനിപ്പിച്ചു. കടത്തിൽ ഉത്പന്നം നൽകാൻ മൊത്തക്കച്ചവടക്കാർ മടിച്ചു. ദീർഘകാലമായി പരസ്പര വിശ്വാസത്തിന്റെയും സഹകരണത്തിന്റെയും അടിസ്ഥാനത്തിൽ പടുത്തുയർത്തിയ പ്രദാന ശൃംഖല (supply chain)   മുറിയുന്നതിനു ഇത് കാരണമായി. കാർഷിക മേഖലയിൽ ഉടലെടുത്ത പ്രതിസന്ധി കാരണം ആയിരക്കണക്കിന് ആളുകൾ കാർഷിക വൃത്തി ഉപേക്ഷിച്ച് നിർമ്മാണ മേഖലയിലേക്ക് ചേക്കേറി. നിർമാണ മേഖലയിലെ തൊഴിലാളികളുടെ  അടിസ്ഥാന വേതനം കുറയുന്നതിന് ഇത് കാരണമായി. ജനങ്ങളുടെ ഉപഭോഗം അങ്ങിനെയും കുറഞ്ഞു.  ഉപഭോഗം വർദ്ധിക്കാൻ കാര്യക്ഷമമായി ഇടപെടേണ്ടത് സംസ്ഥാന സർക്കാരുകളാണ്. എന്നാൽ ജി എസ് ടി നടപ്പാക്കൽ സംസ്ഥാനങ്ങളുടെ വിഭവ സമാഹരണ ശേഷിയെ പ്രതികൂലമായി ബാധിച്ചു.  അത് അവരുടെ പൊതു ചിലവുകൾ ശോ



ഷിപ്പിച്ചു. ഇതോടുകൂടി മഹാമാരിക്ക് മുൻപുതന്നെ ഇന്ത്യൻ സാമ്പത്തിക രംഗം ഒരു ചോതന പ്രതിസന്ധിയിലേക്ക് വഴുതിവീണു.

കോവിഡ് മഹാമാരിയെ തുടർന്ന് ലോകരാജ്യങ്ങളിൽ ഏറ്റവും കർശനമായ ലോക് ഡൗൺ ഏർപ്പെടുത്തിയ രാജ്യമാണ് ഇന്ത്യ. അസംഘടിതമേഖലയിലെ കോടിക്കണക്കിന് തൊഴിലാളികൾ കോവിഡ മഹാമാരിയെ തുടർന്ന് ദുരിതമനുഭവിച്ചു.  പെട്ടെന്ന്, വേണ്ടത്ര മുൻകരുതലുകൾ എടുക്കാതെ പ്രഖ്യാപിച്ച ലോക് ഡൗൺ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ദുരിതം വർധിപ്പിച്ചു. തൊഴിലവസരങ്ങൾ നഷ്ടമാകുന്നതിനും  ദാരിദ്ര്യവും അസമത്വവും വർദ്ധിക്കുന്നതിനും കോവിഡ്  മഹാമാരിയെ തുടർന്നു വന്ന മാസങ്ങൾ സാക്ഷിയായി. കേന്ദ്ര സർക്കാരാവട്ടെ കോർപ്പറേറ്റ് നികുതി കുറച്ചും സംസ്ഥാന സർക്കാരുകൾക്ക് നിയമപ്രകാരം നൽകാനുള്ള  ജി എസ് ടി കൊമ്പെൻസേഷൻ  നൽകാതെയും തികച്ചും ജനവിരുദ്ധ നിലപാടുകൾസ്വീകരിച്ചു. ആത്മനിർബർ ഭാരത് അഭിയാൻ വഴി ഇന്ത്യയുടെ കോർപ്പറേറ്റ് മേഖലക്ക് വീണ്ടും രാജ്യത്തിന്റെ വിഭവങ്ങൾ ഉദാരമായി സംഭാവന ചെയ്യുന്ന നിലപാട് ആണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്.

സൂക്ഷ്മമായി അപഗ്രഥിക്കുമ്പോൾ നോട്ട് നിരോധനവും ജി എസ് ടി നടപ്പാക്കലും ഈ സാമ്പത്തിക പ്രതിസന്ധിയുടെ പെട്ടെന്നുള്ള കാരണങ്ങൾ മാത്രമാണെന്ന് കാണാനാകും.  2014 വരെ യുപിഎ സർക്കാർ പിന്തുടർന്നതും 2014 ന് ശേഷം നരേന്ദ്രമോദി സർക്കാർ കൂടുതൽ തീവ്രതയോടെ അടിച്ചേൽപ്പിച്ചതുമായ നവലിബറൽ സാമ്പത്തിക നയങ്ങളാണ് സാമ്പത്തിക പ്രതിസന്ധിയുടെ ഗതിവേഗം ഇന്ത്യയിൽ വർധിപ്പിച്ചത്.  നോട്ട് നിരോധനവും ജി എസ് ടി എം പെട്ടെന്നുണ്ടായ കാരണങ്ങൾ മാത്രമാണ്.  നവ ലിബറൽ നയങ്ങളുടെ ഭാഗമായിട്ടാണ് സർക്കാരുകളുടെ ചെലവ് കുറച്ചു കൊണ്ട് ധനകമ്മി നിയന്ത്രിക്കണം എന്ന കാഴ്ചപ്പാട് ഉരുത്തിരിഞ്ഞു വന്നത്. ആ ചെലവ് ചുരുക്കൽ നടപടികൾ ആണ് ഇന്ത്യൻ സമ്പത്തവ്യവസ്ഥയിൽ സാമ്പത്തിക പ്രതിസന്ധിയുടെ വിത്ത് പാകിയത്. നവലിബറൽ നടപടികൾ ഉദ്ഘോഷിക്കുന്ന ആഗോള മൂലധനത്തിന് ധനകമ്മി പഥ്യമല്ല. ധനകമ്മി നിയന്ത്രിക്കാൻ എന്ന പേരിൽ സർക്കാരിന്റെ ചിലവുകൾ വെട്ടിച്ചുരുക്കുകയാണ് ചെയ്യുന്നത്. സർക്കാരിന്റെ കമ്പോള ഇടപെടൽ ഇല്ലാതാക്കി, സ്വകാര്യ മൂലധനത്തിന് സമ്പത് വ്യവസ്ഥയിൽ മേൽക്കൈ നൽകുന്ന സാമ്പത്തിക നടപടികളാണ് ബി ജെ പി ക്ക് മുൻപ് ഇന്ത്യ ഭരിച്ച യു പി എ യെ നയിച്ച കോൺഗ്രസ്സ് സ്വീകരിച്ചത്. ഈ നടപടികൾ ആണ് ആഗോളതലത്തിൽ സമ്പത് വ്യവസ്ഥകൾ ഇന്ന് ചരിക്കുന്ന "വളർച്ച- തകർച്ച "രീതിയിലുള്ള കുമിള കേന്ദ്രീകൃത വളർച്ചാ രീതിയിലേക്ക് ഇന്ത്യൻ



സാമ്പത്തവ്യവസ്ഥയെ എത്തിച്ചത്.
അത്തരത്തിൽ ദുർബലമായ ഇന്ത്യ
യുടെ സമ്പത് വ്യവസ്ഥയിലാണ്
മോഡി സർക്കാർ നോട്ടു നിരോധ
നം അടിച്ചേല്പിച്ചത്.

## പ്രതിസന്ധി തരണം ചെയ്യാനു ള്ള മാർഗ്ഗം

ഈ പ്രതിസന്ധി എങ്ങനെയാണ്
തരണം ചെയ്യാൻ സാധിക്കുക? നവ
ലിബറൽ നയങ്ങൾ കാരണവും
നോട്ടു നിരോധനം മൂലവും താഴെ
കിടയിലുള്ള  ജനങ്ങളുടെ ചോദനം
(ഡിമാൻഡ്)  കുറഞ്ഞത്  ആണ
ല്ലോ പ്രതിസന്ധിക്ക് കാരണം?
അപ്പോൾ ചോദനം വർദ്ധിപ്പിക്കുക
എന്നതാണ് ഏക പോംവഴി. അതി
നായി സർക്കാർ ചിലവുകൾ വർ
ധിപ്പിക്കണം. എന്നാൽ കേന്ദ്രസർ
ക്കാർ ഈ വഴിക്കല്ല ചിന്തിക്കുന്നത്.
മറിച്ച് നിക്ഷേപം വർദ്ധിപ്പിച്ച്
ഉൽപാദനവും തൊഴിലും  വർധിപ്പി
ക്കാനാണ് സർക്കാരിന്റെ ശ്രമം.
ഇതിനായി കോർപ്പറേറ്റ് മേഖലക്ക്
വാരിക്കോരി ധനസഹായം നൽകു
ന്ന പ്രോഡക്റ്റ് ലിങ്ക്ഡ് ഇൻസെന്റീ
വ് സ്കീം സർക്കാർ നടപ്പിലാക്കി.
പലിശ നിരക്ക് കുറച്ച് നിക്ഷേപം
കൂട്ടാൻ പദ്ധതികൾ ആസൂത്രണം
ചെയ്തു. കോർപ്പറേറ്റ് നികുതി കുറച്ചു .
പക്ഷെ പ്രതീക്ഷിച്ച രീതിയിൽ നി
ക്ഷേപങ്ങൾ വന്നില്ല. തകർന്നു കൊ
ണ്ടിരിക്കുന്ന സമ്പത് വ്യവസ്ഥയിൽ
ലാഭേച്ഛ മാത്രമുള്ള ഏതു സ്വകാര്യ
നിക്ഷേപകനാണ് നിക്ഷേപിക്കാൻ
ധൈര്യപ്പെടുക? കുറഞ്ഞ കോർപ്പറേ
റ്റ് നികുതി കോർപ്പറേറ്റുകളുടെ ലാഭം
വർധിപ്പിച്ചു എങ്കിലും അത് അവർ
പുനർ നിക്ഷേപം ചെയ്യാതെ ലാഭ
ത്തിലേക്ക് മുതൽക്കൂട്ടി.

ഈ കാഴ്ചപ്പാടിന്റെ ഭാഗമായാണ്
എല്ലാ മേഖലകളിലും സ്വകാര്യ
വൽക്കരണം അടിച്ചേൽപ്പിച്ചത്
.ഇന്ത്യയിലെ സ്വകാര്യവൽക്കരണം
മാനുഫാക്ചറിങ് മേഖലയിൽ ഗുരു
തരമായ ഒരു പ്രതിഭാസത്തിന്  തു
ടക്കം കുറിച്ചിട്ടുണ്ട്. ഏതാനും  ചില
വിദേശ നിർമാതാക്കൾ മാത്രമുള്ള
ഒലിഗോപോളി വ്യവസായങ്ങൾ
ഇന്ത്യൻ സമ്പത്വ്യവസ്ഥയിൽ ഉട
ലെടുത്തിരുന്നു. ഉദാഹരണത്തി
ന്സിവിൽ ഏവിയേഷൻ രംഗത്ത്
എയർഇന്ത്യയുടെ സ്വകാര്യവൽ
ക്കരണ തോടെ ഇൻഡിഗോയും
സ്പൈസ് ജെറ്റും അടങ്ങുന്ന വിരലി
ലെണ്ണാവുന്ന സിവിൽ ഏവിയേഷൻ
കമ്പനികൾ മാത്രമാകുന്നു.  ജിയോ,
എയർടെൽ, ബിഎസ്എൻഎൽ തു
ടങ്ങി ഏതാനും കമ്പനികൾ മാത്രം
അടങ്ങുന്ന ടെലികമ്യൂണിക്കേഷൻ
രംഗത്തും ഈ ഒലിഗോപോളി
ഉടലെടുത്തിരുന്നു. ഇന്ത്യയുടെ ടെ
ലിഫോൺ മേഖലയിൽ ഒരു കാല
ത്ത്ഇ ബി പി എല്ലും,എസ്കോട്ടെലും
പോലെയുള്ള അനേകം സേവന
ദാതാക്കൾ ഉണ്ടായിരുന്നു. ഇലക്ട്രോ
ണിക് സാധനങ്ങളുടെ നിർമ്മാണ
രംഗത്ത് തൊണ്ണൂറുകളിൽ ഉണ്ടായി
രുന്ന ഒനിഡാ, കെൽട്രോൺ ബി
പി എൽ എന്നീ കമ്പനികൾക്ക്
പകരം പാനസോണിക്, എൽ ജി
തുടങ്ങിയ ഏതാനും വിദേശ കമ്പ
നികൾ മാത്രമാണ് ഇന്ന്  ഉള്ളത്.
വാഹന നിർമ്മാണ മേഖലകളിലും
അനുബന്ധ മേഖലകളായ മറ്റു സ്പെ



യർപാർട്ടു നിർമാണ മേഖല, ടയർ നിർമാണ മേഖല എന്നിവിടങ്ങളിലും ഇത് തന്നെയാണ് സ്ഥിതി. ഏതാനും ചില കോർപ്പറേറ്റ് കമ്പനികളുടെ ലാഭം കുമിഞ്ഞു കൂട്ടുന്നതിന് ഇത് കാരണമാകും. നവലിബറലിസം അനുശാസിക്കുന്ന മത്സരാധിഷ്ഠിത കമ്പോളത്തിന് പകരം നയങ്ങളിൽ പരസ്പരാശ്രയത്വം വച്ചുപുലർത്തുന്ന ഏതാനും വ്യാവസായിക സംരംഭങ്ങൾ മാത്രം ഓരോ നിർമാണ മേഖലയിലും ഉള്ള ഒരു ഒലിഗോപോളിക് സമ്പദ് വ്യവസ്ഥ ഉണ്ടാകുന്നതിനും ഈ മാറ്റം കാരണമായേക്കാം. വ്യവസായങ്ങൾ ആർജ്ജിക്കുന്ന ഈ കുത്തക ശക്തിയെ (monopoly power) പരിപോഷിപ്പിക്കുന്ന നയമാണ്കേ ന്ദ്ര സർക്കാരിന്റേത്. 2020-21 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രോഡക്ട് ലിങ്ക്ഡ് ഇൻസെന്റീവ് പദ്ധതിയുടെ ലക്ഷ്യം തന്നെ ഇന്ത്യയെ ആഗോള പ്രധാന ശൃംഖലയുടെ ഭാഗമാക്കുക എന്നതാണ്. മറിച്ച് ഇന്ത്യൻ വ്യവസായ മേഖലയിലെ തനതു കമ്പനികളെ പരിപോഷിപ്പിക്കുകയോ അവരുടെ ഉത്പാദനം വര്ധിപ്പിക്കുകയോ ചെയ്യുക എന്നതല്ല.

നോട്ട് നിരോധനം 2016 ന ശേഷം നടന്ന തിരഞ്ഞെടുപ്പുകളിൽ ഒന്നും ബിജെപിയുടെ പ്രചരണ വിഷയമായിരുന്നില്ല. തിരഞ്ഞെടുപ്പിനുള്ള ബി ജെ പി യുടെ പ്രകടന പത്രികയിൽ എവിടെയും നോട്ടു നിരോധനത്തിന്റെ കാര്യം പരാമര്ശിക്കപ്പെട്ടില്ല. പ്രധാനമന്ത്രി അതിനെ സംബന്ധിച്ച് പിന്നീട് ഒരിക്കലും സംസാരിച്ചിട്ടില്ല. അതിനർത്ഥം ബി ജെ പി തന്നെ ഈ നയത്തെ ഉപേക്ഷിച്ചു എന്നാണ്. ഏതൊരു സാമ്പത്തിക നയവും നേട്ട കോട്ട വിശകലനത്തിന് വിധേയമാകണം. ജനങ്ങളെ ഏറെ ബാധിച്ച നോട്ട് നിരോധനം തീർച്ചയായും നേട്ട കോട്ട വിശകലനത്തിന് വിധേയമാകണം. എന്നാൽ അതും ഉണ്ടായില്ല. അതിൻറെ ഗുണഫലങ്ങളെ പറ്റി ഇക്കഴിഞ്ഞ അഞ്ചു വര്ഷക്കാലത്തിൽ ഒരിക്കൽ പോലും കേന്ദ്ര സർക്കാരിൻറെ ധന കാര്യ മന്ത്രാലയത്തിൻറെ സാമ്പത്തിക സർവേയിൽ പരാമർശവും ഉണ്ടായില്ല . അതായത് സർക്കാർ തന്നെ ഉപേക്ഷിച്ച ഒരു പദ്ധതിയാണ് നോട്ട് നിരോധനം. പക്ഷേ അതിന് ഇന്ത്യയിലെ സാധാരണ ജനങ്ങൾ നൽകേണ്ടിവന്ന വില വളരെ വലുതാണ് താനും.

അവലംബം:

*അനിൽ വർമ്മ ആർ, ടി കെ ദിവാകരൻ, ടി പി കുഞ്ഞിക്കണ്ണൻ (2017), "നോട്ടു നിരോധനവും ജി എസ് ടി യും " കേരള ശാസ്ത്ര സാഹിത്യ പരിഷത്.*

*National Crime Records Bureau (ncrb.gov.in) വിവിധ റിപ്പോർട്ടുകൾ*

*Reserve Bank of India (rbi.org.in) വിവിധ റിപ്പോർട്ടുകൾ*

*2020 -21 വർഷത്തെ കേന്ദ്ര ബഡ്ജറ്റ് India Budget | Ministry of Finance | Government of India*

*ഉത്സാ പട്നായിക്, പ്രഭാത് പട്നായിക് (2017) " A Theory of Imperialism" Columbia Press.*

**Dr. Biju. RI**
M.S.M. College, Kayamkulam

# Bringing the Empire Alive:

## The Ideological Background of the Scouts

The colonial rule was responsible for the birth of several youth organisations in the Asian and African colonies during the late nineteenth and early twentieth centuries. Among them the scouting was one of the biggest movements that the British initiated at the beginning of the twentieth century in their colonies. Britain as a colonial master believed that the scouting message of obedience, camping, hiking, social service and discipline would inculcate a sense of loyalty in the youth and lead to their acceptance of colonial domination. Through this mechanization actually they redefined the body and mind of the youth benevolent to the colonial rule. Foucault remarks that "the body is also directly involved in a political field; power relations have an immediate hold upon it; they invest it, mark it, train it, torture it, force it to carry out tasks, to perform ceremonies, to emit signs" (Michel Foucault, 1995, p.139). Foucault uses the language of "investing" and "marking" to emphasize the way in which power affects the body from the outside. Power in this sense functions beyond the control and comprehension of the individual who participates within the milieu.

The Scout Movement was launched in the defensive atmosphere of the Empire in the Edwardian period, under the guidance of Robert Stephenson Smyth Baden-Powell. The movement was related to the wider movement for national efficiency, civics and citizenship training, social service and public spirit (Allen Warren, 1986, p.238). At the same time, there were many overlapping themes in this movement and all of which drew on public school culture. Baden -Powell was a product of Charter House, a well-known public school (E.E. Reynolds, 1943, p.7). This public-school culture put particular emphasis on developing character in youth. Once the empire was established, the public school sustained it. For example, in India, many former public-school students were in the Indian Civil Service (ICS), other Indian services, and the military and there were a great many who worked as missionaries too (Ronald Hyam, 2002, p.12). Baden-Powell was a product of this system and served the empire within India and South Africa. Thus, there were plenty of imperial and military themes in the Scout Movement.

The term 'scouting' has come to mean a system of training in citizenship through games for boys and girls. According to Baden-Powell, "Scouting is a natural evolution of many ideas reduced to a system,



the main point about it being to recognise the basic needs of the nation and to have an elastic system where through to encourage the individual future citizen to develop in himself the qualities that are wanted." (Robert Baden Powell, 1923, p.26). A large number of British scholars have examined the entire aspect of the scout movement. Eric Hobsbawm rightly visualized that where a 'tradition' deliberately invented and constructed by a single initiator, as for the Boy Scouts by Baden Powell (Eric Hobsbawm and Terence Renger (eds), 1983, p.4). J.R. Gillis, observed that scouting is the British attempt to carry down into the working class the aristocratic and the middle-class compromise established by the public school system (J. R Gillis, 1973, p.249). John Springhall pointed out that "the ideology underpinning scouting was a combination of Baden-Powell's own personalised brand of social imperialism, an omnipresent social Darwinism and the Edwardian cult of national efficiency (John Springhall, 1971, p.126). Springhall indeed feels that the youth movements in Britain were agencies of protest manipulated in the interest of social groups led by the old and middle aged against the absence of compulsory military service for boys (John Springhall, 1971, p.127). However, the term scout denotes a person sent ahead to get information about the enemy's position, strength, etc. Thus, through the establishment of the Scout Movement, Baden -Powell tried to build an outstanding youth-oriented army of soldiers for the future protection of imperialism.

## The Materialization and Dissemination of the Movement

The genesis of the scout movement in 1907 was not an accidental happening or a historical fate. It was the culmination of a process in Baden -Powell's own personal experiences as a military officer in colonial nations of India and Africa in the late 19th and early 20th centuries. In 1893-94, while serving with his regiment, the 13th Hussars, Robert Baden- Powell realised that the ordinary peace training of soldiers for service inthe field was not sufficiently practical. Therefore, he conducted training sessions in his squadron for the men individually in scouting and camping (E.E. Reynolds, 1944, p.32). In 1897-98, having been transferred to command the Fifth Dragoon Guards, he carried on similar training, but on improved lines, with a view to develop character as well as field efficiency (Robert Baden-Powell, 1908, p.41). During the South African War (1899-1900), Baden-Powell organised the boys of Mafeking as a corps for general utility on scout lines rather than those of cadets. The experiment was a complete success, with the help of the local youth power he won the battle and hailed as a hero and popularly known as the hero of Mafeking. Britain greeted him with a promotion from Colonel to Major-General in British army and his first home posting in over twenty years as Inspector General of Cavalry.

His term as Inspector General of



Cavalry was the longest period that he had spent in England since he joined the army in 1876. His tours throughout the United Kingdom would have been an education in any event, but as a widely recognised public figure, this was doubly so since organisations wished to link his name with their own. Even before his return to England he realized the problems of the youth, they were indolent, lazy and drunkards were not associated with the empire. So a number of clubs made approaches to seek his public approval. Thus, in 1900, there were amongst others, the B-P League, the B-P Boys of Greenock, the B-P Anti-cigarette League and the B-P Brigade (Allen Warren, 1987, p.385). At first, Baden-Powell's messages to such groups reflected a man little versed in contemporary affairs – the basic theme tended simply to be "do your duty and don't smoke" (Allen Warren, 1987, p.386). Gradually, the content of Baden-Powell's speeches and messages begin to acquire a greater depth as his social experience widened. From 1906, the pattern began to change as he linked his ideas on cavalry training with those of boy training. Just as the new role of the cavalry required the essentially individualistic skills of a scouting and reconnaissance, so training in observation, tracking, map reading, camping and pioneering could be seen as assisting individual character development for both cavalry men and boys alike. Encouraged by William Smith of the Boys' Brigade (John Springhall, 1971, p.128). Baden -Powell began to develop his ideas on cavalry training for the boys in their field work.

He seems, for instance, to have been particularly impressed in May 1906 when inspecting a volunteer regiment in Lancashire he saw corpse of volunteer scouts lined to the regiment. Other elements also contributed to this growing awareness that scouting could have more than a strictly regimental value. In late 1906 he met Ernest Thompson Seton, the naturalist and the Red Indian enthusiast who was attempting, rather unsuccessfully, to establish a woodcraft organisation in Britain based on Red Indian symbolism and ceremonial, and the two men corresponded briefly (John Springhall, 1987, p.939). Finally, Baden-Powell appears to have read and absorbed Elliot Mills' doom -laden work 'The Decline and Fall of the British Empire', with its leading themes of internal, social and moral decay.

The result of all these contacts was that Baden- Powell agreed to run an experimental camp for boys on Brown Sea Island in Poole Harbour, on 29th July 1907, with twenty boys from different strata of society, where the organisation and programme would be based on scout training (Tim Jeal, 1989, p.18). At the camp, the twenty boys were divided into four patrols of five each. A boy leader of each patrol was given the full responsibility for all activities such as games, hikes, tracking,

stalking, observation, first aid, etc. Baden-Powell was very satisfied with the results of the experimental camp. It was a tremendous success; moreover, it was the beginning of the Scout Movement. Encouraged by the Brown Sea Island success, the Scout Movement officially started in 1908. The Movement drafted the scout principles such as the Scout Law and the Scout Promise. The scout unit was mainly classified into three sections, the Wolf Cubs between the ages of seven and twelve, the Boy Scouts between eleven and eighteen and the Rover Scouts, from the age of seventeen. Thus, if a boy at the age of seven joined scouting, he would grow in a scouting ambience and emerges as a future warrior fully equipped to protect the empire at the age of eighteen. Scouts and Guides were equated with wild animals viz; wolves, lions, tigers, pythons, cubs and blue birds which symbolised the keenness and the sense of cleanliness of the wolves, the firmness and chivalry of tigers and lions, the bonding power of the python and the swiftness and accuracy of the birds, etc. The British nation required youth with such qualities which could be achieved through scouting. The rapid progress of the Scout Movement led to the launch of a sister organisation, the Girl Guide Association in 1910, precisely on similar lines and principles of scout movement. The Bible of the movement, Scouting for Boys, was published in 1908, Scouting for Boys was a hotchpotch of ideas, training devices, games and stories all centred on the idea of scouting.

Scouting emphasised outdoor activities such as camping, hiking and sports both in nature and on the open road, and satisfied a boy's desire for new experiences, while the use of uniforms, merit badges and ranks helped him in getting social recognition. All these were strong stimuli for the youth to join scouting. Baden- Powell observed that scouting returns to nature to overcome the effects of our "over civilization" and to "restore to the British nation its moral and physical robustness and its vitality." (Robert Baden-Powell, 1908, p.36). The rapid growth of the young Boy Scout movement in England was due, in part at least, to the outstanding leadership qualities of Baden-Powell, who in 1910 decided to leave the army and devote all his time to the newly created organisation.

## Imperial constituent in the Movement

Imperialism became a central part of the ideology of the British governing classes from after the early 1890s until the 1950s. Imperialism became a distinctive part of English nationalism (John M. Mackenzie (ed.,) 1989, p.237). In many ways, Baden-Powell is an excellent case study of the popular impact of the various strands which made up the imperial enthusiasm in the years following the Boer War. After a fairly routine military career from the late 1870s, largely in colonial and Indian postings, Powell was suddenly projected into the public eye by the Siege of Mafeking between 1899 and 1900. This experience made him an almost exemplary imperial hero, a worthy successor of Havelock and Gorden (John M. Mackenzie (ed.,), 1989, p.12). In the late nineteenth and early twentieth century, Britain followed the imperialist way of thinking very attentively in different ways. So there were deeper ideological underpinnings between the scouts and imperialism as well. Eric Stokes highlighted how pre-capitalist, feudal residues existed alongside modern, bourgeois capitalist elements in late nineteenth and twentieth century imperialism (Eric Stokes, 1960, p.27).

Many aspects of character, for instance, were derived from a pre -capitalist code which esteemed duty, valour, heroism and chivalry. This 'mystique of pre-capitalist society being projected on a modern world' has particular appeal to sections of the middle classes connected to the military and colonial administration (Eric Stokes, 1960, p.30). There was a strong attachment to the soil and land, an affinity for the rural over a debilitating urban modernity, and a distrust of modern society and mass democracy. After the Boer War of 1899-1900, the empire was increasingly equated with open skies, fresh air and the healthy, invigorating frontier which allowed for the full blossoming of character. The ideal was the unreflecting and inarticulate citizen, without mind or voice, who was able to get the job done for the country and Empire while suffering and sacrificing in silence. These conservative imperial ideas were apparent in Baden-Powell's scout programme. At the same time, it was not in the same degree as with Rudyard Kipling and Milner.

The social aspects of the imperial frame of mind that prompted a few developments in the years before 1914 seem to exemplify more clearly the popular face of imperialism than the twin creations of the defender of Mafeking and the Scouting and Guiding Movements. The content of Baden-Powell's handbook, Scouting for Boys and his later collaborative work with his sister Agnes, The Handbook for Girl Guides or How Girls can help build the Empire seem to fully confirm the impression of an essentially defensive domestic ideology underpinning of both these organisations for children and young people. Undoubtedly, elements of a defensive domestic imperialism can be found in the early writings of Baden-Powell and in some of the social sentiments which responded to his ideas about the need for boy training. But as with other aspects of popular imperialism, historical attention tended to concentrate rather exclusively upon the years before 1914 and upon Great Britain itself. This had had the effect of obscuring the variety of imperial sentiment and opinion. In addition, too close attention to the earliest writings of Baden-Powell ignores the fact that his own opinions, imperial or otherwise, were not static but



proved to be capable of evolution and development in response to changing perceptions about the purpose of Scouts and Guides. The organisations that survived the reactions against popular patriotism which followed the First World War, the Guide Movement in particular, experienced a rapid expansion both at home and abroad throughout the 1920s (John M. Mackenzie, 1989, p.232). In fact, the Scout and Guide Movements were in many ways at their imperial features between 1920 and 1955. This suggested that their ideological underpinnings may be a little more complex than they have seemed to those who have confined their attention to the years before 1914.

The Boy Scouts were not simply conceived by Baden-Powell as 'a happy idea'. Rather, they were a youth training scheme intended to counter two interlinked fears that he had been made aware of while returning from South Africa in March 1903. The first was the perceived threat in German invasion which reached its height in the 1906-1908 period, i.e., the same period as the take-off of the movement (Sam Pryke, 1998, p.311). The second fear was that the youth of England were indolent and they were not aware that they belonged to a vast Empire. The cover of Scouting for Boys which was initially published between January and April 1908, had an illustration of a boy on the lookout for enemy ships upon the horizon. The next year, King Edward VII sent a written message to scouts at the first national rally at Crystal Palace. In it he declared his support for the organisation on the grounds that the patriotic responsibility and habits of discipline it was teaching them would enable them to do their duty as men, should any danger threaten the Empire Baden-Powell stated in the preface to the 1916 edition of Scouting for Boys that the war and the Boy Scouts' response to it had justified his warning in previous editions that “We as a people should

BE PREPARED

A recurring theme in the early scout leaders' writings is the analogy between the fall of Rome and the potential implosion of the British Empire. Baden-Powell was much influenced by the book The Decline and Fall of Rome. The basic message he and others extracted from the book was that the Roman Empire had succumbed to invasion due to weakness at home, its inhabitants having grown indolent and too prone to easy living. Baden-Powell thought that similar evils were evident in Great Britain (Sam Pryke, 1998, p.313) At this juncture, he was greatly influenced in 1907 by Elliot Mills anonymously published book 'The Decline and Fall of the British Empire' which served as the basis for much of what he wrote on patriotic instruction in Scouting for Boys with all its simple-minded concentration on healthy attitudes as the basis of national strength.

Another interesting point related to

the imperialist ideology was that it was from his military experience of reconnaissance and scouting that Baden-Powell developed his hostility to uniform drill-based instructions and mass methods of education, onto which he grafted an essentially popularised idea of character training for boys (Allen Warren, 1987, p.949). Despite his belief in social corporatism, Baden-Powell always remained hostile to rote learning whether in the schoolroom, army class or youth brigade. In his scheme of things, instruction took place in small groups or patrols with individual personal attention given to each scout either by his patrol leader or his scout master who had to have a natural sympathy with the young if they were to be effective in bringing out each child’s talent. Individual character had to be developed to encourage initiative and self-reliance, eschewing charity or state support. Baden-Powell had little use of social explanations of personal inadequacy or for political remedies for social ills, relying on more familiar mid -Victorian ideas of self-help and personal independence. Despite this later traditionalism, the fundamental individualism of Baden-Powell’s methods gave his approach a highly progressive and innovatory gloss in the years which followed 1910.

Baden-Powell’s own personal imperial commitment was expressed through Scouting and Guiding and remained largely free standing. He rarely committed himself to other imperial organisations such as his support for the Empire Marketing Board and the Tudor Rose League in 1931 and 1932 (John M. Mackenzie, 1989, p.240). In particular, he was always known to associate the royal family with the Scout and Guide Movement. Each Scout and Guide in their Promise committed themselves to serve the King who was presented as the exemplar of the imperial ideal. In its turn the royal family willingly accepted this association. Almost all of the children of George V were connected in one way or another Scouting and Guiding movements, most notably the Prince of Wales and Princess Mary. On the return from his imperial tour of 1922, the Prince of Wales was greeted by a posse of 60, 000 scouts. This occasion enabled the Prince as Chief Scout of Wales to appear in Scout uniform for the first time (George R.L., 1933, p.24). In the same way, Princess Mary visibly identified herself with the Guide movement in the 1920s, frequently attending Guide rallies and meetings as the Association's President. In the middle years of the First World War, the Girl Guides remained a small patriotic and imperial organisation having strong links with the Primrose League and the Girls' Patriotic League. The early covers of the Girl Guide Gazette bore the motto 'King, God and Empire' and the annual celebration of Empire Day gave the Guides more in common with the Junior Associates of the Victoria League than with the Scouts. The Imperial Headquarters was the central policy-making body. It exercised a necessarily loose-reigned control as the two movements strove to accommodate the variety of local circumstances throughout the Empire. The imperial role lived out by Baden-Powel in his later years was continued by his successors as Chief Scout. At the same time, in colonial countries such as India and Africa, the Scout Movement was purely with the principles and directions of the Imperial Headquarters of Scouting in





London and under the official body of British Government (Robert Baden Powell, 1924, p.53).

Baden-Powell was not particularly a fervent Christian. Religion was utilised to justify racial superiority. In an early edition of The Scout, for example, Baden-Powell states that though they are one great family, the whites are God (The Scout, Vol. IV, no. 8, 1910, p. 3). But Baden-Powell never seemed to have attempted to explain or justify white rule within the Empire in anything approaching a systematic fashion. Rather, the implication was that as their valiant forefathers began the Empire, the British had an unquestioned right to it and should retain it. His usual concerns were practical ones. “One fifth of the world’s population is ours to use or abuse…. It is a magnificent Empire which the Union Jack flies over, but it is still at the beginning of its development. The white population amounts to only a quarter of our crowed island. (The Scout, Vol. IV, no. 8, 1910, p. 4).

The obvious solution was therefore emigration: “British blood is greatly needed to correct superior because of their knowledge and love of the influx of alien breeds of all kinds who want to reap the fruit which the British colonialists have sown (Sam Pryke, 1998, p.317) As regards the relationship between colonialists and natives a regular nigger hater conceived it as akin to that between a parent and a naughty child.

The Scouts' ideology was not a pastoral patriotism so much as an imperial nationalism. It is important finally to note that it would be wrong to cast Baden-Powell as a complete bigot, incapable of recognising qualities in other nationalities. Though an orientalist (in the sense given by Edward Said) in his depiction of colonial peoples, he genuinely admired groups like the Zulus and the Red Indians. Moreover, his admiration was not simply a drawing-room romanticisation, but one central to his conception of masculine virtue. Secondly during his extensive foreign travels, Baden -Powell often remarked upon the warmth, friendliness and virtues, such as courage, of the various people with whom he came into contact.

Imperialism is reflected in the nationalist appeal as expressed in the Scout Promise, the Scout Law and Boy Scout publications. They specifically mentioned that a scout should do his duty to God, King-Emperor and his country and be loyal to the King and his country. The appeal of Scouting for Boys undoubtedly showed Baden-Powell’s knack of putting things across. In the first pages of Scouting for Boys there is a section which begins like this. "I suppose every British boy wants to do something for his country. One way he can do this is by becoming a Boy Scout. (Robert Baden-Powell, 1908, p.278) In those days they were proud of their country and the

patriotic bit was quite a real one for boys. Of course, the unconventional nature of the uniform and the position of Baden-Powell as a war hero helped them to make the organisation to hefty heights.

The first step for a boy who entered the Boy Scout movement was to accept the scout promise and scout law. The scout law was framed on the basis of colonial interest: A scout's honour is to be trusted, a scout is loyal to God, King and Country and a brother to every other scout, no matter what social class the other may be in. The scout law makes it clear that when a boy became the member of the scout troop, he became the integral part of the King and his Country, the king was the British and the country belongs to the colonial empire of Britain.

No doubt there was considerable variation between different troops. But virtually all troops would have raised and saluted the British flag at meetings, and most would have spent some time on drill and parade (the scouts took part in Empire Day parades in 1909 and 1912) and been told of the Empire and of the importance of national service during the meetings (Sam Pryke, 1998, p.318). In Scouting for Boy's Baden-Powell advises scoutmasters to buy a map of the British Empire to show boys at the local meetings and to get them to find out the sites of local national importance. This also helped the youth to come closer to the Empire.

In his Scouting for Boys in India, the chapter on Patriotism, Baden Powell expresses his sentiments thus: "The preservation of the Empire will largely depend upon you, the younger generation of Britons that are now growing up to be the men of the Empire" (Robert Baden –Powell, 1923, p.264) And he calls upon them to keep themselves "fit to step into the place of those who have gone before" and not to be "disgraced like young Romans who lost the Empire of their forefathers." (Robert Baden –Powell, 1923, p.264). This was the sound advice given to the boy scouts. Statement like these increases the lurking suspicion that the aim of scouting in British colonies was to make their boys patriotic citizens of the land. The scout organisation in India was not conducive to the development of Indian boys on true national lines as it was a part of the imperial environment.

Conclusion

Robert Stephenson Smith Baden Powell, a British military officer and the architect of the Scout Movement formulated it to protect British hegemony in the world and particularly in the colonies, in a sound imperialistic framework. It focused on mobilizing the youth in schools and colleges. A native youth was to begin his scouting career with the acceptance of scout principles. These principles clearly mentioned that a scout should obey the aims, motto and ideas of the movement. Obedience always meant allegiance of the highest order. A boy studied the principles of scouting with the help of Rudyard Kipling's stories, games, camping, hiking, physical exercises and rallies the native body of the youth gradually became entrenched in the imperialist framework.In this manner scouts also played a vital role to strengthen and sustained the colonial rule in Asia and Africa.

Nowadays the scouts across the globe use the age-old colonial symbols in the form of dress code, stories, ideas and principles initiated by Robert Baden Powell. Here comes the question of colonial elements in a post - colonial society. It proves that the marks of colonial/imperial elements never evaporate from a country which was once subjected to colonial rule. Thus, the empire is alive through the psyche and body of the youths.

References

Baden Powell Robert, Scouting For Boys, C Arthur Pearson Ltd, London, 1908.

Baden Powell Robert., Scouting and Youth Movements, Benn's Sixpenny, New York, 1929.

Foucault, Michel, Discipline and Punish: The Birth of the Prison, New York, 1995.

Hobsbawm, Eric, j. Terence, O. Ranger, (eds.), The Invention of Tradition, Cambridge University Press, Cambridge, 1983.

Jeal, Tim, Baden-Powell, Amazon Publishers, London, 1989.

MacDonald, H. Robert., Boys of the Empire, University of Toronto Press, 1993.

Mackenzie, M.John, (ed.) Imperialism and Popular Culture, Manchester University Press, Manchester, 1986.

Mill, Eliiot, The Decline and Fall of the British Empire, National School of Japan, Tokyo, 2005.

Pryke, Sam, „The Popularity of Nationalism in the early British Boy Scout Movement" in Social History, Vol. 23, 1998.

Reynolds, E.E, B-P:The Story of His Life, Oxford University Press, London, 1942.

Reynolds, E.E, Boy Scouts, Oxford University Press, London, 1950.

Rosenthal, Michael, Character Factory, London, 1986,

Springhall, John, „Debate Baden Powell and the Scout Movement Before 1920: Citizen Training or Soldiers of the Future" in English Historical Review, Vol. C11, 1987.

Stokes, Eric, The Political Ideas of English Imperialism, Oxford University Press, London, 1960.

Warren, Allen, „Baden-Powell: a Final Comment" in English Historical Review, Vol. C11, 1987

The Boy Scouts Association Year Book, Boy Scout Association India, New Delhi, from 1912 to 1940.

The Scout, Vol. XIII. 1918.

**ജ്യോതി ശ്രീധർ**
എൻ എസ് എസ് ഹിന്ദു കോളേജ്, ചങ്ങനാശ്ശേരി

# ജന്തുശാസ്ത്രം

മൂന്നാംപിറയെന്ന പഴികേട്ടോട്ടുവിൽ,
ശിഷ്ടജന്മത്തിന് വിലാസം കൊതിച്ച്
ഞാൻ പെണ്ണായവളായി.
ഉള്ളിലെ ഒരു പെരുംപാറയെ ഉടച്ച്
നെഞ്ചിനുള്ളിൽ കരിങ്കല്ലുകൾ വിതറി.
കേട്ടവർ മൂക്കത്ത് വിരൽ വച്ചു!

സ്വശരീരത്തെ
കൊടുംവനത്തിൽ നിന്നെന്ന പോലെ
മെരുക്കി, സ്വഗൃഹമെത്തിക്കാൻ,
ഇരുണ്ട യുദ്ധകാലങ്ങളിൽ
മല്ലടിച്ച് ജീവിച്ചവളാണ് ഞാൻ.

ദ്വന്ദ്വങ്ങളിൽ സദാവസിക്കുന്ന
മനുഷ്യസങ്കല്പങ്ങളെ പുച്ഛിച്ച്
ഒരിടം ഞാൻ പിടിച്ചെടുത്തു.
ഇന്ന് യുദ്ധാന്ത്യമാണ്.
ജയിക്കുന്നവർക്ക് പക്ഷേ
ഭ്രഷ്ടുണ്ട് ഈ യുദ്ധത്തിൽ.

വീട്ടിലേക്കുള്ള വഴിത്തുമ്പിൽ
പതിവുപോലുമ്മ വയ്ക്കാൻ,
പക്ഷേ,
ഓടിവരുന്ന ഒരുവളുണ്ട്,
ഇന്നും.

കുതിച്ച്, പൂട നിറഞ്ഞ മുൻകാലുകൾ
എൻ്റെയരയിൽ കെട്ടി,
വയറിൽ മുഖം ചേർത്തവൾ നിന്നു.
"നീ പെണ്ണായോ?" എന്ന കുശലില്ല!
വാർത്തകൾ അറിയണ്ടാത്ത ജന്തു!

അയൽപക്കത്തെ തിണ്ണയിൽ
ചൂടുചായയ്ക്കപ്പോൾ
ഞാനായിരുന്ന കടിയെന്നോർക്കണം!
നാലാൾ കൂടുന്ന ഇടങ്ങളിൽ
അഞ്ചാമാളായി ഞാൻ
അവരുടെ നാവിൽ തുള്ളിക്കളിച്ച
ഈ ദിനത്തിലാണ്
ഇവളിങ്ങനെ!

അവൾ ഉമ്മകൾ കൊണ്ട് മൂടുമ്പോൾ,
പെണ്ണിൻ്റെ കണ്ണീർത്തുള്ളികൾ
എന്നിൽ നിന്ന് വാർന്നൊഴുകുമ്പോൾ,
പിന്നാമ്പുറത്ത് നിന്നെൻ്റെ അമ്മക്കണ്ണുകൾ
വീടകം പൂകി പാത്തിരുന്നു.

മുൻവാതിൽ കൊട്ടിയടച്ചപ്പോൾ,
സ്വർഗ്ഗത്തിൽ നിന്നു വീണ പോലെ
മുകളിൽ നിന്നാരോ എറിഞ്ഞൊരു
ഭാണ്ഡക്കെട്ടിൽ നിന്ന് എത്തിനോക്കി,
എൻ്റെ ആധാർകാർഡ്-
വലിയ തെറ്റുകൾ തിരുത്താനുള്ളത്.

ഭാണ്ഡവും ചുമന്ന്
ഗേറ്റും കടന്ന് പോകുമ്പോൾ
അപ്പുറത്തെ മതിലുകൾക്കു മീതെ
ഒളിക്കണ്ണുകളെങ്കിലുമുണ്ട്.
എൻ്റെ വീട് പക്ഷേ മരണം പോലെ
മിഴിപൂട്ടിയിരുന്നു.

മാറിയെന്ന് നിനച്ചത് ഞാനാണ്;
മാറിയത് ഞാൻ അല്ലാത്തതും,
ഒരു ജന്തുവൊഴിച്ച്.
ഞാൻ ആരായാലെന്ത്,
ഞാൻ ഞാനായിരുന്നാൽ
മതിയാകുമവൾക്ക്.
ലോകവിവരമില്ലാത്ത ജന്തു!

ഡോ. ജ്യോതിമോൾ പി
ബസേലിയസ് കോളേജ്, കോട്ടയം

# റഷ്യയിൽ നിന്ന് നാല് പ്രേമകവിതകൾ

## 1. അലക്സാണ്ടർ പുഷ്കിൻ

ആധുനിക റഷ്യൻ സാഹിത്യത്തിന്റെ പിതാവ് എന്ന് അറിയപ്പെടുന്നു. 1825 ലെ ഡിസംബറിസ്റ്റ് വിപ്ലവത്തിന്റെ ചിന്തകൾ കവിതകളിൽപ്രതിധ്വനിച്ചിരുന്നു. കവിതകളിലെ രാഷ്ട്രീയം നാടുകടത്തലിൽ കലാശിച്ചു. മതത്തിനും അക്കാലത്തെ സാമാന്യ സാമൂഹിക വിശ്വാസങ്ങളെയും ചോദ്യം ചെയ്തുകൊണ്ട് റഷ്യ യുടെ പല ഭാഗങ്ങളിലേക്കും നിഷ്കാസിതനായി. റഷ്യൻ നാടോടിക്കഥകളും ചരിത്രവും സാഹിത്യകൃതികളിലുടനീളം ദൃശ്യമാണ്. പ്രണയത്തിനു വേണ്ടി ദ്വന്ദയുദ്ധങ്ങൾ നടത്തിയ കാമുകൻ. ഗദ്യകവിത എവിജിനി ഓനെജിൻ 1833ൽ പുറത്തുവന്നു. കാല്പനിക, സ്വാതന്ത്ര്യ മോഹികളായ ഒരു തലമുറയുടെ മുഴുവൻ നേതാവായിരുന്നു പുഷ്കിൻ. റസ്ലൻ ആൻഡ് ല്യുഡ്മില,ദി ക്വീൻ ഓഫ് സ്പെയ്ഡ്സ്,ബോറിസ് ഗോദുനോവ്,ഈജിപ്ത്യൻ നൈറ്റ്സ് എന്നിവ മറ്റു പ്രസിദ്ധ കൃതികൾ.



### *ഞാൻ നിന്നെ പ്രണയിച്ചിരുന്നു*

*ഞാൻ നിന്നെ പ്രണയിച്ചിരുന്നു: ഒരു പക്ഷെ, എന്റെ*
*ആത്മാവിൽ നിന്നും ആദ്യ പ്രേമം പോയിരുന്നേ ഇല്ല,*
*പക്ഷെ എന്റെ ഭിക്ഷ നീ ഓർമിക്കേണമെന്നില്ല,*
*നിന്നെ വേദനിപ്പിക്കാൻ ആഗ്രഹം ഇല്ലെനിക്ക്.*

*ഞാൻ നിന്നെ നിശ്ശബ്ദമായി പ്രണയിച്ചിരുന്നു, പ്രതീക്ഷയില്ലാതെ, പൂർണമായി, സങ്കോചത്തിൽ, അസൂയയിൽ , വേദനയിൽ,*
*ഞാൻ നിന്നെ മൃദുവായും സത്യമായും പ്രണയിച്ചിരുന്നു,*
*മറ്റൊരുവൻ നിന്നെ പ്രേമിക്കുന്നത് സമ്മതിക്കാൻ പാകത്തിൽ.*

## 2. അന്ന അഖമതൊവ

റഷ്യയിലെ ഏറ്റവും പ്രശസ്തരായ കവികളിലൊരാൾ. വിപ്ലവ പൂർവ റഷ്യയെയും സോവിയറ്റ് റഷ്യയെയും ഒരുപോലെ അറിഞ്ഞെങ്കിലും റഷ്യൻ കവിതയുടെ ക്ലാസിക്കൽ സ്വഭാവം നിലനിർത്തിയ എഴുത്തുകാരി. Stray Dog എന്ന കാബറെ ഹാളിലെ നിത്യ സന്ദർശക, പാപവും പ്രായശ്ചിത്തവും ആണ് ആദ്യ കവിതകളിലെ വിഷയം. ഒരു പോലെ തീക്ഷ്ണമായ ലൗകികവും, ദൈവികവുമായ പ്രേമം കവിതകളിൽ നിറഞ്ഞു നിൽക്കുന്നു. ജീവിതത്തിലും പ്രണയം നിറച്ച




കലാകാരി.കമ്മ്യൂണിസ്റ്റ് ഗവണ്മെന്റ് ഉദ്യോഗസ്ഥർ അവിഹിതം എന്ന് വിധിച്ച് അഖമാതോവ കവിതകൾ നിരോധിച്ചു. പിൽക്കാലത്തു പ്രണയത്തിനൊപ്പം ദേശസ്നേഹവും കവിതകൾക്ക് വിഷയമായി. ബോൾഷെവിക് ഭരണകാലത്തു ഗവണ്മെന്റിന്റെ കടുത്ത സെൻസറിങ്ങിനു വിധേയയായി. 1925 ന് ശേഷം 1940ൽ മാത്രമാണ് അഖമാതോവ കവിതകൾ പ്രസിദ്ധീകരിക്കപ്പെട്ടത്. ഈവെനിംഗ്, റോസറി, വൈറ്റ് ഫ്ലോക്ക് എന്നിവ ചില കവിതാസമാഹാരങ്ങൾ ആണ്.

**പ്രേമം**

*തുടക്കത്തിൽ, പാമ്പ് കണക്കെ, നിന്റെ ഹൃദയത്തിന്*
*അടുത്ത് അതിന്റെ മയക്കു വിദ്യ പ്രയോഗിക്കും, ചുരുണ്ടു കിടന്ന്.*
*പിന്നീട്, ഒരു മാടപ്രാവുപോലെയുംവരും,അതുപോലെ*
*ദിവസങ്ങളോളം കുറുകിക്കൊണ്ട്, നിർത്താതെ.*
*ശൈത്യത്തിൽ, അത് ചുരുണ്ടു കാണപ്പെടും,അല്ലെങ്കിൽ രക്തപുഷ്പങ്ങളുടെ മയങ്ങുന്ന ഭൂമിയിൽ....*
*ഒളിച്ചും ഉറപ്പായും നിന്നെ അനുഗമിച്ചു കൊണ്ടിരിക്കാൻ എല്ലാ ആനന്ദത്തിൽ നിന്നും, വിശ്രമത്തിൽ നിന്നും അകലെ.*
*ഒരു വയലിൻ പ്രാർത്ഥനയുടെ അഭിലാഷത്തിൽ, മധുരമായി,അത് അൽപനേരം തേങ്ങും,*
*എത്ര ഭയാനകമാണ് അത് ഇനിയും അപരിചിതമായ ഒരു പുഞ്ചിരിയിൽ തിരിച്ചറിയുന്നത്.*

## 3. ഒസിപ് മണ്ടേൽസ്റ്റം

ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും ശ്രദ്ധേയനായ റഷ്യൻ കവി.അക്മെയിസ്റ്റ് സ്കൂളിൽ പെട്ട കവി. ആദ്യത്തെ കവിത സമാഹാരം സ്റ്റോൺ തന്നെ ശ്രദ്ധയാകർഷിച്ചു.അക്കാലത്തു പ്രചാരത്തിലിരുന്ന സിമ്പോലിസ്റ്റ് കവിതകളിൽ നിന്നു മാറി സഞ്ചരിച്ചു. കവിതകൾ നിരീക്ഷണങ്ങളുടെയും, ചിന്തകളുടെയും, വികാരങ്ങളുടെയും നേർ പ്രതിഫലനം ആയിരുന്നു. ബോൾഷെവിക് രാഷ്ട്രീയതിനപ്പുറം



കവിതകളിൽ ഹ്യൂമനിസ്റ്റ് ചിന്തകൾക്ക് പ്രാധാന്യം നൽകിയതിനാൽ അധികാരികളുടെ അപ്രിയം സമ്പാദിച്ചു.ട്രിസ്റ്റ്യ എന്ന രണ്ടാമത്തെ കവിതാസമാഹാരം പ്രസിദ്ധീകരിച്ചു. വ്യക്തി സ്വാതന്ത്ര്യത്തെയാണ് അത് ആഘോഷിച്ചത്. അധികാരികളുമായി നിരന്തരം കലഹിച്ച കവി ഇടയ്ക്ക് നാട് വിടുകയും പില്ക്കാലത്ത് തടവിൽ അടക്കപ്പെടുകയുമുണ്ടായി. കവിത സമാഹാരങ്ങൾ,മോസ്കോ നോട്ട്ബുക്സ്,ഈജിപ്ഷ്യൻ സ്റ്റാമ്പ് എന്നിവ പ്രധാന കൃതികൾ.

### എന്റെ ഇഷ്ടം നടന്നിരുന്നെങ്കിൽ

*എന്റെ ഇഷ്ടം നടന്നിരുന്നെങ്കിൽ,*
*ശ്രദ്ധിക്കപ്പെടാതെ, ഒരു പ്രകാശകിരണത്തിന് പിന്നാലെ ഞാൻ പാഞ്ഞേനെ, എനിക്ക് സാധിക്കാത്തിടത്തേക്ക്!*
*പക്ഷെ നീയൊരു വൃത്തത്തിൽ തിളങ്ങുന്നു --*
*അതിനപ്പുറമൊരു ആനന്ദമില്ലല്ലോ,*
*നക്ഷത്രത്തിൽ നിന്നു ഉൾക്കൊള്ളുന്ന*
*ഉള്ള പ്രകാശം വേണ്ടപോൽ.*

*ഇത് പ്രകാശകിരണത്തിനു അതിന്റെ രൂപം കൊടുക്കുന്നു,*
*വെളിച്ചത്തെ വെളിച്ചമാക്കുന്നിത്,*
*ആ ചിലപ്പുകൾ ചൂട് പകരുന്നു,*
*ആ സ്വകാര്യങ്ങൾ ശക്തിപ്പെടുത്തുന്നു.*

*ഞാൻ നിന്നോട് അടക്കം പറയുന്നു*
*,ഇന്ന് ഞാൻ, സ്വകാര്യമായി, പ്രിയപ്പെട്ടവളെ,നിന്നെ*
*പ്രകാശകിരണത്തിന് കൈമാറുന്നു.*

## 4. മരിന സ്വേറ്റെവ

20 നൂറ്റാണ്ടിലെ ശ്രദ്ധിക്കപ്പെട്ട റഷ്യൻ കവികളിലൊരാൾ. പതിനെട്ടാമത്തെ വയസ്സിൽ ഈവെനിംഗ് ആൽബം എന്ന ആദ്യ കവിതാസമാഹാരം പുറത്തിറക്കി. റഷ്യൻ ചരിത്രത്തിന്റെ കലുഷിതകാലങ്ങളിൽ ജീവിച്ചു. ഒസിപ് മണ്ടേൽസ്റ്റാമിന്റെ പ്രണയിനി ആയിരുന്നു അല്പകാലം. മോസ്കോയിലെ പട്ടിണിക്കാലത്തു സ്വന്തം കുഞ്ഞുങ്ങളെ അനാഥാലയത്തിൽ അയക്കേണ്ടി വന്നു. ദാരിദ്ര്യം മൂലം റഷ്യ വിട്ടു പല യൂറോപ്യൻ നാടുകളിലും കറങ്ങി, അവസാനം 1939 വരെ പാരിസിൽ താമസിച്ചു. 1939 ൽ സോവിയറ്റ് യൂണിയനിൽ തിരിച്ചെത്തി. ജർമൻ സൈന്യം, സോവിയറ്റ് യൂണിയനെ ആക്രമിച്ചപ്പോൾ യേ





ലാബുഗായിലേക്ക് ഒഴിപ്പിക്കപ്പെട്ട മറിന സ്വേറ്റെവ 1941ൽ ആത്മഹത്യ ചെയ്തു. പ്രത്യേകതയുള്ള വാക്യഘടന, പെട്ടെന്ന് മാറി മറിയുന്ന വികാര വിക്ഷോഭങ്ങൾ, നാടോടിശീലുകൾ എന്നിവ കവിതയുടെ പ്രത്യേകതകളാണ്. റഷ്യൻ ചരിത്രത്തിലെ ഭീകര കാലത്തെ സ്ത്രീ അനുഭവങ്ങളും കവിതകൾക്ക് ആധാരമായി. മറിന സ്വേറ്റേവയുടെ തിരഞ്ഞെടുത്ത കവിതകൾ പ്രധാന കൃതി.

## *പ്രണയമേ ! ഞെളിപിരി കൊള്ളുമ്പോഴും,*

*പ്രണയമേ ! ഞെളിപിരി കൊള്ളുമ്പോഴും, ശ്മശാനത്തിൽ പോലും*
*ഞാൻ ശ്രദ്ധിക്കും - പാളിനോക്കും - ഭയക്കും - കുതിച്ചോടും*
*പ്രിയപ്പെട്ടവളെ, നാം പിരിയുന്നത് മഞ്ഞു മൂടിയ ഗുഹകളിൽ ആകില്ല*
*മേഘങ്ങളുടെ ശവക്കുഴിയിലുമല്ല നാം പിരിയുന്നത്!*
*ഞാൻ ശോഭയാർന്ന ഈ രണ്ടു ചിറകുകളാൽ അനുഗ്രഹീതയാണ്, ഹൃദയത്തിൽ ഭാരമേറ്റുന്നതിനു വിസമ്മതിക്കുന്നു ഞാൻ.*

*ഞാൻ പെരുക്കുന്നുമില്ല ഗ്രാമീണരുടെ പൊതിഞ്ഞുവച്ച, അന്ധമായ, ശബ്ദമില്ലാത്ത*
*നികൃഷ്ടമായ ദുർവിധികളെ,*
*ഞാൻ എന്റെ കൈകളെ സ്വതന്ത്രമാക്കും! അതിനു ശേഷം, മരണമേ, എന്റെ ഉറപ്പുള്ള ഉടലിനെ, ഒരൊറ്റ തട്ടു കൊണ്ട്, നിന്റെ വസ്ത്രങ്ങളിൽ നിന്നു സ്വതന്ത്രയാക്കും ഞാൻ!*

*ആയിരം കാതങ്ങളോളം കാട് എരിഞ്ഞു ചാരമാകുകയും*
*ഉതിർന്ന മഞ്ഞ് ഉരുക്കുകയും ചെയ്യും.*
*അങ്ങനെയെങ്കിലും,-എന്റെ ചിറകുകളെ, ചുമലുകളെ,കാൽമുട്ടുകളെ*
*അമർത്തി,*
*കല്ലറയിലെക്കെന്നെ ചുമക്കാൻ അനുവദിക്കും,-ഞാനിത് ചെയ്യുന്നത് ഇതിനുമാത്രം,*
*എന്തെന്നാൽ, ചാരത്തിനുമീതെ ചിരിച്ചു കൊണ്ട് -ഒരു കവിതയൊ, പുഷ്പമോ ആയി ഉയിർത്തെഴുന്നേൽക്കും ഞാൻ.*

**വിവേക് ജേക്കബ് എബ്രഹാം**
കാതോലിക്കേറ്റ് കോളേജ്, പത്തനംതിട്ട

# ക്വാഡും-ഓക്സും ഇന്തോ - പസഫിക്കിലെ വൻശക്തി രാഷ്ട്രീയവും

ശീതയുദ്ധാനന്തര കാലഘട്ടത്തിനു ശേഷം ഏക ധ്രുവ ലോകം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു അല്ലെങ്കിൽ ഏകപക്ഷീയമായ അമേരിക്കൻ മേധാവിത്വം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന സാഹചര്യം മൂന്ന് പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ഇറാഖിലെയും അഫ്ഗാനിലെയും സിറിയയിലെയും അമേരിക്കൻ പരാജയത്തോടെ അസ്തമിക്കുന്നതായി കാണാം. അഫ്ഗാനിസ്ഥാനിലെ തിരിച്ചടി ലോക രാഷ്ട്രീയ ക്രമത്തിലെ എക്കാലത്തും തങ്ങളുടെ നയ തീരുമാനങ്ങൾ നടപ്പാക്കാൻ സാധിക്കും എന്ന അമേരിക്കൻ രാഷ്ട്രീയാധികാര മനസിന് വലിയ കോട്ടമാണ് ഉണ്ടാക്കിയത്. പ്രമുഖ അമേരിക്കൻ ചിന്തകൻ ജോൺ മിയർഷീമർ, അദ്ദേഹത്തിന്റെ 'വൻശക്തിരാഷ്ട്രീയത്തിന്റെ ദുരന്തം' എന്ന പുസ്തകത്തിൽ അടിവരയിട്ടുപറയുന്ന കാര്യം, ലോകരാഷ്ട്രീയത്തിൽ മേധാവിത്വംവഹിക്കുന്ന ഒരു രാഷ്ട്രവും അവരുടെ മേൽക്കോയ്മ നഷ്ടപ്പെടാൻ അനുവദിക്കില്ല എന്നതാണ്. തങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആഗോളമേധാവിത്വം നിലനിർത്താൻ അവർ എല്ലാ അടവും പയറ്റും. സാമ്രാജ്യങ്ങൾ ഉടലെടുക്കാൻ തുടങ്ങിയ കാലം മുതൽ നടക്കുന്ന സംഗതിയാണിത്. ഓരോ കാലഘട്ടത്തിലും മേധാവിത്വം പുലർത്തിയിരുന്ന സാമ്രാജ്യങ്ങൾ കാലക്രമത്തിൽ തകർന്നടിഞ്ഞതും ലോകംകണ്ടു. ആഗോളമേധാവിത്വം ഒരു രാജ്യത്തിന്റെയും കുത്തകയാക്കി വയ്ക്കാനാകില്ലെന്നും, കാലക്രമത്തിൽ അത് തകരുമെന്നും പതിനാറാം നൂറ്റാണ്ടുമുതലുള്ള നിരവധി വൻശക്തികളുടെ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് അമേരിക്കൻ എഴുത്തുകാരനായ പോൾ കെന്നഡി സ്ഥാപിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ "വൻശക്തികളുടെ ഉയർച്ചയും തകർച്ചയും' എന്ന പുസ്തകം, അടുത്തതായി തകരാൻപോകുന്നത് അമേരിക്കയുടെ മേധാവിത്വമാണെന്ന് പ്രവചിക്കുകയും ചെയ്തു. തങ്ങളെ തുറിച്ചുനോക്കുന്ന അനിവാര്യമായ ഈ തകർച്ചയെ തടഞ്ഞുനിർത്താനുള്ള ഭഗീരഥപ്രയത്നത്തിലാണ് അമേരിക്ക ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നത്. തങ്ങളുടെ തകർന്നു കൊണ്ടിരിക്കുന്ന പ്രതാപം തിരിച്ചുപിടിക്കുന്നതിന്റെയും പുതു ജീവൻ നല്കുന്നതിന്റെയും ഭാഗമായി നിരവധി പദ്ധതികൾ അമേരിക്ക മെനെഞ്ഞെടുക്കുന്നതായി കാണാം. ജോർജ് ബുഷിന്റെ നേതൃത്വത്തിൽ നടന്ന "ഭീകരതയ്ക്കെതിരായ യുദ്ധം', ബരാക് ഒബാമ മുന്നോട്ടുവച്ച 'ഏഷ്യൻ അച്ചുതണ്ട് പദ്ധതി', പിന്നാലെവന്ന ഡോണൾഡ് ട്രംപിന്റെ 'അമേരിക്ക ആദ്യം', പിന്നാലെ വന്ന ബൈഡൻ സജീവമായി മുന്നോട്ട് കൊണ്ടുപോകുന്ന 'ഇന്തോ പസിഫിക്കും' എല്ലാം ഈ പ്രതാപം നിലനിർത്തൽ ശ്രമത്തിന്റെ ഭാഗമാണ്.

ആദ്യമൊക്കെ തങ്ങളുടെ ലക്ഷ്യം വെട്ടിത്തുറന്നു പറയാൻ അമേരിക്ക മടിച്ചിരുന്നു. എന്നാൽ, 'ഏഷ്യൻ അച്ചുതണ്ട് പദ്ധതി' മുന്നോട്ടുവച്ചുകൊണ്ട് ഒബാമ കാലത്തെ അമേരിക്കൻ വിദേശകാര്യ സെക്രട്ടറിയായിരുന്ന ഹിലരി ക്ലിന്റൻ, പദ്ധതിയുടെ ലക്ഷ്യം അമേരിക്കൻ മേധാവിത്വം നിലനിർത്താനാണെന്ന് പച്ചയായിത്തന്നെ പറഞ്ഞു. പിന്നാലെ, അമേരിക്ക പ്രസിദ്ധീകരിച്ച എല്ലാ റിപ്പോർട്ടും സുരക്ഷാപദ്ധതി പ്രഖ്യാപനങ്ങളും അമേരിക്കയുടെ ലക്ഷ്യം വ്യക്തമായിത്തന്നെ രേഖപ്പെടുത്തി. അവയിൽ അവർ ഒരു കാര്യംകൂടി പ്രമുഖമായി അവതരിപ്പിച്ചു. അത്, തങ്ങളുടെ മേധാവിത്വത്തിനു വെല്ലുവിളിയുയർത്തുന്നത് ചൈനയാണെന്നും ചൈനയുടെ ഉയർന്നുവരവിനെ ഏതുവിധേനയും തടയേണ്ടത്




ഏറ്റവും അത്യന്താപേക്ഷിതമായ ഉത്തരവാദിത്തമാണെന്നും വിലയിരുത്തുകയും ചെയ്തു. ഇതിന്റെ ഭാഗമായി 2018ൽ 'ഇന്തോ പസിഫിക്കിന്റെ തന്ത്രപരമായ ചട്ടക്കൂട്' എന്ന പദ്ധതിയ്ക്ക് രൂപം കൊടുക്കുകയുണ്ടായി. ഇത് മുഖ്യമായും ലക്ഷ്യം വെക്കുന്നത്  ഏതു വിധേനയും  ചൈനയെ പ്രതിരോധിച്ചുകൊണ്ട്, തളരുന്ന അമേരിക്കൻ മേധാവിത്വം നിലനിർത്തുക എന്നത് തന്നെയാണ്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ നേരിട്ട സാമ്പത്തിക പ്രതിസന്ധി മൂലം അമേരിക്ക തളരാൻ തുടങ്ങുകയും ചൈന ശക്തി പ്രാപിക്കാൻ തുടങ്ങിയതുമാണ് ചൈനയ്ക്കെതിരെ നീങ്ങാൻ അമേരിക്കയെ പ്രേരിപ്പിച്ച ഘടകങ്ങൾ. ഒബാമയുടെ കാലത്തു ആരംഭിച്ച ചൈന വിരുദ്ധ നീക്കങ്ങൾ കൂടുതൽ ശക്തമായി ട്രംപ് മുന്നോട്ട് കൊണ്ടുപോയി. ചൈനയുടെ കയറ്റുമതി ഉൽപ്പന്നങ്ങളുടെ മേൽ ചുങ്കം ചുമത്തിയും, ശാസ്ത്ര സാങ്കേതിക ഉത്പന്നങ്ങൾ ചൈനയിലേക് കയറ്റുമതി ചെയ്യുന്നതിനെ നിരോധിച്ചും, ചൈന വിരുദ്ധ സഖ്യങ്ങൾ രൂപപെടുത്തിയുമാണ് ട്രംപ് തന്റെ ചൈന വിരുദ്ധ നടപടികൾ തീവ്രമാക്കിയത്. നിലവിലെ പ്രസിഡന്റ് ജോ ബൈഡനും ഇതേ ചൈന വിരുദ്ധ നയങ്ങൾ തന്നെയാണ് കൈക്കൊള്ളുന്നത്. വിവിധ പ്രദേശങ്ങളിലെ സഖ്യശക്തികളെ കൂട്ടുപിടിച്ചാണ് ബൈഡൻ ചൈനയ്ക്കെതിരെ നീങ്ങുന്നത്. ഇതിന്റെ ഭാഗമായി ഇന്തോ പസഫിക് മേഖലയിൽ പലതരം സഖ്യ കൂട്ടായ്മകൾ ആണ് അമേരിക്ക രൂപീകരിക്കുന്നത്

ഈ അടുത്തകാലത്തുമാത്രം പ്രചാരംനേടിയ ഒരു ആശയമാണ് ഇന്തോ-പസിഫിക്. ഏഷ്യ-പസിഫിക് എന്ന  സങ്കൽപ്പം നേരത്തേ നിലനിന്നിരുന്നെങ്കിലും, അതിൽ ഇന്ത്യൻ മഹാസമുദ്രത്തിനും ഇന്ത്യക്കും വലിയ പ്രാധാന്യം ലഭിച്ചിരുന്നില്ല. എന്നാൽ, ശാന്തസമുദ്ര മേഖലയിലുള്ള ജപ്പാൻ, ദക്ഷിണ കൊറിയ, ഓസ്ട്രേലിയ എന്നീ രാജ്യങ്ങളെക്കൊണ്ടുമാത്രം ചൈനയുടെ വളർച്ചയെ തടയാനാകില്ലെന്ന് അമേരിക്കയ്ക്ക് ബോധ്യമായി. അങ്ങനെയാണ്, ഇന്ത്യൻ മഹാസമുദ്രത്തെയും ഉൾപ്പെടുത്തി, ശാന്തസമുദ്രമേഖലയിൽ മാത്രമല്ല, ഇന്ത്യയുടെ സഹായത്തോടെ, ഇന്ത്യൻ മഹാസമുദ്രത്തിലും സൈനിക സാന്നിധ്യം വർധിപ്പിച്ച്, ചൈനയെ തടഞ്ഞുകൊണ്ട് അമേരിക്കൻ ആഗോളമേധാവിത്വം ഉറപ്പിക്കാനുള്ള ഇന്തോ പസിഫിക് പദ്ധതി രൂപപ്പെട്ടത്.

2006 മുതൽ 2007വരെ  ജപ്പാന്റെ പ്രധാനമന്ത്രിയായിരിക്കുമ്പോൾ ഷിൻസോ ആബെ മുന്നോട്ടുവച്ചതാണ് 'ഇന്തോ-പസഫിക്' എന്ന ആശയം. ഇന്ത്യൻ മഹാസമുദ്രവും ശാന്തസമുദ്രവും അടങ്ങുന്ന അതിവിപുലമായ മേഖലയെ സ്വതന്ത്രവും തുറന്നതുമാക്കുകയെന്നതാണ് ഈ സങ്കൽപ്പത്തിന്റെ ഊന്നൽ. ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ പ്രധാനമായും ഇവയാണ്, മേഖലയെ



ചൈനയുടെ സ്വാധീനത്തിൽനിന്നു മുക്തമാക്കുക; അതിന് അമേരിക്ക നേതൃത്വം നൽകുക. പൂർവേഷ്യ, ദക്ഷിണ പൂർവേഷ്യ മേഖലയിലെ സ്വാധീനശക്തിയായി വളരുന്ന ചൈനയെ, ഇന്ത്യൻ മഹാസമുദ്ര- ശാന്തസമുദ്ര മേഖലകളിൽ സ്ഥിതിചെയ്യുന്ന രാഷ്ട്രങ്ങളെക്കൂടി ഉൾപ്പെടുത്തി തടയുകയെന്നതാണ് 'ഇന്തോ-പസഫിക്' മുന്നോട്ടുവയ്ക്കുന്ന തന്ത്രം.

ഇന്ത്യൻ മഹാസമുദ്ര മേഖലയിൽ ഇന്ത്യയുടെ സ്വാഭാവികമായ സ്വാധീനം ദുർബലമാക്കാൻ ചൈന നടത്തുന്ന തന്ത്രപരവും സാമ്പത്തികവുമായ നീക്കങ്ങൾ ഇന്ത്യയെ അലോസരപ്പെടുത്തുന്നുണ്ട്. അതുകൊണ്ടു തന്നെ തങ്ങളുടെ സ്വാഭാവികമായ സ്വാധീനമേഖലയിൽ ചൈനയ്ക്ക് അനുകൂലമായി വരുന്ന മാറ്റങ്ങളെ തടയുക എന്നുള്ളത് ഇന്ത്യയുടെ പ്രധാന ആവശ്യങ്ങളിൽ ഒന്നുമായി. ഇതിന്റെ ഭാഗമായി അതുവരെ ഇന്തോ പസിഫിക് അല്ലെങ്കിൽ ഏഷ്യ പസിഫിക് എന്ന് വിവക്ഷിച്ചിരുന്നത് ഇന്ത്യ പസഫിക് എന്നാക്കി അമേരിക്ക പുനർനാമകരണം ചെയ്തു. ഇത് പ്രധനമായും ഈ മേഖലയിലെ ഇന്ത്യയുടെ പ്രാധാന്യം എടുത്തു കാണിക്കാനും ഈ പദ്ധതിയുടെ കേന്ദ്ര സ്ഥാനത്തു ഇന്ത്യയെ പ്രതിഷ്ഠിക്കാനുമാണ്.

ആഗോള സാമ്പത്തികവളർച്ചയുടെ കേന്ദ്രമായിമാറിയ ഇന്തോ-പസിഫിക് മേഖലയിൽ സ്വതന്ത്രമായി കടന്നുവരാൻ കഴിഞ്ഞാലേ അമേരിക്കയുടെ സുരക്ഷയും മേധാവിത്വവും ഉറപ്പുവരുത്താനാകൂ. ഈ മേഖലയിലെ അധീശത്വം നഷ്ടപ്പെട്ടാൽ, ആഗോളതലത്തിൽത്തന്നെ അമേരിക്ക ദുർബലമാകും. അമേരിക്കൻ ആഗോളതാൽപ്പര്യങ്ങൾ നേടാൻ ശക്തമായ സഖ്യങ്ങൾ രൂപീകരിക്കണം. ഇന്ത്യക്ക് മറ്റുരാജ്യങ്ങളുമായിച്ചേർന്ന് ചൈനയെ പ്രതിരോധിക്കാനാകും. ഇതിനായി അമേരിക്ക, ഇന്ത്യ, ജപ്പാൻ ഓസ്ട്രേലിയ എന്നീ രാജ്യങ്ങൾ ചേർന്നുള്ള ചതുർരാഷ്ട്രസഖ്യത്തെ കേന്ദ്രശക്തിയാക്കി വളർത്തണം. ഇതിന്റെ ഭാഗമായുള്ള ചതുർകക്ഷി സംവാദത്തിന്റെ മൂർത്ത രൂപമായാണ് ക്വാഡ് (Quadrilateral Security Dialogue) സംവിധാനം വരുന്നത്. ദക്ഷിണ ചൈന കടലിൽ വർധിച്ചു വരുന്ന ചൈനീസ് സൈനിക സാനിധ്യവും ഇടപെടലും ചെറുക്കുക എന്ന ലക്ഷ്യമാണ് മുഖ്യമായും ക്വാഡ് മുന്നോട്ട് വെക്കുന്നത്.

ചൈന അമേരിക്ക ശീതയുദ്ധം വ്യാപാരയുദ്ധത്തിൽ നിന്ന് സൈനികവും തന്ത്രപരവുമായ മേഖലകളിലേക്കു വ്യാപിച്ചു കഴിഞ്ഞു. ഇന്ത്യ - ആസിയാൻ - യൂഎസ് സഹകരണം ചൈനയെ ചുറ്റിവളയാൻ പര്യാപ്തമായ കൂട്ടായ്മയാണ്. ആസിയൻ രാജ്യങ്ങൾക്ക് ചൈനയുടെ വ്യാപന പദ്ധതിയോട്

എതിർപ്പുണ്ടെങ്കിലും അമേരിക്കൻ കൂട്ട് മുന്നണിയിൽ ചേർന്ന് ചൈനയെ എതിർക്കുക എന്ന ആശയത്തോട് പൂർണമായും യോജിക്കുന്നില്ല. ഈ സാഹചര്യത്തിലാണ്, പാകിസ്ഥാൻ - ചൈന സഖ്യത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ചൈന - ഇന്ത്യ പ്രാദേശിക ശീതയുദ്ധം രൂപപ്പെട്ടത്. ഇതോടെ ദക്ഷിണ ചൈന കടലിലെ സംഘർഷത്തിന്റെ ഫലമായി രൂപം കൊണ്ട ജപ്പാൻ - ഓസ്ട്രേലിയ - അമേരിക്ക എന്ന ചൈന വിരുദ്ധ സഖ്യത്തിലേക്ക് ഇന്ത്യയെ കൂടി ഭാഗമാക്കാൻ അമേരിക്കയ്ക്ക് കഴിഞ്ഞു. ഇതിനായി മോഡി സർക്കാരിന്റെ ചൈന വിരുദ്ധത ഫലപ്രദമായി അമേരിക്ക ഉപയോഗപ്പെടുത്തി.

ഇന്ത്യ പസിഫിക് മേഖലയിൽ ചൈനയിൽ നിന്നുള്ള ഭീഷണി അതി ജീവിക്കാൻ മുന്നോട്ട് വെച്ച ക്വാഡ് മറ്റൊരു നാറ്റോ ആയി മാറുന്ന സാഹചര്യമാണുള്ളത്. 2020 മലബാർ നാവികാഭ്യാസത്തിനു ശേഷം മുൻ അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി മൈക്ക് പോംപിയോ ക്വാഡിനെ ഏഷ്യൻ നാറ്റോ എന്ന് വിശേഷിപ്പിക്കുക ഉണ്ടായി. റഷ്യൻ പ്രതിരോധമന്ത്രി സെർജി ലാവിയോ ക്വാഡ് ഏഷ്യൻ നാറ്റോ തന്നെയാണ് എന്ന് അഭിപ്രായപ്പെട്ടു. സമീപകാലത്ത് ഇന്ത്യ സന്ദർശിച്ച അമേരിക്കൻ സ്റ്റേറ്റ് സെക്രെട്ടറി ആന്റണി ബ്ലിങ്കൻ ഇൻഡോ - പസിഫിക് മേഖലയിലെ ചൈനീസ് വെല്ലുവിളി ഇന്ത്യയും അമേരിക്കയും ഒറ്റകെട്ടായി നേരിടണമെന്ന് പറയുകയുണ്ടായി. താരിഫ് യുദ്ധമായും കറൻസി യുദ്ധയമായും ആരംഭിച്ച അമേരിയ്ക്ക - ചൈന വടംവലി ഇന്തോ പസഫിക് മേഖലയിൽ പുതിയൊരു ശീതയുദ്ധത്തിന് വഴിയൊരുക്കുന്നതായി കാണാൻ കഴിയും. ഇതിന് തീവ്രത കൂട്ടികൊണ്ട് ഇന്തോ – പസഫിക് മേഖലയിൽ അമേരിക്കൻ കാർമികത്വത്തിൽ പിറവിയെടുത്ത തന്ത്രപരമായ സുരക്ഷാ കൂട്ടായ്മയാണ് ഔകസ്. കുറഞ്ഞ സമയത്തിനുള്ളിൽ ഇതിന്റെ ആഘാതം അറ്റ്ലാന്റിലേക്കും വ്യാപിച്ചു. അമേരിക്കയും ബ്രിട്ടനും ഓസ്ട്രേലിയയും സംഗമിക്കുന്നതാണ് പുതിയ സഖ്യം. ഓസ്ട്രേലിയ, യുഎസ്, യുകെ എന്നീ രാജ്യങ്ങളുടെ കൂട്ടായ്മയായതിനാൽ ഈ സഖ്യം ഔകസ് (എയുകെയുഎസ്) എന്നാണ് അറിയപ്പെടുന്നത്. ഇതൊരു സുരക്ഷാസഖ്യമാണ്. പസഫിക് മേഖല സുരക്ഷാ കരാർ എന്നാണെങ്കിലും ലക്ഷ്യം ചൈനയാണ് എന്ന് നിസംശയം പറയാൻ കഴിയും. പസഫിക് മേഖലയിലെ സുരക്ഷാ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആണവ അന്തർവാഹിനി ഓസ്ട്രേലിയക്ക് നൽകുന്നതാണ് ഈ കരാർ. ഇതിനു പുറമെ ആഴക്കടൽ സാങ്കേതിക വിദ്യയിലും സൈബർ സുരക്ഷ ഉറപ്പുവരുത്താനുള്ള നടപടികളും ഈ കരാറിന്റെ ഭാഗമാണ്. അഫ്ഗാനിസ്ഥാനിൽ നിന്നും പരാജിതരായി മടങ്ങിയതോടെ ദക്ഷിണേഷ്യയിലെ നിയന്ത്രണം നഷ്ടമായ അമേരിക്ക, ഇന്തോ - പസഫിക്കിൽ മറ്റൊരു സൈനിക സഖ്യത്തിന്റെ പിന്തുണയോടെ, ദുർബലമാകുന്ന തങ്ങളുടെ സ്വാധീനത്തെ താങ്ങിനിർത്താനാണ് ശ്രമിക്കുന്നത്. ശാന്തസമുദ്ര മേഖലയിലെയും ഇന്ത്യൻ മഹാസമുദ്രമേ





ഖലയിലെയും കരുത്തരായ രാജ്യങ്ങളെ കൂടെനിർത്തി ചൈനയെ പ്രതിരോധിച്ച് അമേരിക്കൻ ആഗോളമേധാവിത്വം നിലനിർത്താനുള്ള പദ്ധതിയാണ് ഇന്തോ പസഫിക്. ആണവപദ്ധതികൂടി ഉൾപ്പെടുന്ന ഔകസ്, അതുകൊണ്ടു തന്നെ ഇന്തോ – പസഫിക്കിന്റെ കേന്ദ്രബിന്ദുവാകും പുതിയ സഖ്യം. മേഖലയിൽ ആയുധപ്പന്തയം ത്വരിതമാക്കി സുസ്ഥിരത തകർത്ത് സമാധാന ഭംഗത്തിന് വഴിവയ്ക്കുമെന്നാണ് ചൈനയുടെ അതിശക്തമായ പ്രതികരണം. അന്താരാഷ്ട്ര ആണവ നിർവ്യാപന പ്രവർത്തനങ്ങൾക്ക് വിരുദ്ധമാണ് നീക്കമെന്നും വിദേശമന്ത്രാലയ വക്താവ് ഷാവോ ലിജിയൻ പറഞ്ഞു. പുതിയ സഖ്യത്തിന്റെ പ്രഖ്യാപനം ഗൗരവപൂർവം വീക്ഷിക്കുകയാണെന്നും ഓസ്ട്രേലിയയുടെ അയൽക്കാർക്ക് ചോദ്യമുയർത്താൻ യുക്തിയുണ്ടെന്നും കൂട്ടിച്ചേർത്ത അദ്ദേഹം, രാഷ്ട്രങ്ങൾ പടുത്തുയർത്തുന്ന സഖ്യങ്ങൾ മൂന്നാമത് കക്ഷികളെ ലക്ഷ്യമിടുന്നതാകരുതെന്നും വിശദീകരിച്ചു.

അമേരിക്കയുടെ ഇത്തരം നീക്കങ്ങൾ ഏഷ്യൻ രാജ്യങ്ങൾക്കിടയിൽ വിള്ളലുണ്ടാകാനും, ഇന്ത്യ ചൈന ശീതയുദ്ധം യാഥാർഥ്യമാക്കാനും അതുവഴി ഈ രണ്ടു രാജ്യങ്ങളുടെ വികസനക്കുതിപ്പ് തടയിടാനുമാണ് എന്ന വിമർശനവും ഉയരുന്നുണ്ട്. അമേരിക്കയുടെയും ചൈനയുടെയും ഇടയിലുള്ള പ്രശ്നങ്ങളെ ലോകത്തിന്റെ പ്രശ്നങ്ങളാക്കി മാറ്റി ഏതുവിധേനയും ക്ഷയിച്ചുകൊണ്ടിരിക്കുന്ന തങ്ങളുടെ ആഗോളമേധാവിത്വം നിലനിർത്തുക എന്ന തന്ത്രമാണ് അമേരിക്ക ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതിനുവേണ്ടി ക്വാഡ്, ഓക്സ് തുടങ്ങിയ സഖ്യങ്ങൾ രൂപപ്പെടുത്തി അവ ഉപയോഗിച്ചു ലോകത്തെ തന്നെ പുതിയൊരു ശീതയുദ്ധത്തിലേക് തള്ളിവിടുക എന്ന നയമാണ് അമേരിക്ക പ്രയോഗിക്കുന്നത്. കാലഹരണപ്പെട്ട ശീതസമര മനോഭാവത്തിലേക്ക് ലോകത്തെ വലിച്ചിഴയ്ക്കുന്ന അമേരിക്കൻ ഗൂഢാലോചന സമാധാനവും സഹവർത്തിത്വവും തകർക്കുമെന്നാണ് കാര്യങ്ങളുടെ ദിശ വ്യക്തമാക്കുന്നത്.

അമേരിക്കയ്ക്കൊപ്പം ചേർന്ന് ആഗോളതലത്തിൽ നവ ഉദാര ലോകക്രമം സൃഷ്ടിക്കുന്നതിനുവേണ്ടി ചൈന വിരുദ്ധ നീക്കങ്ങൾ നടത്താൻ ശ്രമിക്കുന്ന മോഡി സർക്കാർ രാജ്യാന്തര തലത്തിൽ നാൾക്കുനാൾ ഒറ്റപ്പെടുന്ന സ്ഥിതിയാണ് സംജാതമായിട്ടുള്ളത്. ഇന്ത്യയുടെ നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ട ചേരിചേരാപ്രസ്ഥാനവും, സാർക്കും ഇന്ന് ദുർബലമാണ്. കേന്ദ്ര സർക്കാരിന്റെ വിദേശ നയത്തിലെ പാളിച്ചകളാണ് ഇതിനു പ്രധാന ഉത്തരവാദി. അമേരിക്കൻ വിധേയത്വം ഇന്ത്യയുടെ പരമ്പരാഗത മിത്രങ്ങളായ റഷ്യയെയും ഇറാനെയും ഇന്ത്യയിൽ നിന്ന് അകറ്റുകയും ചെയ്തു. അഫ്ഗാനിസ്ഥാനിലെ സമാധാന പ്രക്രിയയിലും ഇന്ത്യ തഴയപ്പെടുന്നതാണ് കാണാനാകുന്നത്. നേപ്പാൾ, ബംഗ്ലാദേശ്, ശ്രീലങ്ക, മ്യാന്മർ എന്നീ അയൽരാജ്യങ്ങളുമായി ബന്ധം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങളും വിജയിച്ചിട്ടില്ല. പാകിസ്ഥാനുമായി ബന്ധം വഷളായിട്ട് വർഷങ്ങളായി. ബിംസ്റ്റെക്, ആർഐസി എന്നീ കൂട്ടായ്മകളും വേണ്ടത്ര മുന്നോട്ടുപോയിട്ടില്ല. അതായത് ഇന്ത്യയുടെ നയതന്ത്ര താൽപ്പര്യങ്ങൾ ബലികഴിക്കുന്ന, അമേരിക്കൻ വിധേയത്വ നടപടികളുമായാണ് മോഡി സർക്കാർ മുന്നോട്ടുപോകുന്നത്. തീവ്രമായ കാലാവസ്ഥ വ്യതിയാനത്തിന്റെയും, കോവിഡിന്റേയും സാമൂഹിക സാമ്പത്തിക പ്രതിസന്ധികളും, അഭയാർഥി–മനുഷ്യാവകാശ പ്രശ്നങ്ങളും പരിഹരിക്കാൻ ലോകം ഒറ്റക്കെട്ടായി നിൽക്കേണ്ട സമയത് തങ്ങളുടെ ഏക ധ്രുവ സമഗ്രാധിപത്യം നിലനിർത്താൻ വേണ്ടി അമേരിക്കൻ സാമ്രാജ്യത്യം നടത്തുന്ന ശ്രമങ്ങൾ ലോക സമാധാനത്തിനും നിലനിൽപ്പിനും തന്നെ ഭീഷണിയും പ്രതിസന്ധി സൃഷ്ടിക്കുന്നതുമാണ്. ഒരിക്കൽ ആഗോള തെക്കൻ രാഷ്ട്രീയത്തിന്റെയും സ്വതന്ത്ര വിദേശ നിയത്തിന്റെയും വക്താക്കളായി നേതൃപരമായ പങ്ക് ലോകഫോറങ്ങളിൽ വഹിച്ചിരുന്ന ഇന്ത്യയുടെ ഇപ്പോഴത്തെ വിധേയത്വ നിലപാട് കാര്യങ്ങളെ കൂടുതൽ മോശമാക്കുകയെയുള്ളൂ.

ഡോ. സുജാ ടി വി
മഹാരാജാസ് കോളേജ്, എറണാകുളം

# രണ്ടു കവിതകൾ

## തൊട്ടാവാടി

വിടർന്നു പടർന്നു മുള്ളു നീട്ടി
ഗംഭീരമായ് പച്ച പുതച്ചപോൽ
മണ്ണിൽ നെഞ്ചു ചേർത്ത് പതിഞ്ഞു കിടക്കും
കുഞ്ഞു പ്രതീക്ഷകൾ പൂക്കളായ് ദേഹം നിറയ്ക്കും
അരുമയായ് ആരു തൊട്ടാലും
ഒതുങ്ങി കൂമ്പി തൊഴുതു തല താഴ്ത്തും
മുള്ളുകൾ മറച്ചു മധുര സുന്ദര കാഴ്ച മാത്രം
കുട്ടികൾ രൂപ മാറ്റം കാണാൻ തല്ലി തലോടും
കരുണയോടെ കരുതലോടെ സ്നേഹം പരത്തി നൃത്ത
ത്തിൽ ഞാനും
ക്ഷിപ്ര കോപങ്ങൾ ഇല്ലാതല്ല
ചവിട്ടി പോകും പാദങ്ങളിൽ ആഴ്ന്നിറങ്ങി ചുവപ്പണി
യാൻ
തട്ടി തെറിപ്പിച്ചു പോകുമ്പോൾ വരകൾ വീഴ്ത്തി വേദനി
പ്പിക്കാൻ
അറിയാമെന്നു തെളിയിച്ചു പുലരി തോറും പൂ വിരിച്ചു
സന്ധ്യാകാശം നോക്കി കൺ ചിമ്മി
എവിടെയെല്ലാമോ പതിഞ്ഞു കിടക്കും
മണ്ണിൽ വേരോടി മനസ്സു കുളിർത്ത് ഞാനും
എന്റെ പൂക്കളിൽ തിളങ്ങും മഞ്ഞിൽ സ്വപ്നം മയങ്ങി
നീയും.
രണ്ടു തൊട്ടാവാടികൾ!

## നിശബ്ദതയിൽ താഴ്‌വര

മലമുകളിൽ മോഹം ജ്യോതിസ്സായി
താഴ്വരയിൽ വിളക്കുകൾ എന്നേ അണഞ്ഞു.
വീടകങ്ങളിലെ പതിനെട്ടുപടികൾ കയറി തീരാൻ
ഇനിയും എത്ര കാതം
പ്രഭാതം അന്തഃപുരം പ്രഭാപൂരമാക്കും
എല്ലാ ആധികളും കലത്തിൽ വെന്ത് മറിയുമ്പോൾ
സ്വപ്നം ശുകി ഞാൻ സ്വാദേകും പ്രിയമുള്ളവർക്ക്
പുഞ്ചിരി ശരണമാക്കി
മലകൾ കീഴടക്കി മുന്നേറിയാലും ഓരോ പതിനെട്ടുപ
ടിയും വച്ച് നിൻ മലനിരകൾ പിന്നെയും തളർത്താൻ
നോക്കും
സ്ത്രീ സ്വന്തം മോഹമല ഇടിച്ചിടിച്ചു വിജയപാതയിൽ
ത്യാഗപതാക നിരത്തി
മുന്നേറിയെന്നു കാനേഷുമാരി

പിന്നെന്ത് നോക്കാൻ?
പിതാവിനാൽ ഛേദിക്കപ്പെട്ടു
ഭർത്താവിനാൽ മൂതപ്പെട്ടു
സുഹൃത്തിനാൽ കത്തിക്കപ്പെട്ടു
മകനാൽ ഉപേക്ഷിക്കപ്പെട്ടു
ഓരോ പടിയും കേറി ചെല്ലുമ്പോൾ
പടിയിറങ്ങി പോയ തേവരെയും കാത്തു നിൽക്കും
നിഷ്കളങ്കർ നിങ്ങളെ കൂട്ടും
മടിശീല ഒഴിച്ച് തിരിച്ചു പോകുമ്പോൾ പുതിയ പതി
നെട്ടു പടികൾ വീണ്ടും മാടി മാടി വിളിച്ചുകൊണ്ടേയി
രിക്കും
മീശാധികാരങ്ങൾ
ഹോ !

നിശബ്ദമീ ജീവിത നാടകം താഴ്വരയിൽ തന്നെ
എന്നും മോഹജ്യോതിസ്സ് മലമുകളിലും

കാലചക്രം തിരിഞ്ഞു കൊണ്ടേയി
രിക്കും
പ്രതീക്ഷകൾ അസ്തമിച്ചുകൊണ്ടേയും
ഇരുട്ടുപരത്തി നിശബ്ദത മൂളികൊണ്ടേയും
സ്ത്രീജീവിതങ്ങൾ അടുപ്പിൽ വെന്തുമറിയുകയാണ്
എടുക്കട്ടെ ഒരു പ്ലേറ്റ്...?


യാത്ര

ജോയ്സുകുട്ടി ജോസഫ്
കെ ഇ കോളേജ്, മാന്നാനം

# 'മോസ്ക്കോയിലേക്ക് വരൂ സഹോദരാ...'


'റഷ്യ ഒരു പ്രഹേളികയ്ക്കുള്ളിൽ, നിഗൂഢതയിൽ പൊതിഞ്ഞ ഒരു കടങ്കഥയാണ്' എന്ന വിൻസ്റ്റൺ ചർച്ചിലിന്റെ പ്രശസ്തമായ വാക്കുകളാണ് ഷാർജയിൽ നിന്നും മോസ്കോയിലേക്കുള്ള എയർഅറേബ്യയുടെ വിമാനത്തിലിരുന്നപ്പോൾ എന്റെ മനസ്സിലുണ്ടായിരുന്നത്. പാശ്ചാത്യലോകം ഇരുമ്പു മറയ്ക്കുള്ളിലായി കണ്ട റഷ്യയെ അല്പം കൂടി (അ) സ്വാഭാവികതയിൽ കാണുകയായിരുന്നു ചർച്ചിൽ എന്നാണ് എനിക്ക് തോന്നിയത്. ചെറിയ ക്ലാസുകളിൽ പഠിക്കുമ്പോൾ പുസ്തകം പൊതിയാൻ ആരോ സമ്മാനിച്ച സോവ്യറ്റ്ലാൻറിന്റെ തിളങ്ങുന്ന വർണ്ണ കടലാസിൽ നിന്നാണ് റഷ്യയെക്കുറിച്ചുള്ള എന്റെ കൗതുകം ആരംഭിക്കുന്നത്. ലെനിന്റെയും സ്റ്റാലിന്റെയും റഷ്യ, ടോൾസ്റ്റോയിയുടെയും ദസ്തയോവ്സ്കിയുടെയും റഷ്യ, യൂറിഗഗാറിന്റെയും ഐസൻസ്റ്റീന്റെയും റഷ്യ, വോൾഗയും വോഡ്കയുമുള്ള റഷ്യ – ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ എന്നെ ഒരൊഴിയാബാധയായി പിൻതുടർന്നുകൊണ്ടിരുന്നു. പിന്നീട് കമ്മ്യൂണിസത്തിൽ ആകൃഷ്ടനായപ്പോൾ റഷ്യൻ ബോൾഷേവിക് വിപ്ലവത്തിന്റെ ചരിത്രം പഠിക്കുവാൻ ശ്രമിച്ചിരുന്നു. ചങ്ങനാശ്ശേരി എസ്. ബി കോളേജിൽ എന്നെ പഠിപ്പിച്ച, കവി അയ്യപ്പപ്പണിക്കർ പുസ്താക്ക്മാഷ് എന്ന് വിളിച്ചിരുന്ന എന്റെ ചങ്ങാതിയായിരുന്ന അധ്യാപകൻ ഐ.ഇസ്താക്ക്, മൂക്കാതെ പഴുത്ത പഴമായാണ് റഷ്യൻ വിപ്ലവത്തെ കണ്ടിരുന്നത് എന്ന് ഞാനോർക്കുന്നു. കോളേജിൽ വന്ന ദിവസങ്ങളിലൊന്നിൽ എവിടെയാണ് താമസിക്കുന്നത് എന്ന മാഷിന്റെ അന്വേഷണത്തിന് മോസ്കോയിൽ എന്ന് പറഞ്ഞപ്പോൾ (ചങ്ങനാശ്ശേരിയ്ക്കടുത്ത മോസ്കോയിലെ ബന്ധുവീട്ടിൽ നിന്ന് പഠിക്കുകയായിരുന്നു ഞാനന്ന്) 'ഡോൺട് മാർച്ച് ഓൺ മോസ്കോ' എന്ന് മാഷ് പറഞ്ഞത് വർഷങ്ങൾക്കു ശേഷമാണ് എനിക്ക് കത്തിയത്. (ച്ചാൽ... മോസ്കോയിലേക്ക് വില്ലിച്ച് ചെന്നവനൊന്നും ഇല്ലം കണ്ടു മരിച്ചിട്ടില്ല എന്ന്) ലെയ്ക്ക എന്ന നായയെ സോവ്യറ്റ് യൂണിയൻ ബഹിരാകാശത്തെത്തിച്ചതിനെ പരിഹസിച്ച് 'തള്ളാനാളുണ്ടെങ്കിൽ ഏത് പട്ടിയ്ക്കും എവിടം വരെയുമെത്താം' എന്നതിനെ 'കമ്മ്യൂണിസ്റ്റുകാരൻ പിന്നിലുണ്ടെങ്കിൽ ഒരു നായയ്ക്കു പോലും ബഹിരാകാശത്തോളമുയരാം' എന്ന് തിരുത്തിയ ഒരു കവലപ്രസംഗം ഹൈസ്കൂൾ ക്ലാസുകളിൽ പഠിക്കുമ്പോൾ കേട്ടത് ഇപ്പോഴും ഓർക്കുന്നു. ചോദിച്ചു വാങ്ങിയ വിൻഡോ സീറ്റിലിരുന്ന് താഴത്തെ പഞ്ഞിക്കെട്ട് മേഘങ്ങൾ സങ്കല്പ ശക്തിയാൽ മാറ്റി റഷ്യയെ കണ്ടു കൊണ്ടായിരുന്നു എന്റെ യാത്ര.

ശരത്കാലത്തു നിന്ന് ഹേമന്തത്തിലേക്ക് സംക്രമിക്കുന്ന ദിനങ്ങളിലാണ് ഞാൻ മോസ്കോയിലുണ്ടായിരുന്നത്. ഈ കാലത്തെ ഫോൾ എന്നും വിളിക്കാറുണ്ടല്ലോ. നീണ്ട ശിശിരകാല നിദ്രയ്ക്കായി ചെടികളും മരങ്ങളും ഇലകൾ കൊഴിച്ച് തയ്യാറെടുക്കുന്ന കാലം. മോസ്കോ



യിലെ ഞങ്ങളുടെ ടൂർ ഗൈഡ് കിറിൽ ഞങ്ങളെ സ്വാഗതം ചെയ്തത് ലോകത്തിലെ ഏറ്റവും പച്ചപ്പു നിറഞ്ഞ മഹാനഗരത്തിലേക്ക് സ്വാഗതം എന്നു പറഞ്ഞു കൊണ്ടായിരുന്നു. എന്നാൽ വിമാനം താഴ്ന്നിറങ്ങുമ്പോഴോ, ഹോട്ടലിലേക്കുള്ള നീണ്ട റോഡ് യാത്രയിലോ പച്ചപ്പ് പൊടിപോലും ഒരിടത്തും കാണാനായില്ല. മോസ്ക്കോ, അണിഞ്ഞൊരുങ്ങിയ ഒരു സുന്ദരിയായി, ചുവന്ന് തുടുത്ത് കാണപ്പെട്ടു. 'കണ്ണുനീർ തുള്ളികൾ പോലെ ചെടികളിൽ നിന്ന് വെള്ളിലകൾ കൊഴിയുന്നു' എന്ന കാളിദാസ വർണ്ണന മോസ്ക്കോയിലെങ്കിലും തെറ്റിയിരിക്കുന്നതായി തോന്നി. ഇലകൾ പൊഴിയുന്ന കാലമിവിടെ കണ്ണീർ കാലമല്ല. ഉത്സവത്തിന്റെ മൂഡിലാണിവിടെ മരങ്ങൾ നിറം മാറി നിൽക്കുന്നത്. മരങ്ങൾ കാറ്റിലിളകുന്നത് തോരണങ്ങളുടെ ആരവത്തോടെയാണ്. റോഡിനിരുവശത്തുമുള്ള തറയോടുകൾ പാകിയ നടപ്പാതകളിൽ വീണു കിടക്കുന്ന നിറമുള്ള ഇലകളെ കാറ്റ് പറപ്പിച്ച് കളിക്കുന്നതും കാണാം. ഏറ്റവും മനോഹര ഇലകളുള്ള മരമായി അറിയപ്പെടുന്ന, കാശ്മീരിലെ ചിനാറിന്റെ അനുജത്തിയായ മേപ്പിൾ മരങ്ങളെയാണ്  ഇവിടെ പലയിടത്തും കൂടുതൽ ചുവന്ന് കണ്ടത്. റഷ്യൻ ദേശീയ വൃക്ഷമായ ബിർച്ച്, ഓക്ക് തുടങ്ങിയവയും പേരറിയാത്ത മറ്റനവധി മരങ്ങളും അസാമാന്യ നിറപ്പകിട്ടോടെ തന്നെ. മരങ്ങൾക്കിടയിൽ ആകാശത്തോളം തലയുയർത്തി നിൽക്കുന്ന സ്റ്റാലിൻ കാലത്തെ കെട്ടിടങ്ങളും മരങ്ങളെപ്പോലെ മഞ്ഞ, ഓറഞ്ച്, കാവി നിറങ്ങൾ വാരിപ്പൂശി തന്നെ. 'ലോകത്തിലെ മനോഹാരിതകളെല്ലാം ലങ്കയ്ക്കു വേണം' എന്ന് ശഠിച്ച രാവണനെപ്പോലെയാണ് ലോകത്തെ വിസ്മയിപ്പിക്കുന്നതെല്ലാം മോസ്ക്കോയിലുണ്ടാവണമെന്ന് ശഠിച്ച സ്റ്റാലിനെന്നെനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്.( സീതയെ കിഡ്നാപ്പ് ചെയ്യാനുള്ള രാവണന്റെ ലോജിക്കിന് ഒരു കുതിരപ്പവൻ!) സ്റ്റാലിൻ കാലത്തുണ്ടായ, സാർ ചക്രവർത്തിമാരുടെ കത്തീഡ്രലുകളേക്കാൾ ഭംഗിയുള്ള ഏഴു സഹോദരിമാർ എന്നറിയപ്പെടുന്ന ഏഴ് മഹാ നിർമ്മിതികളിലെ ചിലതെല്ലാം കിറിൽ ഹോട്ടലിലേക്കുള്ള യാത്രയ്ക്കിടയിൽ ചൂണ്ടിക്കാട്ടി. മോസ്ക്കോ യൂണിവേഴ്സിറ്റിയിൽ നിന്ന് ഭാഷാശാസ്ത്രം പഠിച്ചിറങ്ങിയ ചെറുപ്പക്കാരായ ഞങ്ങളുടെ ഗൈഡുമാർ കിറിലും അലോനയും പലപ്പോഴും രാഷ്ട്ര പിതാവെന്ന് സ്റ്റാലിനെ വിശേഷിപ്പിച്ചു കണ്ടത് എന്നെ തെല്ലുത്ഭുതപ്പെടുത്താതിരുന്നില്ല.(കിറിലിനെ സിറിൾ എന്നും അലോനയെ ആലോചനയെന്നും മലയാളീകരിച്ചാണ് എന്റെ  സഹയാത്രികനായ വക്കീൽ സുഹൃത്ത് സ്വാമിദാസ് വിളിച്ചിരുന്നത്, എന്നെ ജോയിസുകുട്ടിയോസ്കി എന്ന് റഷ്യനീകരിച്ചും)


കഴുകി വെടുപ്പാക്കിയതുപോലെ വൃത്തിയും ഭംഗിയും ഉള്ള ഇവിടുത്തെ റോഡുകൾ മിക്കതും എട്ടും പത്തും അതിൽ കൂടുതലും ലൈനാണ്.



നിരത്തുകൾ കാറുമയമാണ്. ലോകത്തെ മിക്കവാറും എല്ലാ ബ്രാൻഡുകളും ഇവിടുണ്ട്. ആഗോളവൽക്കരണം റഷ്യയിലേക്ക് കാറുകയറിയാണ് വന്നതെന്ന് തോന്നിപ്പോകും. പണ്ട് ഇവിടം അടക്കി ഭരിച്ചിരുന്ന ലാഡാക്കാറുകൾ അപൂർവ്വമായി ഇപ്പോഴും കാണാം. ഒരുനില, ഇരുനിലബസുകളും ട്രാമുകളും ഇഷ്ടം പോലെ. ബൈക്കുകൾ ഒരിടത്തും കണ്ടതേയില്ല. ഈ കുറവ് നികത്താനും മാത്രം സൈക്കിളുകൾ ഇവിടുണ്ട്. ടണലുകളും മേൽപ്പാതകളും അടിപ്പാതകളും വശംപോലെയുണ്ടെങ്കിലും ട്രാഫിക് കുരുക്കുകൾ ഇന്ത്യയിലേക്കു പോലെ സാധാരണമാണിവിടെ. എന്നാൽ ഇന്ത്യൻ നഗരങ്ങളിലേതുപോലെ ചെവി പൊട്ടുന്ന ഹോണടിയും തെറിവിളിയും അല്പം പോലുമിവിടില്ല. ഹോട്ടലിലേക്കുള്ള യാത്രയ്ക്കിടയിൽ ട്രാഫിക്കുരുക്ക് സമ്മാനിച്ച എക്സ്ട്രാ ടൈമിൽ കിറിൾ, ബോറടിക്കുന്നവർ ഉറങ്ങിക്കൊള്ളുക എന്ന് മുൻകൂർ ജാമ്യമെടുത്ത് റഷ്യൻ ചരിത്രത്തിന്റെ ഭാണ്ഡക്കെട്ടഴിച്ചു.

യൂറോപ്പിലെ ഏറ്റവും വലിയ നഗരമായ മോസ്കോയുടെ തുടക്കം ഒരു കല്യാണത്തിലാണത്രേ. കിഴക്കിന്റെ അനിഷേധ്യ ശക്തികളായ മംഗോളിയന്മാരുടെ അധിനിവേശമായിരുന്ന റഷ്യയിൽ. ഖാൻ എന്ന മംഗോളിയൻ സുൽത്താന്റെ സഹോദരിയെ വിവാഹം കഴിച്ച് മോസ്കോയിലെ യൂറി എന്ന നാട്ടുരാജാവ് റഷ്യയുടെ ഭരണാവകാശം സ്ത്രീധനം വാങ്ങിയത്രേ. പിന്നീട് നേവാ നദിക്കരയിൽ സെൻ്റ്പീറ്റേഴ്സ്ബർഗ് എന്ന നഗരം നിർമ്മിച്ച് പീറ്റർ രാജാവ് അങ്ങോട്ട് തലസ്ഥാനം മാറുന്ന 1712 വരെ റഷ്യയുടെ തലസ്ഥാനമായിരുന്ന മോസ്കോ.1918-ൽ വീണ്ടും വിപ്ലവാനന്തര റഷ്യയുടേയും പിന്നീട് സോവ്യറ്റ് യൂണിയൻ്റേയും സോവ്യറ്റനന്തര കാലത്ത് റഷ്യയുടേയും തലസ്ഥാനമായി. പതിനൊന്ന് സമയഖണ്ഡങ്ങളിലായി, യൂറോപ്പിലും ഏഷ്യയിലുമായി ഒന്നേമുക്കാൽകോടി ചതുരശ്രകിലോമീറ്റർ വ്യാപിച്ചുകിടക്കുന്ന ഈ മഹാരാജ്യത്തിന്റെ തലസ്ഥാനമായ മോസ്കോയെ ഐവാൻ ഒന്നാമനാണ് മഹാനഗരമാക്കിയത്.1547-ൽ പിന്നീട് ഐവാൻ ദ ടെറിബിൾ എന്നറിയപ്പെട്ട ഭീകരനായ ഐവാൻ നാലാമൻ സാർ (czar) എന്ന പദവി സ്വീകരിച്ച് റഷ്യയിലെ ഹിറ്റ്ലറായി. (മഹാനായ റഷ്യൻ ചലച്ചിത്രകാരൻ ഐസെൻസ്റ്റീൻ ഐവാൻ ദ ടെറിബിൾ എന്ന പേരിൽ രണ്ട് ചലച്ചിത്രങ്ങൾ എടുത്തിട്ടുണ്ട്.) സാർ ചക്രവർത്തിമാരും സാറിന ചക്രവർത്തിനി മാരും പാവപ്പെട്ടവനെ ഞെക്കിപ്പിഴിഞ്ഞ് കൊട്ടാരങ്ങളും ഗോപുരങ്ങളും ദേവാലയങ്ങളുമുണ്ടാക്കി. ഇനിയും ഞെക്കിപിഴിഞ്ഞാൽ ചോരവരും എന്ന നാടോടിക്കാറ്റിലെ പശുവിന്റെ പരുവത്തിൽ റഷ്യയായപ്പോൾ, റഷ്യൻ പ്രദേശമായിരുന്ന അലാസ്ക വരെ അമേരിക്കയ്ക്ക് വിറ്റ് സാറന്മാർ പുട്ടടിച്ചപ്പോൾ അനിവാര്യമായുണ്ടായ ജനരോഷമാണ് റഷ്യൻ വിപ്ലവമായി പരിണമിച്ചത്. ലെനിൻ ജനരോഷത്തിന്റെ ആ തീപ്പൊരിയെ ( ലെനിൻ ആരംഭിച്ച വിപ്ലവ പത്രത്തിന്റെ പേരും തീപ്പൊരി - ഇസ്ക്ര എന്നായിരുന്നു) വിപ്ലവമാകുന്ന ആഴിയാക്കി പെരുപ്പിച്ചു.1917-ൽ ഒക്ടോബർ വിപ്ലവത്തിൽ ട്രോട്സ്കിയുടെ നേതൃത്വത്തിലുള്ള ചെമ്പട സാർ ചക്രവർത്തിമാരുടെ വിൻ്റർ പാലസിലേക്ക് പീരങ്കി പായിച്ചുകൊണ്ട് ആ കിരാത ഭരണത്തിന് വിരാമമിട്ടു. ലെനിനു ശേഷം, ഉരുക്കുമനുഷ്യനായ സ്റ്റാലിന്റെ കാലത്ത് സമീപ രാജ്യങ്ങളിൽ ചിലതിനെ പ്രലോഭിപ്പിച്ചും ചിലതിനെ ആക്രമിച്ചും കൂട്ടത്തിൽ കൂട്ടി സോവ്യറ്റ് യൂണിയനാക്കി, ലോകത്തിലെ വൻ ശക്തിയായി.1991-ൽ ഗോർബച്ചോവിന്റെ ഗ്ലാസ്നസ്തും പരിസ്ട്രോയിക്കയും വന്നപ്പോൾ അംഗരാജ്യങ്ങളെല്ലാം സ്വാതന്ത്ര്യത്തിലേക്ക് പറന്നു പോയി. മൂഷികസ്ത്രീ വീണ്ടും മൂഷിക സത്രീയായി. ഇടയ്ക്ക് നഷ്ടപ്പെട്ട പ്രതാപ കാലങ്ങൾ മോസ്കോ ഇപ്പോൾ തിരിച്ചുപിടിക്കുകയാണ്.

നദികളുടെ സംസ്ഥാന സമ്മേളനമാണ് റഷ്യയിൽ. യൂറോപ്പിലെ ഏറ്റവും വലിയതും റഷ്യയുടെ ദേശീയ നദിയുമായ വോൾഗയാണ് കൊടി പിടിച്ച് മുന്നിൽ. പിന്നിൽ ഒരു ലക്ഷം നദികൾ അണികളായുണ്ട്. വോൾഗയുടെ



പോഷകനദിയായ മോസ്കോവയു ടെ തീരത്താണ് മോസ്കോ നഗരം. മോസ്കോവയെ വോൾഗയെന്ന് വിളിക്കുന്നവരുമുണ്ട്. മോസ്കോ ഒബ്ളാസ്റ്റസിലെ (പ്രൊവിൻസ്) പ്രധാനപ്പെട്ട സംഗതികളെല്ലാം ഈ നദിക്കരയിലാണ്.മോസ്കോവ യിലൂടെയുള്ള ഒരു ക്രൂയിസ് യാത്ര നഗര സന്ദർശനത്തിൽ ഒഴിച്ചുകൂടാ നാവാത്തതാണ്. ചരിത്രവും സംസ്കാരവും പാരമ്പര്യവും സൗകമാര്യവും ഗാംഭീര്യവും സമ്മേളിക്കുന്ന ഇവിടുത്തെ മഹാ നിർമ്മിതികളും ചത്വരങ്ങളും നഗരോദ്യാനങ്ങളും ഹേമന്തം ചാരുചിത്ര വേലകൾ ചെയ്ത മരങ്ങളും നിരവധി പാലങ്ങളും ഭംഗിയും വൃത്തിയുമുള്ള തെരുവുകളും കണ്ടുള്ള യാത്ര. മലയാളത്തിലെ ട്രാവൽ വ്ലോഗറും ഞാനിഷ്ടപ്പെടുന്ന സഞ്ചാര എഴുത്തുകാരനുമായ ബൈജു എൻ നായരും കേരളത്തിൽ നിന്ന് ഏറ്റവും കൂടുതൽ യാത്ര സംഘങ്ങളെ വിദൂരദേശങ്ങളിലേക്ക് നയിച്ചയാളും ബെന്നീസ് റോയൽ ടൂർസിന്റെ ഉടമസ്ഥനുമായ ബെന്നി പാനിക്കുളങ്ങരയും ഞങ്ങളോടൊപ്പമുള്ളതിനാൽ യാത്ര പലപ്പോഴും ലിഷർ ട്രിപ്പിൽ നിന്ന് മാറി സ്റ്റഡി ട്രിപ്പായി. ബൈജുവിന്റെ രണ്ടാം റഷ്യൻ പര്യടനമാണിത്. മുമ്പ് ഇന്ത്യയിൽ നിന്ന് നിരവധി ദിവസങ്ങൾ കാറോടിച്ചാണ് ഇവിടെത്തിയത്. സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച 'ലണ്ടനിലേക്ക് ഒരു റോഡ് യാത്ര' എന്ന പുസ്തകത്തിൽ ഈ യാത്രാനുഭവങ്ങളാണുള്ളത്.നല്ല ചരിത്ര ബോധവും കാര്യങ്ങൾ മനസിലാക്കാനുള്ള കഴിവും സരസമായി അനുഭവങ്ങളെ ആവിഷ്ക്കരിക്കാനുള്ള സാമർത്ഥ്യവും ഉള്ള ഈ എഴുത്തുകാരൻ എന്തുകൊണ്ടും എസ്.കെ പൊറ്റക്കാടിന്റെ പിൻഗാമിയാകാൻ യോഗ്യനാണ്. ബെന്നി പാനിക്കുളങ്ങരയെ കുറിച്ച് എന്റെ സഹയാത്രികനും സുഹൃത്തമായ ഷെല്ലി പറയുന്നത് 'നമ്മളെ ലോകം മുഴുവൻ കാണിച്ചേ അടങ്ങൂ എന്ന് ശപഥം ചെയ്ത മനസ്സാ അയാളുടേത്, ആർക്കും അതിൽ നിന്ന് അയാളെ തടയാനാവില്ല, നമ്മള് പാടുപെടും' എന്നാണ്.

റഷ്യൻ ബഹിരാകാശശാസ്ത്ര സ്മാരക മ്യൂസിയം ഒരു 'മാരക' മ്യൂസിയം തന്നെ.റഷ്യയെ ചെറുതാക്കാൻ നിരന്തരം ശ്രമിച്ചവർക്ക് റഷ്യ കൊടുത്ത മറുപടിയുടെ സ്മാരകം കൂടിയാണിതെന്ന് കിറിൾ. പുക തള്ളിക്കൊണ്ട് ആകാശത്തിലേക്കുയരുന്ന റോക്കറ്റിന്റെ ഭീമാകാരമായ ശില്പം ദൂരെ നിന്നേ കാണാം. 107 മീറ്റർ ഉയരവും 77 ഡിഗ്രി ചരിവുമുള്ള ആ സ്തൂപത്തിന്റെ അഗ്രത്തിലെ റോക്കറ്റ് ആകാശത്തിലേക്ക് ഉയർന്നു കൊണ്ടിരിക്കുന്നതായി തോന്നും. റഷ്യൻ ബഹിരാകാശ ശാസ്ത്രത്തിന്റെ പിതാവായി അറിയപ്പെടുന്ന കോൺസ്റ്റാൻ്റിൻ സിയോൾകോവ്സ്കിയുടെ ഇരിക്കുന്ന നിലയിലുള്ള ബൃഹത്തായ ശില്പത്തിന് പിന്നിലായാണ് റോക്കറ്റ് ശില്പം. പിന്നിലെ ഭിത്തിയിൽ 'അന്ധകാരത്തിൽ നിന്നും അവകാശമില്ലായ്മയിൽ നിന്നും മോചനം നേടിയ ഒരു ജനതയ്ക്കും ദേശത്തിനും ഭാവിയിലേക്ക് മുന്നേറാനുള്ള ജ്വലിക്കുന്ന ചിറകുകൾ' എന്നർത്ഥം വരുന്ന ഒരു റഷ്യൻ കവിത ആലേഖനം ചെയ്തിരിക്കുന്നു. ഈ ശില്പത്തിന്റെ അടിയിലാണ് പല നിലകളിലായി ചെറുതും വലുതുമായ എൺപത്തയ്യായിരത്തിലേറെ വസ്തുക്കൾ പ്രദർശിപ്പിച്ചിരിക്കുന്ന മ്യൂസിയം. ഇതൊരു അത്ഭുത



ലോകം തന്നെ. യൂറി ഗഗാറിൻ, വാലന്റിന ടെറഷ്കോവ തുടങ്ങിയ കോസ്മോനട്ടുകളാണ് ഇവിടുത്തെ സൂപ്പർസ്റ്റാറുകൾ. (ബഹിരാകാശ സഞ്ചാരികളെ റഷ്യയിൽ കോസ്മോനട്ട് എന്നും അമേരിക്കയിൽ ആസ്ട്രോനട്ട് എന്നും വിളിക്കുന്നു) ആദ്യ കൃത്രിമ ഉപഗ്രഹമായ സ്പട്നിക്, യൂറി ഗഗാറിൻ സഞ്ചരിച്ച വോസ്റ്റോക്ക്, മനുഷ്യനു മുമ്പ് ബഹിരാകാശത്തെത്തിയ നായകൾ, വിവിധ തരം റോക്കറ്റുകളുടേയും മിർ തുടങ്ങിയ ബഹിരാകാശ നിലയങ്ങളുടേയും മാതൃകകൾ ... ശാസ്ത്രാന്വേഷികൾക്ക് രോമാഞ്ചം തീർക്കുന്ന കാഴ്ചകൾ. ടൂറിസ്റ്റുകളേക്കാൾ അധികമായി, നോട്ട്ബുക്കുകളിൽ കുറിച്ചെടുത്ത് പഠിക്കുന്ന റഷ്യൻ കുട്ടികളുടെ ഗ്രൂപ്പുകളെയാണ് ഇവിടെ കണ്ടത്. സോവ്യറ്റ് കാലത്തെ ശാസ്ത്ര സാങ്കേതിക പുരോഗതിയുടെ നാഴിക കല്ലുകൾ ഒന്നൊന്നായി കാണുമ്പോൾ സ്വതവേ തുടുത്ത ആ മുഖങ്ങൾ അഭിമാനത്താൽ കൂടുതൽ പ്രകാശിക്കുന്നതായാണ് തോന്നിയത്.

മനുഷ്യനെ സേവിക്കുന്നില്ലെങ്കിൽ കലകൾക്കും ശാസ്ത്രത്തിനും ഒരു പ്രയോജനവുമില്ല' എന്നൊരു എഴുത്ത് എവിടെയായിരിക്കും നാം പ്രതീക്ഷിക്കുക. എന്തായാലും ഒരു തീവണ്ടി സ്റ്റേഷനിലായിരിക്കില്ല.



എന്നാൽ മോസ്കോ മെട്രോയുടെ ആപ്തവാക്യമാണിത്. സാങ്കേതിക വിദ്യകളും കലയും മാർക്സിയൻ ദർശനങ്ങളും സമ്മേളിക്കുന്ന അത്യുത്ഭുത സൃഷ്ടിയാണിത്. ലോകത്തിലെ ആദ്യകാല ഭൂഗർഭ മെട്രോ ആയ ലണ്ടനിലെ ട്യൂബ് നിർമിച്ചവരായിരുന്നു തുടക്കത്തിൽ ഇതിന്റെയും പണി നടത്തിപ്പുകാർ. നഗരരഹസ്യങ്ങൾ ചോർത്തുമെന്ന് ഭയപ്പെട്ട് സ്റ്റാലിൻ അവരെ പുറത്താക്കിയതായാണ് പറയപ്പെടുന്നത്. അവർ പറഞ്ഞു പരത്തിയത് മെട്രോയുടെ നാട്യത്തിൽ കമ്മ്യൂണിസ്റ്റുകാർ അമേരിക്കയിലേക്ക് കടലിനടിയിലൂടെ തുരങ്കം നിർമ്മിക്കുകയാണെന്നാണ്. മോസ്കോ മെട്രോ കാണുമ്പോൾ ഇതിനപ്പുറവും ഈ കമ്മ്യൂണിസ്റ്റുകൾക്ക് സാധിക്കുമെന്ന് നമുക്ക് തോന്നിപ്പോവും. പാവപ്പെട്ട വർക്കുള്ള കൊട്ടാരമായാണ് സ്റ്റാലിൻ ഇതിനെ വിശേഷിപ്പിച്ചത്. ഒരു കൊട്ടാരമല്ല പതാളത്തിലെ കൊട്ടാരസമുച്ചയമാണിത്. ഓരോ സ്റ്റേഷനുകളും ഒരോ അത്ഭുത കൊട്ടാരങ്ങൾ. 276 സ്റ്റേഷനുകൾ. 17 ലൈനുകളായി 412 കിലോമീറ്റർ നീളം. ഏറ്റവും താഴ്ചയിലുള്ള Park Pobedy എന്ന സ്റ്റേഷൻ 84 മീറ്റർ താഴ്ചയിലാണ്. അതായത് ഒരു 28 നില കെട്ടിടത്തിന്റെ ഉയരത്തോളം താഴ്ച.



അങ്ങോട്ടേക്കി റങ്ങാൻ 126 മീറ്റർ നീളമുള്ള എസ്കലേറ്റർ.1935-ൽ പ്ര വർത്തനം

തുടങ്ങിയതാണീ മെട്രോ . രണ്ടാം ലോകയുദ്ധകാലത്ത് ഹിറ്റ്ലറുടെ ബോംബാക്രമണങ്ങളെ ഭയന്ന് മോസ്കോക്കാർ ഇത് ഷെൽറ്ററുക ളാക്കിയത്രേ.റഷ്യൻ കവി മായ ക്കോവ്സ്കിയുടെ പേരിട്ടിരിക്കുന്ന മായക്കോവ്സ്കയാ എന്ന സ്റ്റേഷൻ സ്റ്റാലിന്റെ ഓഫീസായിരുന്നുവ ത്രേ. 1941-ലെ ഒക്ടോബർ വിപ്ലവ ദിനമായ നവംബർ 7-ന് സ്റ്റാലിൻ മോസ്കോ ജനാവലിയെ അഭിസം ബോധന ചെയ്തത് ഇവിടെ വെ ച്ചാണ്. സ്റ്റാലിനും ഇഷ്ടപ്പെട്ട കവി യായിരുന്നുവത്രേ മായകോവ്സ്കി. ആർച്ച് തൂണുകളും ഡിസൈനർ വിളക്കുകളും മാർബിൾ തറയുമൊ ക്കെയായി അത്യാകർഷകമാണ് ഈ സ്റ്റേഷൻ. ശാസ്ത്രം മനുഷ്യനന്മ യ്ക്ക് എന്ന ശാസ്ത്രസാഹിത്യ പരിഷ ത്തിന്റെ മുദ്രാവാക്യമാണ് ഈ സ്റ്റേ ഷനിൽ നിന്നിറങ്ങുമ്പോൾ എന്റെ മനസിലുണ്ടായിരുന്നത്.

മോസ്കോയുടെ ആത്മാവായാണ് ക്രെംലിനെ കരുതുന്നത്. ക്രെം ലിൻ എന്നാൽ നഗരത്തിനുള്ളിലെ കോട്ട എന്നർത്ഥം. ഇരുപത് വൻ ഗോപുരങ്ങളോടുകൂടിയ കോട്ടയും അതിനുള്ളിലെ നിരവധി നിർമ്മി തികളും ചേർന്നതാണ് ക്രെംലിൻ. തകർക്കൽ - പുനർനിർമ്മിക്കൽ, വീണ്ടും തകർക്കൽ - നിർമിക്കൽ ഇങ്ങനെയൊരു ചരിത്രം ക്രെംലി ന് ഉണ്ട്. അഞ്ച് കൊട്ടാരങ്ങൾ, നാല് കത്തീഡ്രലുകൾ, രണ്ട് പള്ളികൾ, മൂന്നാല് ടവറുകൾ, രണ്ട് ചത്വരങ്ങൾ ഒക്കെയാണ് ഇവിട ള്ളത്.1478 മുതൽ, ഇടയ്ക്ക് സെന്റ് പീറ്റേഴ്സ് ബർഗിലേക്ക് തലസ്ഥാനം മാറ്റിയ കുറേക്കാലം ഒഴിച്ചാൽ ഈ രാജ്യത്തിന്റെ ഭരണ സിരാ കേന്ദ്രമായിരുന്നിവിടം. കാതറിൻ സാറിന, ഐവാൻ ദ ടെറിബിൾ ഇവരൊക്കെയാണ് ക്രെംലിനെ ഇത്തരത്തിൽ പടുത്തുയർത്തിയത്. സാർ ചക്രവർത്തിമാരുടെ സ്വർണ്ണ പരുന്തുകളുടെ സ്ഥാനത്ത് വിപ്ല വാനന്തരം ചുവന്ന നക്ഷത്രങ്ങൾ സ്ഥാനം പിടിച്ചു എന്നു മാത്രം. രാജാക്കന്മാരുടെ ഔദ്യോഗിക വസതിയായിരുന്ന ഗ്രാൻഡ് ക്രെം ലിൻ പാലസ് ഇപ്പോൾ റഷ്യൻ പ്രസിഡന്റിന്റെ വസതിയാണ്.

ക്രെംലിനിലെ പ്രധാന കാഴ്ചകളി ലൊന്ന് സാർ ചക്രവർത്തിമാരുടെ ഭീമൻ പീരങ്കിയാണ്. അത് ഒരു കാലത്ത് ലോകത്തിലെ ഏറ്റവും വലിയ പീരങ്കി ആയിരുന്നത്രേ. പീരങ്കിയേക്കാൾ, ഈ യുദ്ധചി






ഹവും സാർ ചക്രവർത്തിമാരുടെ കിരീടധാരണ പള്ളിയും ഒറ്റ ഫ്രെയിമിൽ നിൽക്കുന്നതിന്റെ പ്രതിരൂപാത്മക ഭംഗിയാണ് എന്നെ കൂടുതൽ ആകർഷിച്ചത്. മതവും അധികാരവും എല്ലാ നാട്ടിലും കൂട്ടുകൃഷിയാണ് നടത്തിക്കൊണ്ടിരുന്നത്. റഷ്യയും വികസിത രാജ്യങ്ങളിൽ പലതും ചരിത്രത്തിൽ നിന്ന് പാഠങ്ങൾ പഠിച്ച് മതത്തെ കുപ്പയിലെറിഞ്ഞ് പുരോഗതിയുടെ രാജവിഥിയിലൂടെ കുതിക്കുമ്പോൾ ഇന്ത്യ പോലുള്ള അവികസിത രാജ്യങ്ങൾ മതം വലിക്കുന്ന കാളവണ്ടിയായി ഇഴയുന്നു. ഇവിടുത്തെ നൂറ്റാണ്ടുകൾ പഴക്കമുള്ള ഭീമൻമണിക്കും കഥകൾ പറയാനുണ്ടേറെ.റഷ്യയുടെ പ്രധാന അടയാളമായ ഉള്ളിയുടെ ആകൃതിയിൽ മകുടങ്ങളുള്ള സെൻറ് ബേസിൽ ചർച്ചിനേക്കാൾ ഞാൻ കാണാനാഗ്രഹിച്ചത് ലെനിൻ മുസോളിയമാണ്.സമീപകാലത്ത് മോസ്കോ സന്ദർശിച്ച മലയാള വ്ലോഗർ സുജിത്ത് ഭക്തൻ സാഡ് സീൻസ് അല്ല ആഹ്ലാദകരമായ കാഴ്ചകളാണ് സഞ്ചാരികൾ കാണേണ്ടത് എന്നഭിപ്രായപ്പെട്ട് ലെനിൻ മുസോളിയം കാണാതെ തിരിച്ചു നടക്കുന്നതു കണ്ടപ്പോൾ ശരിക്കും സങ്കടം തോന്നി; മലയാള സഞ്ചാരവിവരണങ്ങളുടെ ഇനിയത്തെ കാലത്തെ അവസ്ഥയോർത്ത്. ആത്മാർത്ഥമായി പറയട്ടെ, ഞാൻ ക്രെംലിനിൽ ഏറ്റവും ആഗ്രഹിച്ച കാഴ്ചയാണിത്. ഞങ്ങൾ ചെല്ലുന്നതിന്റെ തൊട്ടുതലേ ദിവസം അവിടെയൊരു അപകടം നടന്നതിനാൽ മുസോളിയം അടച്ചിരിക്കുന്നു. സന്ദർശകരെ അനുവദിക്കുന്നില്ല. ബൈജു എൻ നായർക്ക് ആദ്യ യാത്രയിലും ലെനിനെ കാണാൻ പറ്റിയില്ലത്രേ. അതു കൊണ്ട് 'ഇനിയൊരു വരവു കൂടി വരേണ്ടി വരും' എന്നു പറഞ്ഞ ബൈജുവിന് ഒപ്പമാണ് ഞാൻ.

തണുപ്പിനെ, പൊതികെട്ടി കാത്തിരിക്കുന്നവരാണ് റഷ്യക്കാർ എന്നൊരു പറച്ചിലുണ്ട്. തണുപ്പിനെ ആയുധമാക്കിയാണത്രേ വിജിഗീഷുവായ നെപ്പോളിയന്റെ പടയോട്ടത്തെ അവർ അതിജീവിച്ചത്. ലോകത്തിലെ ഏറ്റവും തണുപ്പുള്ള രാജ്യമാണിത്. റഷ്യയിലെ ശരാശരി വാർഷിക താപനില മൈനസ് 5.5 ഡിഗ്രിയാണ്. മോസ്കോയും തണുപ്പിന്റെ കാര്യത്തിൽ ഒട്ടും പിന്നിലല്ല. ഒക്ടോബർ അവസാനത്തെ ആഴ്ച ഞാനിവിടെ എത്തിയപ്പോൾ 8 ഡിഗ്രിയായിരുന്ന ശരാശരി താപനില. അഞ്ചാറു ദിവസത്തെ ആർട്ടിക് യാത്ര കഴിഞ്ഞ് വീണ്ടുമെത്തുമ്പോൾ 5 ഡിഗ്രിയായിരിക്കുന്നു. നവംബർ പകുതിയോടെ ശൈത്യകാലം ആരംഭിക്കും. വിന്റർ ഇവർ അടിച്ച് പൊളിക്കും. ട്രാമുകളിലും മോണോ ട്രെയിനിലും ഹോപ് ഓൺ ഹോപ് ഓഫിന്റെ നഗരക്കാഴ്ച ബസുകളിലും അപ്പോൾ നല്ല തിരക്കായിരിക്കും. ചൂട് സൂപ്പോ കാപ്പിയോ വോഡ്കയോ കുടിച്ച് മഞ്ഞു വീഴുന്നതും നോക്കി വെറുതെ ഇരിക്കും. കൂടുതൽ മഞ്ഞു വീഴുമ്പോൾ നഗരചത്വരങ്ങളും മൈതാനങ്ങളുമെല്ലാം സ്നോ സ്കേറ്റിംഗ് റിംഗുകളായി പരിണാമം പ്രാപിക്കും. പാർക്കുകളും ചെറിയ കുന്നിൻപുറങ്ങളുമൊക്കെ സ്കീയിംഗ് സ്ഥലങ്ങളുമാകുമത്രേ.

റഷ്യൻ സർക്കസ് ലോകമെമ്പാടും പ്രശസ്തമാണല്ലോ. മോസ്കോയിൽ ഇപ്പോഴും സ്ഥിരം സർക്കസ് കൂടാരങ്ങൾ നിരവധി ഉണ്ട്. ഒരിക്കലും പ്രതീക്ഷിക്കാത്തത്ര മനോഹര മായിരുന്നു ഞാനിവിടെ കണ്ട സർക്കസ്. റഷ്യക്കാരുടെ അഭ്യാസചാതുരിയെക്കുറിച്ച് അറിയാമായിരുന്നതിനാൽ അഭ്യാസമല്ല അവരുടെ ചിരിപ്പിക്കാനു ള്ള കഴിവാണ് എന്നെ ആകർഷിച്ചത്. റഷ്യക്കാർ ചിരിക്കില്ല എന്ന എന്റെ തെറ്റിദ്ധാരണയും മാറിക്കിട്ടി. ചിരിക്കാൻ ഒരു കാരണം കിട്ടാൻ നോക്കിയിരുന്ന വരെപ്പോലെയാണവർ ചിരിച്ചത്. ആ സർക്കസിലെ പ്രധാന കോമാളി അപാര സിദ്ധികളുള്ള ആളായിരുന്നു. ആധുനിക സാങ്കേതിക വിദ്യകളെ ഫലപ്രദമായി സർക്കസുകാർ ഉപയോഗിച്ചിരിക്കുന്നു. ഏഴ് മണിയുടെ ഷോയ്ക്ക് അല്പം വൈകിയെത്തിയത് ശരിക്കും നഷ്ടമായെന്ന് തോന്നിപ്പോയി.

മോസ്കോയെ കുറിച്ചുള്ള ചരിത്രത്തിലെ ആദ്യ റഫറൻസ് ഒരു ക്ഷണമാണ്. 1147-ൽ ഒരാൾ തന്റെ സ്നേഹിതനെ മോസ്കോയിലേക്ക് ക്ഷണിക്കുന്നു; 'മോസ്കോയിലേക്ക് വരൂ സഹോദരാ' എന്ന്. സോവ്യറ്റ് കാലത്തെ വിലക്കുകളെല്ലാം നീക്കി, നിഗൂഢതയുടെ മറകളെല്ലാം അഴിച്ച്, സാഹോദര്യത്തിന്റെ കരങ്ങൾനീട്ടി അവർ ലോകത്തെ ഇപ്പോൾ വിളിച്ചുകൊണ്ടിരിക്കുന്നു; മോസ്കോയിലേക്ക് വരൂ..

ഡോ. ഇന്ദുലാൽ ജി
സെന്റ് അലോഷ്യസ് കോളേജ്, എടത്വ

ശാസ്ത്രവിചാരം

# നിത്യജീവിതത്തിലെ ഗണിതസാന്നിദ്ധ്യം

തനിക്ക് ഏറ്റവും പ്രയാസമുള്ള വിഷയം ഗണിതമാണെന്ന് പലരും പറയാറുണ്ട്. എന്നാൽ ഗണിതം നിത്യജീവിതത്തിൽ നാമറിയാതെ നമ്മെ സഹായിച്ചുകൊണ്ടേയിരിക്കുന്നു. അത് മനസ്സിലാക്കിയാൽ ഏത് ഗണിതവിരോധിയും ഗണിതസ്നേഹിയാകുമെന്ന് തീർച്ച. അത്തരത്തിൽ ചില സഹായങ്ങൾ ഈ കുറിപ്പുവഴി പരിചയപ്പെടുത്തട്ടെ.

## ഫേസ്ബുക്ക്

എനിക്ക് ഫേസ്ബുക്കിൽ 164 ഫ്രണ്ട്സ് ഉണ്ട്. എന്നിട്ടും എന്റെ ടൈംലൈനിൽ വളരെക്കുറച്ച്, ഉദാഹരണത്തിന് X, Y, Z എന്നിവരുടെ അപ്ഡേറ്റുകളേ ഞാൻ കാണാറുള്ളൂ. മറ്റു കൂട്ടുകാർ ഫേസ്ബുക്കിൽ എന്തുചെയ്താലും എനിക്ക് അതിന്റെ നോട്ടിഫിക്കേഷൻ കിട്ടുന്നില്ല. അതെന്താ അങ്ങനെ എന്ന് അന്വേഷിച്ചപ്പോഴാണ് ഫേസ്ബുക്കിന് പിറകിലെ രഹസ്യം കുറച്ച് മനസ്സിലായത്. സാക്ഷാൽ ഗണിതമാണ് ഫേസ്ബുക്കിന് പിന്നിലെ ഈ മറ സൃഷ്ടിക്കുന്നത്.

അതെങ്ങനെയാണെന്നുള്ളത് നോക്കാം. രണ്ടുപേരേ രണ്ടു ബിന്ദുക്കളായി കരുതു. എന്നിട്ട് അവർ തമ്മിൽ സുഹൃത്തുക്കളാണെങ്കിൽ അവരെ ഒരു വരകൊണ്ട് യോജിപ്പിക്കു. ഇപ്പോൾ കിട്ടിയ ചിത്രത്തിനെ നാം ഗ്രാഫ് എന്ന് വിളിക്കുന്നു. ഇങ്ങനെ 10 സുഹൃത്തുക്കളുണ്ടെങ്കിലത്തെ ചിത്രം മനസ്സിലായല്ലോ അല്ലേ? പക്ഷേ എ യും ബിയും സിയും തമ്മിലുള്ള സൗഹൃദം പോലെ ദൃഢമായിരിക്കുമോ ബിയും സിയും തമ്മിലുള്ളത്? അല്ലെങ്കിൽ എയ്ക്ക് ബിയോടുള്ളതുപോലെ അടുപ്പം ബിയ്ക്ക് എയോട് കാണുമോ? ഫേസ്ബുക്കിലെ സൗഹൃദദൃഢത അളക്കപ്പെടുന്നത് ലൈക്കുകളുടെയും കമന്റുകളുടെയും എണ്ണത്തിൽ മാത്രമാണെന്ന് ഓർക്കുക. അതുകൊണ്ടാണല്ലോ ഇതുവരെ അറിയാത്തതും മിണ്ടിയിട്ടില്ലാത്തതുമായ അയൽവാസി പോലും ഫേസ്ബുക്കിൽ ക്ലോസ് ഫ്രണ്ടായിരിക്കുന്നത്.

അപ്പോൾ ഈ സുഹൃദ് ദൃഢതയെ (FQ-Friendship Quotient) ഗണിതപരമായി നിർവ്വചിക്കുകയാണ് ഫേസ്ബുക്ക് ചെയ്യുക. ഉദാഹരണത്തിന് എ ഒരാഴ്ചയിൽ ബിയ്ക്ക് 30 ലൈക്കും 20 കമന്റും നൽകി. തിരിച്ച് ബി എയ്ക്ക് 40 ലൈക്കും 10 കമന്റും. അങ്ങനെയാണെങ്കിൽ a-b like quotient 30/70 = 3/7

a - b comment quotient 20/30 = 2/3

അപ്പോൾ


a-b facebook quotient FQ = (3/7 + 2/3) /2=23/42=0.55

ഇതേപോലെ b-a FQ = 19/42 = 0.45

അപ്പോ FQ കുറഞ്ഞിരിക്കുന്ന ബന്ധങ്ങൾ സ്വാഭാവികമായും താല്പര്യമില്ലാത്തതെന്ന് ഫേസ്ബുക്കിന്റെ ഗണിതവൽക്കരണം മനസ്സിലാക്കുകയും നേരത്തെ പറഞ്ഞ വരയിൽക്കൂടെയുള്ള വിവരകൈമാറ്റത്തിനെ മന്ദീഭവിപ്പിക്കുകയും അങ്ങനെയുള്ളവരുടെ പോസ്റ്റുകൾ തമ്മിൽ കാണാൻ ഇടവരുത്താതിരിക്കുകയും ചെയ്യുന്നു.

ഏതെങ്കിലും ഒരു വശത്തെ FQ കൂടിയിരുന്നാൽ ആ ആളിന്റെ പോസ്റ്റുകൾ എഫ്ബി കൊണ്ടുവന്നു മുന്നിൽതരും. പക്ഷേ നാം അതിൽ ലൈക്കുകളോ കമന്റോ കൊടുക്കുന്നില്ലെങ്കിൽ FQ കുറഞ്ഞ് ആ friend നമ്മുടെ ടൈംലൈനിൽ നിന്ന് അപ്രത്യക്ഷനാകും.

ഗ്രാഫ് തിയറി എന്ന നവീനശാഖയുടെ, അതിൽത്തന്നെ ഫസിഗ്രാ




ഫ് തിയറി എന്ന ഭാഗത്തിന്റെയും നമ്പർ തിയറി, ഓപറേഷൻസ്, റിസേർച്ച്, സ്റ്റാറ്റിസ്റ്റിക്സ്, artificial intelligence എന്നിവയുടെയും വിസ്മയകരമായ ഇടപെടലുകളാണ് ഫേസ്ബുക്കിന്റെ പ്രായോഗിക ഉപയോഗ സൗകര്യത്തിന് പിന്നിൽ. ആബാലവൃദ്ധരുടെ biological extension ആയ സോഷ്യൽ നെറ്റ് വർക്കുകളിലെ ഗണിതസാന്നിദ്ധ്യം അതിഗംഭീരം തന്നെയെന്ന് ആരും സമ്മതിക്കും.

### വാഷിംഗ് മെഷീൻ

ഏറ്റവും നന്നായി വസ്ത്രമലക്കുന്നത് ആരെന്ന് ചോദിച്ചാൽ മനുഷ്യൻ എന്നതന്നെയാണുത്തരം. എന്തുകൊണ്ട് എന്ന ചോദിച്ചാലോ? മനുഷ്യന മാത്രമേ യുക്തിസഹമായി വസ്ത്രത്തിലെ അഴുക്കിനെ കണ്ടുമനസ്സിലാക്കി അതിന്റെ ഏറ്റക്കുറച്ചിലനുസരിച്ച് വസ്ത്രം വൃത്തിയാക്കിയെടുക്കാൻ സാധിക്കൂ. അതേപോലെ തന്നെയാണ് പാത്രം കഴുകലും മുറ്റത്തെ പുല്ല് ചെത്തലും അരയ്ക്കലും പൊടിയ്ക്കലും എല്ലാം. മനുഷ്യമസ്തിഷ്കത്തിലാണ് ഇതിന്റെ യുക്തിപരതയുടെ കേന്ദ്രം. എന്നാൽ ഈ ജോലികളൊക്കെ യന്ത്രങ്ങളെക്കൊണ്ട് ചെയ്യിക്കാനുള്ള ശ്രമങ്ങൾ ഇരുപതാം നൂറ്റാണ്ടിൽ സജീവമായി. ആ ശ്രമങ്ങളുടെ ഫലമെന്നോണം വീട്ടുപകരണരംഗം സാങ്കേതിവിദ്യകളുടെ കേന്ദ്രമാകുകയും ധാരാളം വീട്ടുപകരണ യന്ത്രങ്ങൾക്ക് 20-ാം നൂറ്റാണ്ടിന്റെ അവസാനം നാം നന്ദിപറയുകയും ചെയ്യുന്നു.

അലക്കുകല്ലിനെ വാഷിംഗ്മെഷീനും വിശറിയെ ഫാനും ഫാനിനെ എയർ കണ്ടീഷണറുകളും കാളവണ്ടിയെ അത്യന്താധുനിക കാറുകളും ഒക്കെ വിസ്മൃതിയിലേക്ക് സ്ഥലം മാറ്റി. യുക്തിസഹമായ തീരുമാനങ്ങളെടുക്കുന്ന യന്ത്രങ്ങൾ ആധുനിക ജീവിതസൗകര്യത്തിനായെത്തി. ഇവയുടെ ആവിർഭാവത്തിനു പിന്നിലെ :ശക്തമായ അടിത്തറ ഗണിതമാണെന്നറിയുമ്പോൾ അത്ഭുതം തോന്നുന്നുണ്ടോ?

വസ്ത്രത്തിലെ അഴുക്കിന്റെ അളവനുസരിച്ച് അലക്കിന്റെ സമയം ക്രമീകരിക്കുന്ന വാഷിംഗ് മെഷീനുകൾ, മുറിയിലെ താപനിലയ്ക്കനുസരിച്ച് സ്വയം ക്രമീകരിക്കുന്ന എയർ കണ്ടീഷണറുകൾ, പാത്രത്തിനെ വൃത്തിയാക്കുന്ന ഡിഷ് വാഷറുകൾ, രോഗിക്ക് വേണ്ട അളവിലും സമയത്തും മരുന്നും ഇൻജക്ഷനും കൊടുക്കുന്ന ബെഡ്ഡിനോട് ചേർന്ന് ഘടിപ്പിക്കുന്ന യന്ത്രസാമഗ്രികൾ, ശരീരതാപനിലയിൽ നിന്ന് വൈകാരികസ്ഥിതി മനസ്സിലാക്കി ഗാനം കേൾപ്പിക്കുന്ന ആധുനിക പാട്ടുപകരണങ്ങൾ, ഹോട്ടൽ മുറികളിൽ കാണുന്ന പുകസൂചികകൾ എന്ന സ്മോക്ക് ഡിറ്റക്റ്ററുകൾ എന്നിവയുടെയൊക്കെ പ്രവർത്തനാടിസ്ഥാനം അസ്പഷ്ടഗണിതം എന്ന ഫസിമാതമാറ്റിക്സ് ആണ്. അസ്പഷ്ടയുക്തി എന്ന ഫസിലോജിക്കിനെ അടിസ്ഥാനമാക്കിയാണ് ഇവയെല്ലാം പ്രവർത്തിക്കുക.

വാഷിംഗ് മെഷീനിലിടുന്ന വസ്ത്രത്തിലെ അഴുക്ക് എന്ന വേരിയബിളിനെ (ഓരോ വസ്ത്രത്തിലും മാറിക്കൊണ്ടിരിക്കുന്ന എന്ന അർ




ത്ഥത്തിൽ) 0 മുതൽ 10 വരെയുള്ള സംഖ്യകൾ കൊണ്ട് സൂചിപ്പിക്കുകയും ഓരോ നിലവാരത്തിലുള്ള വസ്ക്ക് വേണ്ട അലക്കുസമയവും സോപ്പിന്റെ അളവും ചൂടുവെള്ളത്തിന്റെ താപനിലയുമൊക്കെ ഫസിലോജിക് എന്ന ഗണിതസംവിധാനത്തിലൂടെ യന്ത്രത്തിന്റെ പ്രവർത്തനഭാഷയിലുൾചേർക്കുകയുമാണ് ചെയ്യുക. അഴുക്കിനെ വീണ്ടും വകതിരിച്ചാൽ അത് ഭക്ഷണാവശിഷ്ടത്തിലുള്ളതെന്നും ഗ്രീസ് മുതലായവയിൽ നിന്നുള്ളതെന്നും പലപല വേരിയബിളുകളാക്കി മാറ്റുകയും ഗണിതത്തിലെ മൾട്ടിവേരിയേറ്റ് ഫസിലോജിക്ക് ഉപയോഗിക്കുകയുമാണ് ചെയ്യുക. അതോടൊപ്പം സ്റ്റാറ്റിസ്റ്റിക്സിലെ സാധ്യതാ പ്രവചനങ്ങൾ (അഴുക്ക് സ്പോട്ട് ചെയ്യുന്നതിന്റെ സമീപ പ്രദേശങ്ങളിലെ അഴുക്കിന്റെ ചിതറലുകൾ മനസ്സിലാക്കാൻ) സെൻസർ എത്തുന്ന സ്ഥലങ്ങളിലെ അഴുക്കിന്റെ വ്യാപ്തിയിൽ നിന്നു മറ്റു സ്ഥലങ്ങളിലുള്ളവയെപ്പറ്റിയുള്ള പഠനത്തിനുള്ള ടോപ്പോളജിക്കൽ ഫസിലോജിക്ക്, ഭാഗിക കലനമെന്ന പാർഷ്യൽ ഡിഫറൻസിയേഷൻ എന്നീ ഗണിതസങ്കേതങ്ങളാണ് ഗാർഹികവും സുഖസമൃദ്ധപരവുമായ ജീവിതത്തിന് പിന്നിലെ ശാസ്ത്രാടിത്തറ ഒരുക്കുന്നത്.

ഇങ്ങനെ മാറ്റങ്ങൾക്ക് വിധേയമായ സങ്കീർണ്ണതകളെ ജനസൗകര്യത്തിനായി ഉപയോഗപ്പെടുത്തുന്നതിൽ ഗണിതം വഹിക്കുന്ന പങ്ക് നിസ്സാരമല്ല തന്നെ.

## ഫോട്ടോഗ്രാഫി

പണ്ടൊക്കെ സ്റ്റുഡിയോയിൽ ചെന്ന് ഒരു ഫോട്ടോ എടുത്താൽ എത്ര ദിവസം കാത്തിരുന്നാലാണ് അതൊന്ന് കൈയ്യിൽ കിട്ടുക? അക്കാലമൊക്കെ പോയി. ഇന്നിപ്പോൾ പടമെടുപ്പുരംഗം ഡിജിറ്റൽ ക്യാമറകൾ കൈയ്യടക്കി. ഫിലിമിന്റെ സാധ്യതകളിൽ നിന്ന് മെമ്മറി കാർഡുകളിൽ ഫോട്ടോ ആയി. ആവശ്യമായ സൗന്ദര്യവ്യതിയാനങ്ങൾ വരുത്തിയും പശ്ചാത്തലം മാറ്റിയും ഒക്കെ നിമിഷങ്ങൾക്കുള്ളിൽ ഫോട്ടോ റെഡി. ഇത്തരത്തിൽ ഫോട്ടോഗ്രഫി രംഗം വികസിക്കാൻ പ്രധാന കാരണം ഗണിതമാണെന്നറിയാമോ?

വളരെ ലളിതമായി മനസ്സിലാക്കാവുന്ന ഗണിതമാണ് ആധുനിക ചിത്രമെടുപ്പിന് പിന്നിൽ. ഏതു ദൃശ്യത്തിന്റെ ഫോട്ടോയാണോ എടുക്കേണ്ടത്, ആ ദൃശ്യത്തിനെ കുറുകെയും (horizontal) നെടുകെയും (vertical) ആയ ബിന്ദുക്കളുടെയോ ചതുരങ്ങളുടെയോ ഒരു പടലമാക്കുകയാണ് ക്യാമറയുടെ ശാസ്ത്രം ചെയ്യുന്നത്. എന്നിട്ട് അത്തരം ബിന്ദുക്കളിൽ നിന്ന് തെറിച്ചുവരുന്ന പ്രകാശത്തിന്റെ തെളിമയെ സംഖ്യകളാക്കി ഗണിതവൽക്കരിക്കുന്നു. 0നെ പരിപാർണ്ണ കറുപ്പായും 256 നെ പരിപൂർണ്ണ വെളുപ്പായും മനസ്സിലാക്കിയാൽ black and white ചിത്രങ്ങളെ 1 മുതൽ 255 വരെയുള്ള സംഖ്യകൾ കൊണ്ട് മേൽപറഞ്ഞ പടലമായി ഗണിതവൽക്കരിക്കാം. പിന്നീട് ഈ സംഖ്യകൾക്ക് തുല്യമായ മഷി ഇറ്റിച്ച് പ്രിന്റർ വഴി ചിത്രം നമ്മുടെ കൈയ്യിലെത്തുന്നു. കൂടുതൽ വ്യക്തതയ്ക്കും മിഴിവിനും നെടുകെയും കുറുകെയും ഉള്ള ബിന്ദുക്കളെ (pixel എന്ന് ശാസ്ത്രീയ നാമം) 256, 512, 1024, 2048 എന്നിങ്ങനെ വർദ്ധിപ്പിക്കാറുണ്ട്. പത്രത്തിൽ വരുന്ന ഫോട്ടോ വെള്ളെഴുത്ത് കണ്ണാടിയിലെ ലെൻസിന്റെ സഹായത്തോടെ നിരീക്ഷിച്ചാൽ തന്നെ ആ ചിത്രം മുൻപുപറഞ്ഞ ബിന്ദുക്കളുടെ (വിവിധ നിറത്തിലുള്ള ബിന്ദുക്കളുടെ) പടലമാണെന്ന് മനസ്സിലാകും.

ഇത്തരത്തിലെ ക്രമമായ പടലങ്ങളുടെ ഗണിതനാമം matrix എന്നാണ്. അടിസ്ഥാനപരമായി ഈ മട്രിക്സാണ് ഇത്തരം ചിത്രസങ്കേതങ്ങളുടെ ഗണിതാടിത്തറ. മട്രിക്സിന്റെ മറ്റ് ഗണിത സാധ്യതകൾ, ചിത്രങ്ങളുടെ മിഴിവിനും വ്യക്തതയ്ക്കുമായി ജോസഫ് ഫോറിയർ 1807ൽ കണ്ടുപിടിച്ച ഫൊറിയൽ ട്രാൻസ്ഫോം, 19-ാം നൂറ്റാണ്ടിലെ ഡിറിച്‌ലെറ്റിന്റെ ഗണിതസംഭാവനകൾ ഇവയൊക്കെയാണ് ആധുനിക വൈദ്യശാസ്ത്രരംഗത്തെ സ്കാനിംഗ് മെഷീനുകളുടെ പിന്നിലെ നിർണ്ണായക ഗണിതശക്തി. സാറ്റലൈറ്റ് ഫോട്ടോഗ്രഫി, ടെലിവിഷൻ, മറ്റ് ചിത്രപ്രസരണ സംവിധാനങ്ങൾ എന്നിവയ്ക്കൊക്കെയും പിന്നിൽ ഗണിതം പരിപൂർണ്ണ സഹായിയായി നിലകൊള്ളുന്നു. സി.ഡി., പെൻ ഡ്രൈവ്, കമ്പ്യൂട്ടർ എന്നിവയിലെ വിവരസൂക്ഷിപ്പും 1850കളിൽ ആർതർ കെയ്‌ലി

എന്ന മഹാഗണിതജ്ഞൻ സംഭാവന ചെയ്ത മടിക്സിന്റെ ആധുനിക ഉപയോഗങ്ങളിൽപെടുന്ന എന്നത് ഗണിതത്തിന് ആധുനിക സാമൂഹികജീവിതത്തിലെ സ്വാധീനവും മഹിമയും അരക്കിട്ടുറപ്പിക്കുമെന്ന് തീർച്ച.

## പൈതഗോറസ് സിദ്ധാന്തം

ഗണിതത്തിന്റെ പരമപ്രധാനമായ അടിസ്ഥാന പ്രമാണമായിരിക്കെത്തന്നെ, അതിന്റെ മഹിമയെപ്പറ്റി ധാരണയില്ലാത്തവരിൽ നിന്ന് ധാരാളം പരിഹാസത്തിനു പാത്രമായ ഗണിതവിസ്മയമാണ് പൈതഗോറസ് സിദ്ധാന്തം. ഗണിതത്തിനെ നിസ്സാരവൽക്കരിക്കുന്നവർ പുച്ഛിച്ചുതള്ളുന്ന ഗണിതത്തിലെ ഈ മഹിമയാലാണ്, പക്ഷേ ജീവിതം ആധുനികവൽക്കരിക്കപ്പെട്ടത്. പുതിയ ശാസ്ത്രമേഖലകൾ വികസിച്ചത്. പലരും പ്രത്യക്ഷത്തിൽ സമ്മതിക്കില്ലെങ്കിലും മറ്റെല്ലാ ശാസ്ത്രനേട്ടങ്ങളുടെയും ബീജാധാരമായി വർത്തിക്കുന്നത്.

പൈതഗോറസ് സിദ്ധാന്തത്തെ ഒരു മട്ടത്രികോണത്തിന്റെ രണ്ട് ലംബവശങ്ങളുടെ വർഗത്തിന്റെ തുക ചരിഞ്ഞവശത്തിന്റെ വർഗത്തിന് തുല്യമായിരിക്കും എന്ന കേവലപരതയിൽ മനസ്സിലാക്കുന്നതുകൊണ്ടാണ് അല്ലെങ്കിൽ മനസ്സിലാക്കാൻ ശ്രമിക്കുന്നതുകൊണ്ടാണ് നമുക്കതിനെ സ്നേഹിക്കാൻ കഴിയായ്ക. എന്നാൽ ജനനം മുതൽ മരണം വരെ നിശ്ശബ്ദ സാന്നിദ്ധ്യമായി ഈ സിദ്ധാന്തം ജൈവപരമായ തുടർച്ചയെന്നോണം നമ്മുടെ കൂടെയുണ്ടെന്നും അത് ആരുമറിയാതെ, നാമുമറിയാതെ അതിന്റെ അദൃശ്യകരങ്ങളാൽ നമുക്ക് പ്രയോജനം ചെയ്യുന്ന എന്നും മനസ്സിലാക്കിയാൽ പൈതഗോറസ് സിദ്ധാന്തത്തെ നാം സ്നേഹിക്കും.

ഈ സിദ്ധാന്തത്തിന്റെ പ്രായോഗികത ഏറ്റവും കൂടുതൽ വെളിവാകുന്നത് കെട്ടിടരൂപനിർമിതിയിലും അതിന്റെ നിർമാണത്തിലുമാണ്. രണ്ട് നേർരേഖകൾക്കിടയിലെ ചരിവുദൂരം കണക്കാക്കുക എന്നത് മേൽപറഞ്ഞ ജോലിയിലും തടിപ്പണി, വാഹനനിർമാണം എന്നി



വയിലും നേരിടുന്ന പ്രശ്നമാണ്. അവിടെ സഹായിയായെത്തുക പൈതഗോറസ് തിയറമോ അതിന്റെ മറ്റ് വകഭേദങ്ങളോ ആകും. (for mathematicians: some variants are sine laws and cosine laws)

പൈതഗോറസ് സിദ്ധാന്തം ദൂരക്കുറവുള്ള പാത കണ്ടുപിടിക്കാൻ ആധുനിക നാവിഗേഷൻ സങ്കേതങ്ങളിൽ ഉപയോഗിക്കുന്നു. ഉദാ: ഒരു സ്ഥലം കിഴക്കുനിന്ന് (x) മീറ്ററും തെക്കുനിന്ന് (y) മീറ്ററും അകലെയാണെങ്കിൽ നമ്മുടെ ആ സമയത്തെ ലൊക്കേഷനിൽ നിന്ന് അവിടേക്കുള്ള എളുപ്പവഴി കണ്ടുപിടിക്കാൻ പൈതഗോറസ് സിദ്ധാന്തം ഉപയോഗിക്കുന്നു. ഗണിതപരിഹാരം യഥാർത്ഥ വഴിയുമായി നീക്കുപോക്ക് നടത്തിയിട്ടാണ് സ്വീകരിക്കുക.

ചാർട്ടുകളും ഭൂപടങ്ങളും വരയ്ക്കുന്ന മേഖലയിലും ഈ സിദ്ധാന്തത്തിന് ചില യാഥാർത്ഥ്യതയോടുള്ള വഴങ്ങലോടെ പ്രയോഗസാധ്യതയുണ്ട്. ടെലിവിഷന്റെയും കമ്പ്യൂട്ടറുകളുടെയും സ്ക്രീൻ അളവ് 110 സെ.മീ., 14 ഇഞ്ച് എന്നൊക്കെ പറയുന്നത് അതിന്റെ വിരുദ്ധ മൂലകൾ തമ്മിലുള്ള അകലമായാണ്. കാഴ്ചയുടെ പരിപൂർണ്ണതയും ചിത്രങ്ങളുടെ വ്യക്തതയും ആവശ്യമായ ആ അളവുകണ്ടെത്തലും പൈതഗോറസ് സിദ്ധാന്തത്തിന്റെ പ്രായോഗികതകളിലൊന്നാണ്.

ടെന്നീസിന്റെ ചതുരക്കോർട്ടിൽ സേർവ്വ് ചെയ്യുന്ന പന്തിന്റെ സ്പീഡ്, ലൊക്കേഷൻ, ഭാഗിക വേഗം, വേറെ ഏതുരീതിയിൽ സെർവ്വ് ചെയ്തിരുന്നുവെങ്കിൽ എതിരാളിയെ പരാജയപ്പെടുത്താമായിരുന്നു എന്നിങ്ങനെയുള്ള കാര്യങ്ങൾ ശാസ്ത്രീയമായി പഠിക്കാൻ പൈതഗോറസ് സിദ്ധാന്തം ഉപയോഗിക്കുന്നു. ഇതേ ശാസ്ത്രീയതയാണ് പന്തുകൾ ഉപയോഗിച്ചുള്ള എല്ലാ കളികളുടെയും ഗണിതാടിസ്ഥാനം. അത്തരം ഗണിത ശാസ്ത്രീയതയെ അടിസ്ഥാനമാക്കിയാണ് ക്രിക്കറ്റ് ബാറ്റുകൾ, ടെന്നീസ് ബാറ്റുകൾ, ബോളുകൾ എന്നിവയുടെ നിർമാണവും.

ഇത്തരംസൂക്ഷ്മവിവരങ്ങൾ കൂടുതൽ പ്രചരിപ്പിക്കുന്നതിൽക്കൂടെ മാത്രമേ ഗണിതത്തിന്റെ മഹനീയത സാധാരണക്കാരെ മനസ്സിലാക്കിക്കാനും സാധിക്കൂ. ഗണിതസഹായമില്ലാതെ ജീവിതം സുഗമമല്ലെന്ന അറിവ് ഏത് ഗണിതസ്നേഹിയെയും പുളകംകൊള്ളിക്കുക തന്നെ ചെയ്യും. ഗണിതം വിസ്മയം തന്നെയല്ലേ?

Ref:

1. Froud, R., & Abel, G. (2014). Using ROC Curves to Choose Minimally Important Change Thresholds when Sensitivity and Specificity Are Valued Equally: The Forgotten Lesson of Pythagoras.

2. M P Lazarevic, (2008) – Mathematical Modelling and Simulation of a Washing Machine: A Robotic Approach.

3. J Keath, (2011) How Math Controls Social Media

4. L Passy( 2014) – Mathematics of Photography

**ഡോ. കെ. സാജൻ**
എൻ.എസ്.എസ്. ട്രെയിനിങ്ങ് കോളേജ്, ഒറ്റപ്പാലം

# റീഡിംഗ് മോഡും ഡാർക് മോഡും

ഇത്തവണ ഏതെങ്കിലും ഒരു പ്രത്യേക ആപ്ലിക്കേഷൻ അല്ല പരിചയപ്പെടുത്തുന്നത്. നമ്മുടെ മൊബൈൽ ഫോണിലും ലാപ്ടോപ്പിലും എല്ലാം പ്രയോജനപ്പെടുത്താവുന്ന രണ്ട് സംവിധാനങ്ങളെ കുറിച്ചാണ് അത്.

**റീഡിങ് മോഡ്**

ഇപ്പോൾ പുസ്തകങ്ങളിലോ മറ്റ് കടലാസുകളിലോ പ്രിൻറ് ചെയ്ത അക്ഷരങ്ങൾ വായിക്കുന്നതിൽ കൂടുതലും നമ്മൾ വായിക്കുന്നത് വാട്സാപ്പിലോ മൊബൈലിലെ പിഡിഎഫ് ഫയലിലോ ഉള്ള കാര്യങ്ങൾ ആയിരിക്കും. കൂടുതൽ സമയം അങ്ങനെ സ്ക്രീൻ നോക്കി വായിച്ചു കൊണ്ടിരിക്കുമ്പോൾ അപ്പോൾ ഒരുപക്ഷേ പക്ഷേ കടലാസുകൾ വായിക്കുന്നതിനേക്കാൾ കൂടുതൽ കണ്ണിന് ക്ഷീണം അനുഭവപ്പെടാം. അത് ലാപ്ടോപ്പിലെ വായന ആയാലും മൊബൈൽ ഫോണിലെ വായന ആയാലും ഒരുപോലെതന്നെ. പത്രങ്ങളിലോ, പുസ്തകങ്ങളിലോ, മറ്റു കടലാസുകളിലോ ഉള്ള കാര്യങ്ങൾ നമ്മൾ വായിക്കുമ്പോൾ പ്രകാശസ്രോതസ്സിൽ നിന്നുള്ള ഉള്ള പ്രകാശം പ്രതിഫലിക്കപ്പെട്ടാണ് നമ്മൾ വായിക്കുന്നത്. എന്നാൽ ടിവിയിലെ സ്ക്രീനിലും കമ്പ്യൂട്ടർ സ്ക്രീനിലും മൊബൈലിനെ സ്ക്രീനിലും പ്രകാശസ്രോതസിലേക്ക് തന്നെ നേരിട്ട് നോക്കുകയാണ് നമ്മൾ ചെയ്യുന്നത്. ആ ആ പ്രകാശ സ്രോതസ്സിൽ നിന്ന് വരുന്ന രശ്മികളെ അക്ഷരങ്ങൾ ആക്കിയോ ചിത്രങ്ങൾ ആക്കിയോ മാറ്റുന്ന പ്രവർത്തനമാണ് LED LCD തുടങ്ങിയ സ്ക്രീനുകൾ ചെയ്യുന്നത്.

പ്രകാശ സ്രോതസ്സിൽ നിന്നുള്ള രശ്മികൾ നേരിട്ട് കണ്ണിൽ പാലിക്കുന്നതിനാൽ പ്രകാശത്തിൻറെ തീവ്രതയും പ്രത്യേക നിറങ്ങളും ആളും കണ്ണിനെ ആയാസപ്പെടുത്തുന്നു.

ഇത്തരം ആയാസം കുറയ്ക്കുന്നതിന് കുറെ അധികം സംവിധാനങ്ങൾ മൊബൈൽ ഫോണിലും ലാപ്ടോപ്പിലും ലഭ്യമാണ്. അവയിലൊന്നാണ് റീഡിങ് മോഡ്.

അന്തരീക്ഷത്തിലെ പ്രകാശത്തിന് അനുസരിച്ച് സ്ക്രീനിനെ പ്രകാശം ക്രമപ്പെടുത്തുന്ന ഒരു രീതിയും ഇതിനോടനുബന്ധിച്ച് ലഭ്യമാണ്. ഇത് എങ്ങനെയാണ് പ്രവർത്തനക്ഷമമാക്കുക എന്ന് നോക്കാം :

ചില മൊബൈലുകളിൽ റീഡിങ് മോഡൽ എന്ന് അറിയപ്പെടുന്ന ഈ സംവിധാനം. മറ്റ് ഫോണുകളിൽ മറ്റു പല പേരുകളിൽ ആയിരിക്കും അറിയപ്പെടുന്നത്. പ്രകാശത്തിലെ നിറങ്ങളിൽ. ഏറ്റവും അപകടകരമായ നിറം ഏതാണെന്ന് ചോദിച്ചാൽ. മിക്കവാറും പേരും അപകടത്തെ സൂചിപ്പിക്കുന്ന ചുവന്ന നിറം ആണെന്ന് പറയും. പക്ഷേ ഇത് തെറ്റാണ്. മൈക്രോപുകളെ വരെ നശിപ്പിക്കാൻ ഉപയോഗിക്കുന്ന അൾട്രാവയലറ്റ് തരംഗത്തിന് അടുത്തുനിൽക്കുന്ന നിറമാണ് വയലറ്റ്. നീല തുടങ്ങിയവ. അവയ്ക്ക് കൂടുതൽ ഊർജ്ജം ഉൾക്കൊള്ളാൻ കഴിയും. അത്തരം രശ്മികൾ ആണ് കണ്ണിന് കൂടുതൽ ആയാസം നൽകുന്നത്. മൊബൈലിലെ സ്ക്രീൻ ഉൽപാദിപ്പിക്കുന്ന പ്രാഥമിക നിറങ്ങൾ ഇൽ ഒന്നാണ് നീല. അതുകൊണ്ടുതന്നെ നീല നിറത്തെ ഉല്പാദിപ്പിക്കുന്നത് കുറയ്ക്കുകയോ. നീല നിറത്തെ ഫിൽറ്റർ ചെയ്യുകയോ. ചെയ്തുകൊണ്ട് റീഡിങ് mode പ്രവർത്തനക്ഷമം




ആക്കാം. ടിവിയുടെ റിമോട്ട് ലും മറ്റും ഉപയോഗിക്കുന്ന ഇൻഫ്രാറെഡ് കിരണങ്ങൾ അത്രതന്നെ അപകടകരമല്ല. അതുപോലെതന്നെ അവയുയോട് ചേർന്നുനിൽക്കുന്ന ചുവന്ന നിറങ്ങളും നീല നിറത്തെ ഫിൽറ്റർ ചെയ്യുന്നതുകൊണ്ടു തന്നെ ഇതിന് ബ്ലൂ ലൈറ്റ് ഫിൽറ്റർ എന്നും പേരുണ്ട്.

ചില ഫോണുകളിൽ ബ്ലൂ ലൈറ്റ് ഫിൽറ്റർ എന്ന പേരിൽ ആയിരിക്കും ഈ സംവിധാനം അറിയപ്പെടുന്നത്. ഇത് ഓൺ ചെയ്തു കഴിഞ്ഞാൽ സ്ക്രീനിൽ ചെറിയ ഒരു മഞ്ഞനിറം അടിക്കുന്നത് പോലെ തോന്നാം.പക്ഷേ കുറച്ചു ദിവസത്തെ സ്ഥിര ഉപയോഗത്തിലൂടെ ഈ വ്യത്യാസം സത്യം തിരിച്ചറിയാൻ പറ്റാതെ ആവും .കണ്ണിനെ സംരക്ഷണം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഈ സംവിധാനം ഐ പ്രൊട്ടക്ഷൻ എന്ന പേരിലും ചില ഫോണുകളിൽ അറിയപ്പെടുന്നുണ്ട്. "വായിക്കുമ്പോൾ മാത്രമല്ല മൊബൈൽ ഉപയോഗിക്കുന്ന ഏതുസമയത്തും ഈ മോഡുകൾ ആക്ടിവേറ്റ് ചെയ്തു വെച്ചാൽ കണ്ണിനുള്ള ആയാസം അത്രകണ്ടു കുറയും.

## ഡാർക്ക് മോഡ്

മൊബൈൽ ലാപ്ടോപ്പ് എന്നിവയുടെ ഓപ്പറേറ്റിങ് സിസ്റ്റങ്ങളുടെ ഏറ്റവും പുതിയ പതിപ്പുകളിൽ കാണുന്ന ഒരു പ്രത്യേകത വിശേഷതയാണ് ഡാർക്ക് മോഡ് എന്നത്. കടലാസുകളിലും മറ്റും നമ്മൾ പ്രിൻറ് ചെയ്ത് വായിക്കുന്നത് ഏറ്റവും സുഖകരം ആവുക വെളുത്ത പ്രതലത്തിൽ കറുത്ത അക്ഷരങ്ങൾ പ്രിൻറ് ചെയ്തു വായിക്കുമ്പോഴാണ്. പക്ഷേ പ്രകാശസ്രോതസ്സ് നേരിട്ട് കണ്ണിൽ പതിക്കുന്ന സ്ക്രീനുകളിൽ വെളുത്ത പ്രതലം കൂടുതൽ പ്രകാശത്തെ കണ്ണിലേക്ക് എത്തിക്കുന്നു. അതിനാൽ തന്നെ കറുത്ത പ്രതലത്തിൽ വെളുത്ത അക്ഷരങ്ങൾ എന്ന രീതിയിൽ മൊബൈൽ ഫോണിൻറെ സ്ക്രീനിൽ വായിക്കാൻ കഴിഞ്ഞാൽ കണ്ണിൽ എത്തുന്ന പ്രകാശത്തിൻറെ അളവും അതിലൂടെ കണ്ണിന് അനുഭവപ്പെടുന്ന ആയാസവും കുറയ്ക്കാൻ സാധിക്കും. ഈ ഒരു സവിശേഷത പുതിയ മൊബൈൽ ഫോൺ ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളിലും പുതിയ ലാപ്ടോപ്പ് ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളിലും ലഭ്യമാണ്.

നമ്മൾ കൂടുതലായി നോക്കിയിരിക്കുന്ന പ്രതലങ്ങൾ എല്ലാം കറുത്ത പ്രതലത്തിൽ വെളുത്ത അക്ഷരങ്ങളും നിറങ്ങളും എന്ന രീതിയിൽ ക്രമീകരിക്കുകയാണ് ഡാർക്ക് മോഡ് ചെയ്യുന്നത്. ഫെയ്സ്ബുക്ക്, ഇൻസ്റ്റാഗ്രാം, വാട്സപ്പ്, ടെലഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയ അപ്ലിക്കേഷനുകൾ എല്ലാം തന്നെ ഇപ്പോൾ ഈ മോഡുകളിൽ ലഭ്യമാണ്. മൊബൈൽ ഫോണിലെ കോണ്ടാക്ടുകൾ സെറ്റിംഗുകൾ ഇ മെയിൽ ഇൻബോക്സ് എന്നിവയെല്ലാം തന്നെ ഈ രീതിയിൽ ക്രമീകരിക്കാൻ സാധിക്കും. മൊബൈൽ ഫോണിലെ സിസ്റ്റം വൈഡ് ആയി തന്നെ ഡാർക്ക് മോഡ് ആക്ടിവേറ്റ് ചെയ്യാവുന്നതാണ്. കമ്പ്യൂട്ടറുകളിലും ലാപ്ടോപ്പുകളിലും സ്റ്റാർട്ട് ബട്ടണിൽ ഡാർക്ക് മോഡ് എന്ന് സെർച്ച് ചെയ്തു ഈ സെറ്റിംഗ് ഉണ്ടോ എന്ന് പരിശോധിച്ച് അത് ആക്ടിവേറ്റ് ചെയ്യാവുന്നതാണ്.

# വിവിധ സർക്കാർ ഉത്തരവുകൾ

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുമായി (MEDISEP) ബന്ധപ്പെട്ടത്തി ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച പരിപത്രം.

എസ് എൽ ഐ പോളിസിയുടെ പ്രതിമാസ പ്രീമിയം വർധിപ്പിച്ചു കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ്.


Junior- Senior Anomaly among the teachers in Aided Colleges.

യുജിസി എഐസിറ്റിഇ സ്കീമിന് കീഴിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ മുൻ നിയമനത്തിലെ ശമ്പള സംരക്ഷണത്തിന് അർഹതയില്ല എന്ന ഉത്തരവ് മരവിപ്പിച്ചു കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ്.

ഗ്രൂപ്പ് ഇൻഷുറൻസ് സ്കീമിന്റെ പ്രതിമാസ പ്രീമിയം വർധിപ്പിച്ചു കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ്.

നിയമന സമയത്ത് ബോണ്ട് സമർപ്പിക്കാത്ത അതിഥി അധ്യാപകർക്ക് ശമ്പളം നൽകുന്നതിന് അനുമതി നൽകികൊണ്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവ്

യുജിസി എഐസിറ്റിഇ പേ റിവിഷൻ അരിയർ ബിൽ നോൺ സ്പാർക്ക് ബില്ലായി സമർപ്പിക്കാനുള്ള അനുമതി



ആലുവ യു സി കോളജ് ശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് പുസ്തക പരമ്പരയിൽ ഡോ വി പി മാർക്കോസ് എഡിറ്റ് ചെയ്ത "കുറ്റിപ്പുഴ കൃഷ്ണപ്പിള്ള - ദർശനവും വിമർശനവും" എന്ന പുസ്തകത്തിന്റെ ആദ്യപ്രതി ബഹു. കേരള നിയമസഭാ സ്പീക്കർ ശ്രീ. എം.ബി. രാജേഷിന് കൈമാറുന്നു.



## അഭിനന്ദനങ്ങൾ!

തിരുവനന്തപുരം എം.ജി കോളേജ് കൗൺസിൽ സെക്രട്ടറിയായി സോഷ്യോളജി വിഭാഗം അസി:പ്രൊഫസർ എൻ.കെ.സുനിൽകുമാർ തിരഞ്ഞെടുക്കപ്പെട്ടു.

എ.കെ.പി.സി.ടി.എ തിരുവനന്തപുരം ജില്ലാ ജോയിന്റ് സെക്രട്ടറിയും സംസ്ഥാന കൗൺസിൽ അംഗവും ജേർണൽ എഡിറ്റോറിയൽ ബോർഡ് അംഗവുമാണ്.

## പഠന ക്ലാസ്സ്

കെ.എസ്.എം സി.ബി കോളേജ് ശാസ്താംകോട്ട ബ്രാഞ്ചിന്റെ നേതൃത്വത്തിൽ സംഘടന, സർവ്വീസ് എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി നടത്തിയ ഓൺലൈൻ പഠന ക്ലാസ്സ് എ.കെ.പി.സി.ടി.എ സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. നിഷ.വി ഉദ്ഘാടനം ചെയ്തു. കേരള സർവകലാശാല സിൻഡിക്കേറ്റ് അംഗം ഡോ. എം. വിജയൻ പിള്ള മുഖ്യ പ്രഭാഷണവും, സർവ്വീസ് വിഷയ അവതരണം ജില്ലാ സെക്രട്ടറി ശ്രീ. റോയ് ജോണും നടത്തി. സർവ്വീസ് സെൽ കൺവീനർ ഡോ. ഹരി. ബി, ജില്ലാ വൈസ് പ്രസിഡന്റ് ഡോ. ജയശ്രീ. വി എന്നിവർ അഭിവാദ്യങ്ങൾ അർപ്പിച്ചു. ബ്രാഞ്ച് പ്രസിഡന്റ് ഡോ. ഗീതാ കൃഷ്ണൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് സെക്രട്ടറി ഡോ. പ്രദീപ് കുമാർ സ്വാഗതവും, ട്രഷറർ രാഗി ആർ.വി. നന്ദിയും പറഞ്ഞു .



## ആദരാഞ്ജലികൾ

**വിമല അന്ന ജേക്കബ്**

ഇംഗ്ലീഷ് വിഭാഗം മേധാവി
സെന്റ് മേരീസ് കോളേജ്,
മണർകാട്

KERALA PRIVATE COLLEGE TEACHER

R.No. 36025/81 No.292

ISSN 2454-4795
Rs.11/-NOVEMBER - 2021




*Revolutionary Greetings*

# THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION

Printed and Published by Dr. C. Padmanabhan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494, Fax: 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
**Editor : Dr. A.S. Sumesh**